بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാള്യം 4

ലക്കം 48

# ബദർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2019 നവംബർ 28/ഹി:ശം:1398 നുബുവ്വത്ത് 28/ഹി:ഖ: 1441 റബീഉൽ അവ്വൽ 30


## അല്ലാഹുവിന്റെ വചനം

وَلَئِنۡ قُتِلۡتُمۡ فِیۡ سَبِیۡلِ اللّٰہِ اَوۡ مُتُّمۡ لَمَغۡفِرَۃٌ مِّنَ اللّٰہِ وَرَحۡمَۃٌ خَیۡرٌ مِّمَّا یَجۡمَعُوۡنَ ○ وَلَئِنۡ مُّتُّمۡ اَوۡ قُتِلۡتُمۡ لَاِالَی اللّٰہِ تُحۡشَرُوۡنَ ○ (آل عمران:158، 159)

'നിങ്ങൾ അല്ലാഹുവിന്റെ മാർഗത്തിൽ വധിക്കപ്പെടുകയോ മരണപ്പെടുകയോ ചെയ്യുകയാണെങ്കിൽ അല്ലാഹുവിൽനിന്ന് ലഭിക്കുന്ന പാപപൊറുതിയും കാരുണ്യവും അവർ സംഭരിച്ചുകൊണ്ടിരിക്കുന്നതിനെക്കാൾ ഏറ്റവും ഉത്തമമായതു തന്നെയാണ്. നിങ്ങൾ മരണപ്പെടുകയോ വധിക്കപ്പെടുകയോ ചെയ്യുന്നതായാൽ അല്ലാഹുവിലേക്കുതന്നെയാണ് നിങ്ങൾ ഒരുമിച്ചു കൂട്ടപ്പെടുന്നത്.' (3:158–159)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**ദോഷപ്രവണമായ ആത്മാവിന്റെ (നഫ്സ് അമ്മാറ)അവസ്ഥയിൽ മനുഷ്യൻ ശയ്ത്വാന്റെ അടിമയായിത്തീരുന്നു. ലവ്വാമ എന്ന ആത്മാവിന്റെ അവസ്ഥയിൽ അവന് ശയ്ത്വാനുമായി യുദ്ധം ചെയ്യേണ്ടതായിവരുന്നു. എന്നാൽ, മുത്മഇന്നയുടെ അവസ്ഥയിൽ ഒരു സമാധാനത്തിന്റേയും സൗഖ്യത്തിന്റേയും അവസ്ഥ ഉണ്ടാകുന്നു. അവൻ സമാധാനപരമായി ഇരിക്കുന്നു.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

### ലോകത്ത് ഫലമില്ലാത്ത ഒരു വസ്തുവുമില്ല

"എല്ലാ കാര്യങ്ങളിലും നേട്ടമുണ്ടെന്ന കാര്യവും നല്ലവണ്ണം ഓർമവയ്ക്കേണ്ടതാണ്. നിങ്ങൾ ലോകത്ത് നോക്കുക, ഉന്നതതരത്തിലുള്ള ചെടികൾ മുതൽ കീടങ്ങളും എലികളും വരെയുള്ള ഒരു വസ്തുവും മനുഷ്യന് നേട്ടവും ഫലപ്രദവുമായിട്ടില്ലാതെയില്ല. ഈ എല്ലാ വസ്തുക്കളും അത് ഭൗമികമാകട്ടെ വാനപരമാകട്ടെ അല്ലാഹുവിന്റെവിശേഷഗുണങ്ങളുടെ ഛായകളും അടയാളങ്ങളുമാണ്. വിശേഷഗുണങ്ങളിൽ നേട്ടം തന്നെയാകുമ്പോൾ പറയുക, സത്തയിൽ എത്രത്തോളം നേട്ടവും ലാഭവുമായിരിക്കും ഉണ്ടാകുക. ഇവിടെ ഇക്കാര്യം ഓർമവയ്ക്കേണ്ടതാണ്. ഈ വസ്തുക്കളിൽനിന്ന് നമ്മൾ ഏതെങ്കിലും നേരത്ത് നഷ്ടം സഹിക്കുന്നുവെങ്കിൽ നമ്മുടെ തെറ്റും അറിവില്ലായ്മയും കാരണത്താലായിരിക്കും. അല്ലാതെ യഥാർഥത്തിൽ ആ വസ്തുക്കളിൽ ദ്രോഹം മാത്രമേ ഉള്ളൂവെന്നതു കൊണ്ടല്ല; പ്രത്യുത നമ്മുടെ തെറ്റും കുറ്റവും കൊണ്ടാണ്. ഇപ്രകാരംതന്നെ നമ്മൾക്ക് അല്ലാഹുവിന്റെ ചില വിശേഷഗുണങ്ങളുടെ അറിവില്ലാത്ത കാരണത്താൽ ബുദ്ധിമുട്ടുകളിലും വിപത്തുകളിലും അകപ്പെട്ടുപോകുന്നു; അല്ലാഹു എപ്പോഴും കരുണയും ദയയും തന്നെയാണ്. ലോകത്ത് ബുദ്ധിമുട്ട് സഹിക്കേണ്ടിവരുന്നതിന്റേയും വിഷമം ഏറ്റുവാങ്ങേണ്ടിവരുന്നതിന്റേയും രഹസ്യം നമ്മൾ, കൈകൊണ്ടും നമ്മുടെ ബുദ്ധിശൂന്യതകൊണ്ടും അറിവില്ലായ്മകൊണ്ടും വിപത്തുകളിൽ അകപ്പെടുന്നു എന്നതാണ്. അതിനാൽ ഈ വിശേഷപരമായ കണ്ണിന്റെതന്നെ സുഷിരത്തിലൂടെയാണ് നമ്മൾ അല്ലാഹുവിനെ കരുണാമയനും ദയാലുവും പരിധിയിലധികം നിഗമനത്തിൽനിന്ന് പുറത്ത് ഫലം ചെയ്യുന്ന അസ്തിത്വവുമായി കാണുന്നത്. ഈ ഫലങ്ങളെക്കാൾ അധികം ഭാഗ്യവാൻ അവനോടു അധികം അടുത്തും സമീപത്തുമായി പോകുന്നവനാണ്. ഈ പദവി കിട്ടുന്നത് 'മുത്തഖി' എന്ന് പറയുന്നവർക്കാണ്. അവർ അല്ലാഹുവിന്റെ സമീപത്ത് സ്ഥലം കാണുന്നു. 'മുത്തഖി' അല്ലാഹുവിന്റെ സമീപത്ത് അടുത്തുകൊണ്ടിരിക്കുന്തോറും ഒരു സന്മാർഗപ്രകാശം അവന് ലഭിക്കുന്നു. അത് അവന്റെ അറിവുകളിലും ബുദ്ധിയിലും ഒരു പ്രത്യേകതരത്തിലുള്ള വെളിച്ചമുണ്ടാക്കുന്നു. അവൻ അകന്നുകൊണ്ടിരിക്കുന്തോറും നാശകരമായ ഒരു ഇരുട്ട് അവന്റെ മനസ്സിലും ബുദ്ധിയിലും ആധിപത്യം സ്ഥാപിക്കുന്നു. എത്രത്തോളമെന്നാൽ അവസാനം *സുമ്മുൻ ബുക്മുൻ ഉംയുൻ ഫഹും ലാ യർജിഊൻ*(2:19) ന്റെ പ്രതീകമായി നിന്ദ്യതയുടേയും നാശത്തിന്റേയും പാത്രമായിത്തീരുന്നു. എന്നാൽ, ഇതിന്നെതിരിൽ പ്രകാശവും വെളിച്ചവുംകൊണ്ട് സൗഭാഗ്യനായ മനുഷ്യൻ ഉന്നത പദവിയിലുള്ള സൗഖ്യവും ആദരവും പ്രാപിക്കുന്നു. അല്ലാഹു പറയുന്നു; *യാ അയ്യത്തുഹന്നഫ്സുൽ മുത്മഇന്നഃ ഇർജിയീ ഇലാ റബ്ബിക്കി റാളിയത്തൻമ്മർളിയ്യഃ* (89:28–29) അതായത് അല്ലയോ ശാന്തിപ്രാപിച്ച ആത്മാവേ! പിന്നീട് ഈ ശാന്തി അല്ലാഹുവിനോടൊപ്പം പ്രാപിച്ചു. ചിലയാളുകൾ സർക്കാരിൽനിന്ന് ബാഹ്യമായി ശാന്തിയും സന്തോഷവും കരസ്ഥമാക്കാറുണ്ട്. ചിലരുടെ സമാധാനത്തിന്റേയും സന്തോഷത്തിന്റേയും നിമിത്തം അവരുടെ ധനവും ആദരവുമായിത്തീരുന്നു. ചിലർ തങ്ങളുടെ സുന്ദരരും സമർഥരുമായ മക്കളേയും പേരക്കുട്ടികളേയും കണ്ട് കണ്ട് ബാഹ്യമായി ശാന്തിപ്രാപിച്ചവരെന്ന് പറയപ്പെടുന്നു. എന്നാൽ, ഈ രുചിയ്ക്കും പലതരത്തിലുള്ള ദുൻയാവിലെ രുചികൾക്കും മനുഷ്യന് സത്യമായ ശാന്തിയും സത്യമായ തൃപ്തിയും നല്കാൻ സാധിക്കുകയില്ല. എന്നല്ല, ഒരുതരത്തിലുള്ള അവിശുദ്ധമായ ദ്രോഹമുണ്ടാക്കി ആഗ്രഹത്തേയും ദാഹത്തേയും ഉണ്ടാക്കുകയാണ്. 'ഇസ്തിസ്ഖാ' രോഗിയെ പോലെ അവരുടെ ദാഹം ഒരിക്കലും ശമിക്കുകയില്ല. അവസാനം അവരെ നശിപ്പിക്കുന്നു. എന്നാൽ, ഇവിടെ അല്ലാഹു പറയുന്നത് അല്ലാഹുവിൽനിന്ന് ശാന്തി കരസ്ഥമാക്കിയ ആത്മാവ് എന്നാണ്. ഈ പദവി മനുഷ്യന് കരസ്ഥമാകുക എന്നത് സംഭാവ്യമാണ്. ആ നേരത്ത് അവന്റെ സന്തോഷാവസ്ഥ ഭൗതികമായ ധനവും സമ്പത്തും ഉണ്ടായിട്ടും ഭൗതികമായ പ്രതാപവും അന്തസ്സും കീർത്തിയും ഉണ്ടായിട്ടും ദൈവത്തിൽതന്നെയായിരിക്കും. ഈ ആഭരണങ്ങളും മുത്തുകളും ഈ ലോകവും ഇതിലെ ജീവിതവ്യത്തികളും അവന്റെ സത്യമായ സൗഖ്യത്തിന് നിമിത്തമാകുകയില്ല. അതിനാൽ മനുഷ്യൻ അല്ലാഹുവിൽതന്നെ സൗഖ്യവും ശാന്തിയും പ്രാപിക്കാത്തിടത്തോളം മോക്ഷം പ്രാപിക്കുകയില്ല. കാരണം മോക്ഷം ശാന്തിയുടെതന്നെ പകരമുള്ള ഒരു പദമാണ്.

### ശാന്തി പ്രാപിച്ച ആത്മാവാകാതെ മനുഷ്യൻ മോക്ഷം പ്രാപിക്കുകയില്ല

ഞാൻ ചിലരെ കണ്ടിട്ടുണ്ട്. ഈ ലോകത്തിലെ ധനവും സമ്പത്തും ഭൗതികമായ വ്യാജരുചികളും എല്ലാതരം അനുഗ്രഹങ്ങളും കുട്ടികളും പേരക്കുട്ടികളുമെല്ലാമുള്ള മിക്കവരുടേയും അവസ്ഥകൾ വായിച്ചിട്ടുമുണ്ട്. അവർ മരിക്കാൻ പോകുമ്പോൾ, അവർക്ക് ഈ ലോകം വിടുന്നുവെന്നറിവുണ്ടാകുമ്പോൾ അവരിൽ ദുഃഖങ്ങളുടേയും സഫലമാകാത്ത ആഗ്രഹങ്ങളുടേയും അഗ്നി ജ്വലിച്ചുയരുകയും മെല്ലെ ദീർഘശ്വാസം വിടുകയും ചെയ്യുന്നു. ഇതും ഒരുതരത്തിലുള്ള നരകമാണ്. അതിന് മനുഷ്യന്റെ മനസ്സിന് സൗഖ്യവും സന്തോഷവും നല്കാൻ കഴിയുകയില്ല. പ്രത്യുത അവനെ പരിഭ്രമത്തിന്റേയും ഗതികേടിന്റേയും ലോകത്തേക്ക് തള്ളിയിടുന്നു. അതുകൊണ്ട് ഇക്കാര്യവും എന്റെ സ്നേഹിതന്മാരുടെ ദൃഷ്ടിയിൽനിന്ന് മറഞ്ഞിരിക്കരുത്. അതായത് മിക്ക സമയങ്ങളിലും മനുഷ്യൻ കുടുംബാദികളേയും സമ്പത്തുകളേയും സ്നേഹിച്ച് അനുവദനീയമല്ലാത്തതും അനാവശ്യവുമായ സ്നേഹത്തിൽ എങ്ങനെ ലയിക്കുന്നുവെന്നാൽ, മിക്ക സമയങ്ങളിലും അതേ സ്നേഹാവേശത്തിലും ലഹരിയിലും എങ്ങനെയുള്ള അനുവദനീയമല്ലാത്ത പ്രവൃത്തികൾ ചെയ്തുകഴിക്കുന്നുവെന്നാൽ അത് അവന്റേയും അല്ലാഹുവിന്റേയും ഇടയിൽ ഒരു മറയുണ്ടാക്കി കളയുന്നു; അവനുവേണ്ടി ഒരു നരകം തയ്യാറാക്കിക്കൊടുക്കുന്നു. അവൻ അതെല്ലാം വെവ്വേറെ ചെയ്യുമ്പോൾ അക്കാര്യത്തെക്കുറിച്ച് അവന് അറിവുണ്ടാകുകയില്ല. ആ നിമിഷത്തെക്കുറിച്ചും അവന് വിവരമുണ്ടാകുകയില്ല. അപ്പോൾ അവൻ ഒരു കഠിനമായ അസ്വസ്ഥതയിൽ അകപ്പെട്ടുപോകുന്നു. ഇക്കാര്യം വളരെ എളുപ്പത്തിൽ മനസ്സിലാക്കാൻ സാധിക്കും; ഏതെങ്കിലും വസ്തുവിനോടു സ്നേഹമുണ്ടാകുമ്പോൾ, അതിൽനിന്നുള്ള വിയോഗത്തിലും വേർപാടിലും ഒരു വിഷമവും വേദനാജനകമായ ദുഃഖവും ഉണ്ടാകുന്നു. ഈ പ്രശ്നം ഇപ്പോൾ മറ്റുള്ളവർ പറയുന്നതു

(ശേഷം പേജ് 8ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദർ ബോർഡ്,ഖാദിയാൻ

# വിശുദ്ധഖുർആൻ

**ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)**
**(വാഗ്ദത്ത മഹ്ദീ മസീഹ്)**

(റിവ്യു ഓഫ് റിലീജ്യൺസ് എന്ന ഇംഗ്ലീഷ് മാസികയുടെ 2019 ഒക്ടോബർ ലക്കത്തിൽ പ്രസിദ്ധീകരിച്ച ലേഖനത്തിന്റെ പരിഭാഷ. വിവർത്തകൻ: കെ.വി. ഹസ്സൻകോയ കോഴിക്കോട്)

**(കഴിഞ്ഞ ലക്കത്തിൽ നിന്നുള്ള തുടർച്ച)**

ദൃഢതയ്ക്ക് മാത്രമേ മറ്റൊരു ദൃഢതയിൽനിന്ന് മോചിപ്പിക്കാൻ സാധിക്കൂ. ഉദാഹരണമായി ഒരു വനത്തിൽ നിരവധി മാനുകളുണ്ടെന്നു നമുക്ക് നിശ്ചയമുണ്ട്. ആ നിശ്ചയം കാരണം നാം ആ ഉദ്ദേശ്യാർഥം കാട്ടിൽ പോകാൻ പ്രേരിപ്പിക്കപ്പെടുന്നു. എന്നാൽ, അമ്പതോളം സിംഹങ്ങൾ ആ കാട്ടിലുണ്ടെന്നും ആയിരക്കണക്കിന് രക്തദാഹികളായ പെരുമ്പാമ്പുകളുണ്ടെന്നും നമുക്ക് നിശ്ചയമുണ്ടെങ്കിൽ ഒരു ശ്രമം നടത്തുന്നതിൽനിന്ന് നാം പിന്തിരിപ്പിക്കപ്പെടും. ഇത്രത്തോളം ദൃഢതയില്ലാതെ പാപം ഒഴിവാക്കാൻ സാധ്യമല്ല. ഇരുമ്പിനു മാത്രമേ ഇരുമ്പ് പൊടിക്കാൻ സാധ്യമാവൂ. ദൈവമഹത്വത്തിന്റെ, ദൈവഭയത്തിന്റെ ദൃഢതയ്ക്കു മാത്രമേ അശ്രദ്ധയുടെ തിരശ്ശീലകളെ കീറാൻ കഴിയുകയുള്ളൂ. അത് ശരീരത്തെ വിറകൊള്ളിക്കും. അത് മരണത്തെ സമീപസ്ഥമാക്കും. ഹൃദയം എത്രത്തോളം ഭയത്താൽ കീഴടക്കപ്പെടണമെന്നാൽ പാപകരമായ അഹംഭാവം വേർപെടുത്തപ്പെടണം. അദൃശ്യകരങ്ങളാൽ ദൈവത്തിലേക്ക് വലിക്കപ്പെടണം. ദൈവം ഉള്ളവൻതന്നെ എന്ന നിശ്ചയത്താൽ ഹൃദയം നിറയ്ക്കപ്പെടണം. സാഹസികനായ കുറ്റവാളിയെ ശിക്ഷിക്കാതെ വിടുകയുമില്ല. സത്യമായ പരിശുദ്ധി തേടുന്ന ഈ ആവശ്യം നിറവേറ്റാത്ത ഒരു ഗ്രന്ഥംകൊണ്ട് എന്തു ചെയ്യാനാണ്?

### വിശുദ്ധഖുർആന്റെ മേൽക്കോയ്മ: വേദഗ്രന്ഥങ്ങളുടെ ഉദ്ദേശ്യം വിശുദ്ധഖുർആൻ നിറവേറ്റുന്നു.

വിശുദ്ധഖുർആൻ ഈ ആവശ്യങ്ങളെല്ലാം നിറവേറ്റുന്ന ഗ്രന്ഥമാണെന്നു നിങ്ങളോരോരുത്തരേയും അറിയിക്കാൻ ഞാനാഗ്രഹിക്കുന്നു. അതുമുഖേന ഒരു വ്യക്തി ദൈവത്തിലേക്കാകർഷിക്കപ്പെടുന്നു. ഭൗതികലോകത്തോടുള്ള സ്നേഹം തണുത്തുപോകുന്നു. അതിനെ അനുധാവനം ചെയ്യുന്നവർക്ക് മറഞ്ഞവരിൽ മറഞ്ഞവനായ ദൈവം അവസാനം സ്വയം പ്രകടമാകുന്നു. അവന്റെ ശക്തികൾ പ്രദർശിപ്പിക്കുന്നു. മറ്റുള്ളവർക്ക് അവയെക്കുറിച്ച് ഒരു ധാരണയുമില്ല. ദൈവം തന്റെ അസ്തിത്വം ഉറപ്പിച്ചുപറയുന്നു. ഞാൻ ഹാജരാണ്. പക്ഷേ, വേദങ്ങൾക്ക് തീർച്ചയായും ഈ ഗുണം ഇല്ല; തേയ്മാനം പറ്റിയ ചുമടുപോലെയാണ്. അതിന്റെ ഉടമസ്ഥൻ മരിച്ചുപോയി. അല്ലെങ്കിൽ അതിനെ തേടിപ്പിടിക്കാൻ സാധ്യമല്ല. വേദങ്ങൾ വിളിക്കുന്ന പരമേശ്വരൻ ജീവിച്ചിരിക്കുന്നുവെന്ന് തെളിയിക്കപ്പെട്ടിട്ടില്ല. യഥാർഥത്തിൽ പരമേശ്വരൻ ജീവിച്ചിരിക്കുന്നുവെന്നതിന് ഒരു തെളിവും മുന്നോട്ടുവയ്ക്കുന്നില്ല. വേദങ്ങളുടെ വഴികേടിലാക്കുന്ന അധ്യാപനം മുഖേന സൃഷ്ടികളെക്കണ്ടു സ്രഷ്ടാവിനെ കണ്ടെത്തുന്ന കാര്യം സംശയഗ്രസ്തമാക്കിയിരിക്കുന്നു. എത്രത്തോളമെന്നാൽ വേദങ്ങളുടെ അധ്യാപനമനുസരിച്ച് ആത്മാക്കളും അണുക്കളും അനന്തവും സൃഷ്ടിക്കപ്പെടാത്തതുമാണ്. പിന്നെ ഒരാൾക്ക് സൃഷ്ടിക്കപ്പെടാത്തതിൽനിന്ന് സ്രഷ്ടാവിനെ എങ്ങനെ കണ്ടുപിടിക്കാൻ സാധിക്കും? കൂടാതെ വേദങ്ങൾ ദൈവികവെളിപാടിന്റെ വാതിൽ കൊട്ടിയടച്ചിരിക്കുന്നു. ദൈവത്തിന്റെ നവദൃഷ്ടാന്തങ്ങളെ നിരാകരിക്കുകയും ചെയ്യുന്നു. വേദങ്ങളനുസരിച്ച് തന്റെ പ്രത്യേകദാസന്മാർക്ക് അനുകൂലമായ ഒരു ദൃഷ്ടാന്തം പ്രദർശിപ്പിക്കാൻ പരമേശ്വരനും സാധ്യമല്ല. അത് ഒരു ശരാശരി മനുഷ്യന്റെ അറിവിനും അനുഭവത്തിനും അതീതമായിരിക്കണം. വേദങ്ങളെക്കുറിച്ചു പറയുകയാണെങ്കിൽ ഏറിയാൽ അത് ദൈവാസ്തികൃത്തെക്കുറിച്ച് തറപ്പിച്ചുപറയുന്നുവെന്നതാണ്; അതും വെറും ശരാശരി സത്തയെപ്പോലെ മാത്രം. അത് ദൈവാസ്തികൃത്തിനെ പിന്തുണയ്ക്കുന്ന ദൃഢതരമായ തെളിവുകൾ നല്കുന്നില്ല.

ചുരുക്കത്തിൽ ദൈവത്തിൽനിന്ന് വരുന്ന നവമായ ഗ്രാഹ്യശക്തി വേദങ്ങൾക്ക് നല്കാൻ കഴിയുന്നില്ല. ഭൂമിയിലുള്ള ഒരു മനുഷ്യനെ സ്വർഗത്തിലെത്തിക്കുന്നുമില്ല. എന്നിരിക്കിലും നമ്മുടെ നിരീക്ഷണവും അനുഭവവും നമുക്ക് മുമ്പേ കടന്നുപോയവർക്കും വിശുദ്ധഖുർആൻ അതിന്റെ യഥാർഥ അനുയായിയെ സ്വയംതന്നെ അതിലേക്ക് ആകർഷിക്കുന്നുവെന്ന് തെളിയിക്കുന്നു. അതിന്റെ ആത്മീയമായ ഫലം മുഖേനയാണിത്. അതിലടങ്ങിയ പ്രകാശംകൊണ്ട് ഒരാളുടെ ഹൃദയത്തെ പ്രകാശമാനമാക്കുന്നു. പിന്നെ മഹത്തായ ദൃഷ്ടാന്തങ്ങൾകൊണ്ട് എത്തരത്തിലുള്ള ബന്ധമാണ് ദൈവവുമായുണ്ടാക്കുന്നതെന്നാൽ, ഒരു മൂർച്ചയുള്ള വാളിനുപോലും അതിനെ വേർപെടുത്താൻ സാധ്യമല്ല. അത് ഹൃദയത്തിന്റെ കണ്ണ് തുറപ്പിക്കുന്നു. പാപത്തിന്റെ പര്യായമായതിനെ വെളിപ്പെടുത്തുന്നു. പ്രാർഥന നല്കുന്നു. സർവ്വശക്തനായ ദൈവം അവന്റെ ഭയഭക്തിയുണ്ടാക്കുന്ന ദൃഷ്ടാന്തങ്ങൾ മുഖേന വിശുദ്ധഖുർആന്റെ യഥാർഥ അനുയായിയെ എതിർക്കുന്ന ഓരോരുത്തരെയും പ്രകടമാക്കിക്കൊടുക്കുന്നത് തന്റെ വാക്കുകൾ അനുസരിക്കുന്ന ആളുടെ കൂടെ താനുണ്ടാവുമെന്നാണ്. (ചശ്മയെ മഅ്രിഫ, റൂഹാനീ ഖസാഇൻ, വാല്യം 23, പേജ് 305-307)

ദൈവവുമായി കണ്ടുമുട്ടുന്നതാണ് മനുഷ്യന്റെ മോക്ഷവും ശാശ്വതമായ സന്തോഷവും. വിശുദ്ധഖുർആനെ അനുധാവനം ചെയ്യാതെ ദൈവത്തെ കണ്ടെത്താൻ സാധ്യമല്ല.

ഞാൻ കണ്ടതു ജനങ്ങൾ കാണുകയും ഞാൻ കേട്ടത് അവർ കേൾക്കുകയും കഥകളെ അനുധാവനം ചെയ്യുന്നത് ഉപേക്ഷിക്കുകയും യാഥാർഥ്യത്തിലേക്ക് പാഞ്ഞടുക്കുകയും ചെയ്താൽ എത്ര നന്നായിരുന്നു! സമഗ്രമായ ജ്ഞാനം നേടാനുള്ള വഴി, അതുമുഖേന ഒരാൾ ദൈവത്തെ കാണുകയും എല്ലാ സംശയങ്ങളും നീക്കുകയും ചെയ്യുന്നു എന്നതാണ്. ആ ഉന്നതസത്തയെ കാണാനുള്ള കണ്ണാടി ദൈവവുമായുള്ള ഭാഷണമാണ്. ഇതാണ് ഞാനിവിടെ സൂചിപ്പിച്ചത്. സത്യം തേടുന്ന ആത്മാവ് ഉണരുകയും അന്വേഷണം നടത്തുകയും വേണം.

ഞാൻ സത്യമായും പറയുന്നു: സത്യാന്വേഷണത്തിന് പ്രചോദിതനാവുകയും ശരിയായ ദാഹം തോന്നുകയും ചെയ്താൽ ജനങ്ങൾ ഈ വഴിയിലേക്ക് നോക്കും, അന്വേഷിക്കുകയും ചെയ്യും. ഞാൻ ഉറപ്പിച്ചുപറയുന്നു, ഇസ്‌ലാം മാത്രമാണ് ഈ വഴിയുടെ സുവിശേഷമറിയിക്കുന്നത്. എന്തെന്നാൽ, മറ്റു ജനങ്ങൾ കുറേക്കാലമായി വെളിപാടിന്റെ സാധ്യതയ്ക്കു മുദ്രവെച്ചുപോയി. ഈ മുദ്ര ദൈവം വച്ചതല്ലെന്ന് തീർച്ചയാക്കുക. എന്നാൽ, മനുഷ്യൻ ഈ അനുഗ്രഹത്തിന് അനർഹനായതിനാൽ അതിന്റെ അസാന്നിധ്യത്തിന് ഒഴികഴിവുകൾ തേടുന്നു. നമുക്ക് കണ്ണില്ലാതെ കാണാൻ കഴിയുമെങ്കിൽ ചെവിയില്ലാതെ കേൾക്കാൻ സാധിക്കുമെങ്കിൽ നാവില്ലാതെ സംസാരിക്കാൻ കഴിയുമായിരുന്നെങ്കിൽ, അതുപോലെ നമുക്ക് ആ പ്രേമിയുടെ മാധുര്യമൂറുന്ന മുഖം വിശുദ്ധഖുർആനെ കൂടാതെ സാധ്യമല്ല. ഞാൻ യുവാവായിരുന്നു. ഇപ്പോൾ ഞാൻ വാർധക്യം പ്രാപിച്ചു. ഈ വിശുദ്ധസ്രോതസ്സ് ഇല്ലാതെ ഈ വ്യക്തമായ ഗ്രാഹ്യശക്തിയിൽനിന്ന് ആരും പാനം ചെയ്തതായി ഞാൻ കണ്ടിട്ടില്ല. (ഇസ്‌ലാമീ ഉസൂൽ കി ഫിലോസഫി, റൂഹാനീഖസാഇൻ, വാല്യം 10, പേജ് 442-443)

സ്ഥിരമായ അനുഭവവും ദൃഢതയുടെ വെളിച്ചവും നിറഞ്ഞ ഈ പ്രധാനപ്പെട്ട മാർഗം, നേരായ പാത, നമ്മുടെ ആത്മീയക്ഷേമത്തിന്റെ സമഗ്രമായ മാർഗദർശകൻ, നമ്മുടെ ബുദ്ധിപരമായ പുരോഗതി വിശുദ്ധഖുർആനാണ്. ലോകത്തിലെ മതപരമായ മത്സരങ്ങളുടെ തീർപ് കല്പിക്കുന്ന ഉത്തരവാദിത്വം വിശുദ്ധഖുർആനാണ്. അതിന്റെ എല്ലാ ഓരോ പദവും പൊരുത്തമുള്ള രീതിയിൽ ആയിരക്കണക്കിൽ ആവർത്തിച്ചു സ്ഥിരീകരണം വഹിക്കുന്നു. അതിൽ ജീവജലത്തിന്റെ ധാരാളം അളവ് അടങ്ങിയിരിക്കുന്നു. അതിൽ നിരവധി അപൂർവ്വവും വിലമതിക്കാനാവാത്തതുമായ രത്നങ്ങളുണ്ട്. അത് ഗോചരമാക്കപ്പെട്ടിരിക്കുന്നു. ഓരോ ദിവസവും ദൈവദാസന് അത് പ്രദർശിപ്പിക്കപ്പെടുന്നു. അത് വളരെ മികവുറ്റ ഉരകല്ലാണ്. അതുകൊണ്ട് സത്യത്തേയും വ്യാജത്തേയും തിരിച്ചറിയാൻ സാധിക്കുന്നു. അത് പ്രകാശമാനമായ ഒരു വിളക്കാണ്, അത് സത്യത്തിന്റെ മാർഗം കാണിച്ചുതരുന്നു. സംശയലേശമെന്യേ നേരായ വഴിയുമായി ബന്ധമുള്ളവരെ അത് വിശുദ്ധഖുർആനിലേക്ക് വലിക്കുന്നു. ഔദാര്യവാനായ ദൈവം ഒരു പ്രണയിതാവിനെപോലെ അവരുടെ ഹൃദയങ്ങളെ രൂപപ്പെടുത്തിയിരിക്കുന്നത് അങ്ങനെയാണ്. മറ്റെവിടെയും അത് വിശ്രമം കണ്ടെത്തുകയില്ല. വിശദവും വ്യക്തവുമായി വഴികാട്ടുന്ന ഒന്ന് കേട്ടുകൊണ്ട് അവർ പിന്നെ മറ്റൊന്നും ശ്രദ്ധിക്കുകയില്ല. അതിലടങ്ങിയ ഓരോ സത്യതയും ആനന്ദപൂർവ്വവും ഔത്സുക്യപൂർണവുമായി അവർ സ്വീകരിക്കുന്നു. അവസാനം അത് ഹൃദയത്തിൽ പ്രകാശമയമാക്കുന്ന, മനഃസാക്ഷിയെ ജ്വലിപ്പിക്കുന്ന മാർഗമായിത്തീരുന്നു. അത്ഭുതകരമായ വെളിപ്പെടുത്തലുകളുമുണ്ടാകുന്നു. അത് ഓരോരുത്തനെയും തന്റെ കഴിവനു

(ശേഷം പേജ് 9ൽ)

**'മാതാപിതാക്കളുടെ സ്വന്തം മാതൃക കുട്ടികൾക്കു മുമ്പിൽ നിലനില്ക്കാത്തിടത്തോളം കുട്ടികളിൽ അത് സ്വാധീനമുണ്ടാക്കുകയില്ല. അതുകൊണ്ട് സുബ്ഹി നമസ്കാരത്തിനും എഴുന്നേൽക്കുക.'**
**(ഖുത്ബാത്തെ മസ്റൂർ, വാല്യം 3, പേജ് 565)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

ത്വാലിബെ ദുആ:
Dr. C. Salahuddin, Ameer Ahmadiyya Jama-ath Calicut, Kerala.

**"വ്യക്തിപരമായ നിലയിൽ ലയ്‌ലത്തുൽഖദ്റിൽ നിന്ന് അനുഗ്രഹം പ്രാപിക്കുന്നതിന് ഈ റമളാനിൽ പരസ്പരമുള്ള വൈരാഗ്യങ്ങൾ അവസാനിപ്പിക്കാൻ നമ്മൾ ശ്രമിക്കേണ്ടതാണ്."**
**(ജുമുഅ ഖുത്ബ 25-7-2014)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

ത്വാലിബെ ദുആ:
Muhammad Safwan&Family, Ahmadiyya Jama-ath Kakkanad, Kerala.

## ഖുത്ബ ജുമുഅ

നമസ്കാരം സകല അഭിവൃദ്ധികളുടേയും വേരും ഗോവണിയുമാണ്. അതുകൊണ്ടാണ് നമസ്കാരം മുഅ്മിന്റെ 'മിഅ്റാജ്'ആണെന്ന് പറയപ്പെട്ടിട്ടുള്ളത്.(ഹദ്റത്ത് മസീഹ് മൗഊദ്(അ))

നമസ്കാരങ്ങളിൽ പതിവായിട്ടുള്ളവനാണ് മുഅ്മിൻ.

അല്ലാഹുവിനോടു ചോദിക്കുന്നതിന് കുറച്ചു മാർഗങ്ങളും നിയമങ്ങളുമുണ്ട്. അവയിലൂടെ നടക്കേണ്ടതാണ്.

കേണപേക്ഷിക്കലും ഹൃദയസാന്നിധ്യമുള്ളതുമാണ് നമസ്കാരം.

ഏറ്റവും ഉത്തമമായ ദുആ സൂറ ഫാത്തിഹയാണ്.

ചെറുതും വലുതുമായ എല്ലാആവശ്യങ്ങളും ലജ്ജയൊന്നും കൂടാതെ അല്ലാഹുവിനോടി ചോദിക്കുക. യഥാർഥത്തിൽ തരുന്നവൻ അവൻ തന്നെയാണ്.

കേവലം ദുആകൊണ്ട് പ്രയോജനമില്ല;പരിശ്രമിക്കേണ്ടതായും വരും.

അല്ലാഹുവിന്റെ സാമീപ്യം ഉണ്ടാകുന്നതാണ് ഇബാദത്ത്.

**ഖുത്ബ ജുമുഅ 2019 ഒക്ടോബർ 25/1398 അഖാഅ് 25**
**മസ്ജിദ് ബയ്ത്തുൽ ബസ്വീർ, മഹ്ദിയാബാദ് നാഹി(Nahe) ജർമനി**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ-
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ- الرَّحْمٰنِ الرَّحِيْمِ- مٰلِكِ يَوْمِ الدِّيْنِ-
اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ- اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ-
صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ-
اَلَّذِيْنَ اِنْ مَّكَّنّٰهُمْ فِي الْاَرْضِ اَقَامُوا الصَّلٰوةَ وَاٰتَوُا الزَّكٰوةَ وَاَمَرُوْا بِالْمَعْرُوْفِ وَنَهَوْا
عَنِ الْمُنْكَرِ وَلِلّٰهِ عَاقِبَةُ الْاُمُوْرِ (الحج:42)

ഭൂമിയിൽ നാം അവർക്ക് സ്വാധീനം നല്കിയാൽ, നമസ്കാരം നിലനിറുത്തുകയും സകാത്ത് നല്കുകയും നല്ല കാര്യങ്ങൾ കല്പിക്കുകയും നിഷിദ്ധ കാര്യങ്ങൾ നിരോധിക്കുകയും ചെയ്യുന്നവരായിരിക്കും അവർ. സകല കാര്യങ്ങളുടേയും പര്യവസാനം അല്ലാഹുവിങ്കലാകുന്നു. (22:42)

ഈ വചനത്തിൽ അല്ലാഹു സത്യവിശ്വാസികളോടു പറഞ്ഞിരിക്കുന്നത് യഥാർഥമുഅ്മിൻ, ആധിപത്യം കിട്ടുകയും ബലഹീനതയ്ക്കും അസ്വസ്ഥതയ്ക്കും ശേഷം സമാധാനം കിട്ടുകയും അവസ്ഥകൾ മെച്ചപ്പട്ടതാകുകയും സ്വതന്ത്രമായി തങ്ങളുടെ ആരാധനയും മതപരമായ കാര്യങ്ങളും ചെയ്യാൻ കഴിയുന്ന അവസ്ഥകൾ ഉണ്ടാകുകയും ചെയ്തതിനുശേഷം തന്റെ ആഗ്രഹത്തിലേക്കും വ്യക്തിപരമായ നേട്ടങ്ങളിലേക്കും ശ്രദ്ധിക്കുന്നവനാകുകയില്ല എന്നാണ്. പ്രത്യുത നമസ്കാരം നിലനിറുത്തുന്നവനായിരിക്കും. തന്റെ നമസ്കാരത്തിലേക്ക് ശ്രദ്ധിക്കുന്നവനായിരിക്കും. തന്റെ മസ്ജിദുകളെ ജനനിബിഢമാക്കുന്നവനായിരിക്കും. മനുഷ്യകുലത്തിന് സേവനം ചെയ്യുന്നവനായിരിക്കും. അല്ലാഹുവിനെ ഭയപ്പെട്ടുകൊണ്ട് ദരിദ്രർക്കും അശരണർക്കും തന്റെ ധനത്തിൽനിന്ന് ചെലവഴിക്കുന്നവനായിരിക്കും. ദീനീപ്രചാരണത്തിന് ത്യാഗങ്ങൾ ചെയ്യുന്നവനായിരിക്കും. അല്ലാഹുവിന്റെ ദീനിന്റെ പ്രചാരണത്തിനുവേണ്ടി തന്റെ ധനത്തിൽനിന്ന് ചെലവ് ചെയ്ത് അതിനെ പരിശുദ്ധനാക്കുന്നവനായിരിക്കും. നന്മയിലേക്ക് സ്വയം ശ്രദ്ധിക്കുന്നതിനോടൊപ്പം മറ്റുള്ളവരേയും നല്ല കാര്യങ്ങൾ പറയാനും അല്ലാഹുവിനോടും അവന്റെ ദാസരോടുമുള്ള കടമകൾ നിറവേറ്റാനും പ്രേരിപ്പിക്കുകയും ചെയ്യുന്നവനായിരിക്കും. തിന്മകൾ സ്വയം ചെയ്യുകയില്ല. മറ്റുള്ളവരേയും തിന്മ പ്രവർത്തിക്കുന്നതിൽനിന്ന് തടയും. കാരണം ഈ എല്ലാ ജോലികളും അല്ലാഹുവിനെ ഭയന്നുകൊണ്ടും, അല്ലാഹുവിന്റെ കല്പനയനുസരിച്ച് കർമം ചെയ്യുന്ന കാരണത്താലുമാണ് ചെയ്യുന്നത്. അതുകൊണ്ട് അല്ലാഹുവും അവന്റെ പ്രവൃത്തികളിൽ ഉത്തമമായ ഫലങ്ങൾ ഉണ്ടാക്കുന്നു. കാരണം ഓരോ കാര്യത്തിന്റേയും തീരുമാനം അല്ലാഹുതന്നെ എടുക്കണം. ഏതൊരു ജോലിയാണോ അല്ലാഹുവിന്റെ നിർദേശത്തിൽ, അവന്റെ കല്പനയനുസരിച്ച് അവനോടുള്ള ഭയം മനസ്സിൽ വച്ചുകൊണ്ട് ചെയ്യുന്നത് തീർച്ചയായും അതിന്റെ പര്യവസാനം ശുഭകരമായിരിക്കും. അതിനാൽ ഈ അടിസ്ഥാനപരമായ കാര്യം നമ്മളിൽ ഓരോരുത്തരും മനസ്സിലാക്കുകയാണെങ്കിൽ അല്ലാഹുവിന്റെ കൃപകളെ കരസ്ഥമാക്കുന്നവരായിക്കൊണ്ട് പോകുന്നതാണ്.

നിങ്ങൾ ഇവിടെ മഹ്ദിയെബാദിൽ മസ്ജിദ് നിർമിച്ചു. ഇപ്രകാരം തന്നെ കഴിഞ്ഞ ദിനങ്ങളിൽ ഫുൽദാ(Fulda)യിലും വേസ്ബാദനി(Wiesbaden)ലും മസ്ജിദുകൾ ഉദ്ഘാടനം ചെയ്തു. ജർമനി ജമാഅത്ത് 'നൂറു മസ്ജിദിന്റെ നിർമാണ പദ്ധതി'യനുസരിച്ച് ദൈവകൃപയാൽ മസ്ജിദുകൾ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. തീർച്ചയായും ജമാഅത്തംഗങ്ങൾ മസ്ജിദുകളുടെ നിർമാണത്തിന് ധനത്യാഗം ചെയ്യുന്നത് അല്ലാഹുവിന്റെ കല്പനകളനുസരിച്ച് പ്രവർത്തിച്ചുകൊണ്ട് നമ്മൾ നമ്മുടെ ആരാധനകളുടെ നിലവാരം ഉയർത്തുന്നതിനാണ്. പാക്കിസ്താനിൽനിന്ന് ഹിജ്റത്തുചെയ്ത് വന്നതിനുശേഷം ഇവിടെ വന്ന് നമ്മുടെ സാമ്പത്തികാവസ്ഥ മെച്ചപ്പെട്ടിട്ടുണ്ട്. ഇക്കാര്യം നമ്മളിൽ ഓരോരുത്തരുടേയും ശ്രദ്ധ, നമ്മൾ അല്ലാഹുവിന്റെ വഴിയിൽ ചെലവഴിക്കണം എന്നതിലേക്ക് ആയിരിക്കേണ്ടതാണ്. അവന്റെ ഭവനം നിർമിക്കുക; അവിടെ നമുക്ക് സംഘടിച്ച് നമസ്കരിക്കണം. ജമാഅത്തോടുകൂടി നമസ്കരിക്കണം. അല്ലാഹുവിലേക്ക് പ്രത്യേകം ശ്രദ്ധ ഉണ്ടാകുംവിധം നമസ്കാരങ്ങളിൽ നമ്മുടെ അവസ്ഥ ഉണ്ടാകണം. സ്വതന്ത്രമായി അല്ലാഹുവിനോടുള്ള ആരാധനയുടെ കടമ നിറവേറ്റാൻ കഴിയണം. പാക്കിസ്താനിൽ നമുക്ക് മതസ്വാതന്ത്ര്യമില്ല. അവിടുത്തെ രാജ്യനിയമം നമുക്ക് മസ്ജിദ് നിർമിക്കാൻ അനുവാദം നല്കുന്നില്ല. സ്വതന്ത്രമായി നമ്മെ ആരാധിക്കാൻ അനുവദിക്കുന്നില്ല; അല്ലാഹുവിനോടുള്ള കടമ അവിടെ നമുക്ക് നിറവേറ്റാൻ! ഇവിടെ അല്ലാഹുവിനോടുള്ള കടമ നിറവേറ്റാൻ നമ്മൾ മസ്ജിദുകൾ ഉണ്ടാക്കുന്നു. നമ്മുടെമേൽ അല്ലാഹു സാമ്പത്തികാടിസ്ഥാനത്തിലും ഫള്ൽ ചെയ്തിട്ടുണ്ട്. അതുകൊണ്ട് നമ്മൾ അവന്റെ ദാസരോടുള്ള കടമകൾ നിറവേറ്റാൻ ശ്രമിക്കുമോ, ശ്രമിച്ചുകൊണ്ടിരിക്കുന്നുണ്ടോ എന്ന് നമ്മളിൽ ഓരോരുത്തരും ചിന്തിക്കേണ്ടതാണ്. നമ്മൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ബയ്അത്ത് ചെയ്തു; നമ്മുടെ ആത്മീയവും ധാർമികവുമായ അവസ്ഥകൾ നന്നാക്കിത്തീർക്കാൻ. അപ്പോൾ നമ്മുടെ ഈ മസ്ജിദുകൾ നമ്മെ ക്ഷണിക്കുന്നു. ക്ഷണിക്കേണ്ടതുമാണ്. ഇതായിരിക്കണം ചിന്ത. ഇതനുസരിച്ച് പൂർണമായും പ്രവർത്തിക്കാൻ ശ്രമിക്കണം; എല്ലാ ഓരോ അഹ്മദിയും ഇവിടെ താമസിച്ചുകൊണ്ട്, തങ്ങളുടെ ബുദ്ധികളിലും ഇക്കാര്യം വെക്കേണ്ടതാണ്. മനസുകളിലും വെക്കേണ്ടതാണ്. നമ്മുടെകർമംകൊണ്ട് സ്ഥാപിച്ചുകാണിക്കേണ്ടതുമാണ്; ഇല്ലെങ്കിൽ മസ്ജിദുകൾ നിർമിക്കുന്നത് പാഴ്വേലയാണ്.

അതുകൊണ്ട് എല്ലാ അഹ്മദിയും ഓർക്കേണ്ടതാണ്. മസ്ജിദ് നിർമിക്കുക എന്ന അവരുടെ ഉദ്ദേശ്യം പൂർത്തിയാകുന്നത് ആത്മാർഥതയോടുകൂടി അല്ലാഹുവിനെ ആരാധിക്കുന്നതിലേക്ക് ശ്രദ്ധിക്കുമ്പോഴാണ്. തങ്ങളുടെ നമസ്കാരങ്ങളെ നിലനിറുത്തുമ്പോഴാണ്. ജമാഅത്തായി

ട്ടുള്ള നമസ്കാരത്തിന് മസ്ജിദിൽ വരുമ്പോഴാണ്. നമസ്കാരങ്ങളിൽ സ്വന്തം ശ്രദ്ധ അല്ലാഹുവിലേക്ക് വെക്കുമ്പോഴാണ്. ശ്രദ്ധ അവിടേയും ഇവിടേയുമാണെങ്കിൽ ക്ഷണത്തിൽ ശ്രദ്ധ നമസ്കാരത്തിലേക്കും അല്ലാഹുവിലേക്കും തിരിക്കേണ്ടതാണ്. നമസ്കാരത്തിൽ നമുക്ക് അല്ലാഹുവിനോടു സംസാരിക്കാനുള്ള അവസരം കിട്ടുന്നു എന്ന കാര്യത്തിന്റെ യാഥാർഥ്യം മനസ്സിലാകുന്നതായിരിക്കും. വെറും തലകുത്തിമറിയലല്ല. വെറും സുജൂദ് ചെയ്യലല്ല. വെറും അറബിവാക്കുകൾ ഉച്ചരിക്കുകയല്ല. പ്രത്യുത സ്വന്തം ഭാഷയിലും സംസാരിക്കണം. അല്ലാഹുവുമായുള്ള കൂടിക്കാഴ്ച സാധ്യമാകും വിധമുള്ള നമസ്കാരങ്ങൾ അനുഷ്ഠിക്കാൻ ശ്രമിക്കേണ്ടതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) മുത്തഖിയുടെ ഗുണഗണങ്ങൾ വിവരിച്ച് കൊണ്ട് പറയുന്നു:

'അവർ യുഖീമുനസ്സ്വലാത്ത് നിർവഹിക്കുന്നവരാണ്. അതായത് അവർ നമസ്കാരം നിലനിറുത്തുന്നു. മുത്തഖിയിൽനിന്ന് എത്രമാത്രം സാധിക്കുമോ നമസ്കാരം നിലനിറുത്തുന്നു. അതായത് ചിലപ്പോൾ നമസ്കാരം വീണുപോകുന്നു. പിന്നീട് അതിനെ എഴുന്നേല്പിച്ച് നിറുത്തുന്നു. മുത്തഖി അല്ലാഹുവിനെ ഭയപ്പെടുന്നവനാണ്. അവൻ നമസ്കാരം നിലനിറുത്തുന്നു. ആ അവസ്ഥയിൽ വിവിധങ്ങളായ ദുർബോധനങ്ങളും അപകടങ്ങളും ഉണ്ടാകുന്നു. അവയുണ്ടായി അവന്റെ തിരുസന്നിധിയിൽ തടസ്സമായിത്തീരുന്നു. മനസ്സുകളുടെ ദുർബോധനംകൊണ്ട് ചിന്താഗതികൾ അല്ലാഹുവിൽനിന്ന് തെറ്റിച്ചുകളയുന്നു. ഈ മനസ്സുകളുടെ ദുർബോധനം കൊണ്ട് ചിന്താഗതികൾ അല്ലാഹുവിൽനിന്ന് തെറ്റിച്ചു കളയുന്നതാണ് നമസ്കാരം വീഴുന്നു എന്ന് പറഞ്ഞത്. പിന്നീട് തിരിച്ച് അതിനെ നിലനിറുത്തുക എന്നത് വീണ്ടും അല്ലാഹുവിലേക്ക് ശ്രദ്ധ കൊണ്ടുവരിക എന്നതാണ്. പക്ഷേ, ഹൃദയത്തിൽ തഖ്‌വയുണ്ടെങ്കിൽ പറഞ്ഞു, ഒരുമുത്തഖി, ഒരു യഥാർഥ മുഅ്മിൻ ആത്മാവിന്റെ ഈ വടംവലിയിലും നമസ്കാരം നിലനിറുത്തുന്നതായിരിക്കും. അതായത് നമസ്കാരം എന്തായാലും വീഴുന്നു, ചിലപ്പോൾ ശ്രദ്ധ അവിടേയും ഇവിടേയും പോകുന്നു, പക്ഷേ, തഖ്‌വ ആഗ്രഹിക്കുന്നത് ശ്രമിച്ച് വീണ്ടും നമസ്കാരം നിലനിറുത്തുക എന്നാണ്. പിന്നീട് സ്വന്തം ശ്രദ്ധ വീണ്ടും നമസ്കാരത്തിലേക്ക് കൊണ്ടുവരിക. അല്ലാഹുവിലേക്ക് കൊണ്ടുവരിക. ഇതാണ് നമസ്കാരം നിലനിറുത്തൽ. അവൻ ബുദ്ധിമുട്ടോടും ശ്രമത്തോടുംകൂടി ആവർത്തിച്ചാവർത്തിച്ച് അതിനെ എഴുന്നേല്പിച്ച് നിറുത്തുന്നു. സ്ഥിരസ്വഭാവത്തോടുകൂടി മനുഷ്യൻ നമസ്കാരത്തിൽ നിലകൊള്ളുകയും തനിക്ക് നമസ്കാരത്തിന്റെ ഉന്നതമായ നിലവാരം കരസ്ഥമാക്കണമെന്ന രീതിയിൽ ശ്രമിക്കുകയും ചെയ്താൽ അല്ലാഹു തന്റെ ഭാഷണം മുഖേന സന്മാർഗത്തിന്റെ മാർഗം പ്രദാനം ചെയ്യുന്നു.

പിന്നീട് അവിടന്ന് സന്മാർഗം അഥവാ ഹിദായത്ത് എന്താണെന്ന് വിശദീകരിച്ചു. പറഞ്ഞു: അത് എങ്ങനെയുള്ള അവസ്ഥയാണെന്നാൽ നമസ്കാരം എഴുന്നേല്പിച്ച് നിറുത്തുന്നതിനും അതിനെ നിലനിറുത്തതിനും ശ്രമം വേണ്ടാത്ത അവസ്ഥവരുമ്പോൾ-നമസ്കാരം വീഴുന്ന പ്രശ്നമുണ്ടാകുന്നില്ല, ശ്രദ്ധ മാറുകയുമില്ല, വീണ്ടും അതിനെ നിലനിറുത്തേണ്ട കാര്യവുമുണ്ടാകുന്നില്ല- ഹിദായത്ത് ലഭിച്ചതിനുശേഷം അവന് നമസ്കാരം അവന് ഭക്ഷണം പോലെയായിത്തീരുന്നു. ഭക്ഷണം പോലെ അവന് നമസ്കാരം ആയിത്തീരുന്നു. ഭക്ഷണം കഴിക്കുക എന്നത് മനുഷ്യ ശരീരത്തിന് ആവശ്യമാണ്. ഇപ്രകാരം ആത്മീയമായ വളർച്ചയ്ക്ക് നമസ്കാരം അവന്റെ ഭാഗമായിത്തീരുന്നു. പറഞ്ഞു: എപ്രകാരം ഭൗതിക ഭക്ഷണം കൂടാതെ മനുഷ്യന് ജീവിക്കാൻ കഴിയുന്നില്ലയോ- ഇത് ഞാൻ അതിനെ വിശദീകരിക്കുകയാണ്-അതുപോലെ നമസ്കാരം കൂടാതെയും അവന് ജീവിക്കാൻ സാധിക്കുകയില്ല. ജീവിതം നിലനിറുത്തുന്നതിനുവേണ്ടി ഭക്ഷണം കഴിക്കുന്നുവെന്നു മാത്രമല്ല മറിച്ച് അതിൽനിന്ന് രുചിയും ആസ്വദിക്കുന്നു. കഠിനമായ ദാഹമുള്ള സമയത്ത് തണുത്തവെള്ളം കുടിക്കുമ്പോൾ കിട്ടുന്ന അനുഭൂതിയും കരസ്ഥമാകുന്നു. കാരണം അവൻ അങ്ങേയറ്റം താൽപര്യത്തോടുകൂടിയാണ് അതു കുടിക്കുന്നത്. വയർ നിറച്ച് അത് കുടിക്കുകയും രുചി നുകരുകയും ചെയ്യുന്നു. നല്ല ദാഹമുള്ളപ്പോൾ, കഠിനമായ ദാഹമുള്ളപ്പോൾ ദാഹംകൊണ്ട് പൊറുതി മുട്ടുമ്പോൾ, വെള്ളവും കിട്ടുന്നില്ല, പിന്നീട് വെള്ളം ലഭിക്കാൻ തുടങ്ങുമ്പോൾ, തണുത്ത വെള്ളം കിട്ടുമ്പോൾ അതിൽനിന്ന് കിട്ടുന്ന ആനന്ദം സന്മാർഗപ്രാപ്തനായ ഒരാൾക്ക് നമസ്കരിക്കുമ്പോൾ കിട്ടുന്നതുപോലെയാണത്. മറ്റൊരു ഉദാഹരണവും അവിടന്ന് നല്കി. വിശന്നിരിക്കുന്ന ആർക്കെങ്കിലും ഉന്നത നിലവാരത്തിലുള്ള സ്വാദിഷ്ടമായ ഭക്ഷണം കിട്ടുകയാണെങ്കിൽ അതു തിന്നുമ്പോൾ സന്തോഷമുണ്ടാകുന്നു. വാസ്തവത്തിൽ അത്തരത്തിലുള്ള സന്തോഷമാണ് യഥാർഥ നിലയിൽ നമസ്കരിക്കുന്നവർക്ക് ലഭിക്കുന്നത്. ഈ നമസ്കാരമാണ് യഥാർഥത്തിലുള്ള നമസ്കാരം. സന്തോഷത്തോടുകൂടി നമസ്കരിക്കണം. ഭാരം എന്ന് മനസ്സിലാക്കിയല്ല. എന്നല്ല ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇങ്ങനേയും ഉദാഹരണം പറഞ്ഞിട്ടുണ്ട്. യഥാർഥ മുഅ്മിന് നമസ്കാരം എന്നത് ഒരു തരത്തിലുള്ള ലഹരിയാണ്. അത് കിട്ടിയില്ലെങ്കിൽ അവന് കഠിനമായ അസ്വസ്ഥത ഉണ്ടാകുന്നു. അവന് വ്യാകുലതയും സങ്കടവും ഉണ്ടാകുന്നു. പക്ഷേ, നമസ്കരിക്കുമ്പോൾ അവന്റെ മനസ്സിൽ ഒരു പ്രത്യേക സന്തോഷവും കുളിർമയും അനുഭവിക്കുന്നു. അവിടന്ന് പറഞ്ഞു: 'വാക്കുകൾകൊണ്ട് ആ രുചി വിവരിക്കാൻ പറ്റുകയില്ല. യഥാർഥമായ രീതയിൽ നമസ്കരിക്കുന്നവർക്ക് ആ രുചി ലഭിക്കുന്നു.' അവിടന്ന് പറഞ്ഞു:'മുഅ്മിൻ മുത്തഖി നമസ്കാരത്തിൽ ആനന്ദം ആസ്വദിക്കുന്നു. അതുകൊണ്ട് നമസ്കാരം നല്ലവണ്ണം ഭംഗിയായി അനുഷ്ഠിക്കേണ്ടതാണ്.' പറഞ്ഞു: 'നമസ്കാരം എല്ലാ അഭിവൃദ്ധികളുടേയും വേരും ഗോവണിയുമാണ്. അതുകൊണ്ടാണ് പറയപ്പെട്ടിട്ടുള്ളത് നമസ്കാരം മുഅ്മിന്റെ ആത്മീയ യാത്രയാണെന്ന്(മിഅ്റാജ്). അതുമുഖേന അല്ലാഹുവിനോളം എത്താൻ കഴിയുന്നതാണ്.'(മൽഫൂദാത്ത് വാല്യം 8 പേജ് 309–310)

നമ്മുടെ മസ്ജിദുകളുണ്ടാകുകയാണെങ്കിൽ അത്തരത്തിലുള്ള മസ്ജിദുകൾ ഉണ്ടാകണം. നമ്മൾ മസ്ജിദ് നിർമിക്കുന്നതിലേക്ക് ശ്രദ്ധനല്കുകയാണെങ്കിൽ ആ മിഅ്റാജ് കരസ്ഥമാക്കുന്നതിനുവേണ്ടിയായിരിക്കണം. ഇതു നമ്മുടെ മിഅ്റാജായിരിക്കണം. അല്ലാഹുവിലേക്ക് കൊണ്ടുപോകുന്നതിനും അല്ലാഹുവുമായി സംസാരിക്കുന്നതിനും അവസരം കിട്ടുന്നതാകണം. അതിനാൽ ഈ സ്ഥാനം എങ്ങനെ കരസ്ഥമാകും എന്ന് ചിന്തിച്ച് നിരാശപ്പെടേണ്ടതില്ല. തുടർച്ചയായുള്ള പരിശ്രമത്തിലൂടെയാണ് അല്ലാഹു ഇത് നമുക്ക് നല്കുക.

ഒരുപാടാളുകൾ ചോദിക്കാറുണ്ട്. എനിക്ക് എഴുതുകയും ചെയ്യുന്നു: നമസ്കാരത്തിൽ ഏകാഗ്രചിത്തത കിട്ടുന്നില്ല. ഏകാഗ്രത കിട്ടാൻ ശുശ്രൂഷയുണ്ടോ? ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സദസ്സിലും ആരോ ഈ ചോദ്യം ഉന്നയിച്ചിരുന്നു. നമസ്കാരത്തിൽ രുചിയും വേദനയും ഉണ്ടാകുന്നില്ല. ഈയിടെയായി അങ്ങനെയുള്ള അവസ്ഥയാണ്. ഇക്കാരണതാൽ എനിക്ക് അതിയായ ബുദ്ധുമുട്ടുണ്ടാകുന്നു. കാരണം ഒരു പ്രാവശ്യം നമസ്കാരത്തിന്റെ ആനന്ദം രുചിച്ചറിഞ്ഞതാണ്. അനാവശ്യമായി സംശയവുമുണ്ടായിക്കൊണ്ടിരിക്കുന്നു. അത് ഖണ്ഡിച്ചുകൊണ്ടിരിക്കുന്നുവെങ്കിലും ദുർബോധനങ്ങൾ പിന്നിൽനിന്ന് മാറുന്നില്ല. എന്താണ് ചെയ്യേണ്ടത്? അവിടന്ന്പറഞ്ഞു: 'മനുഷ്യൻ അത്തരം ദുർബോധനങ്ങൾക്ക് അടിപെടുന്നില്ല എന്നതും അല്ലാഹുവിന്റെ ഔദാര്യവും കൃപയുമാണ്. ദുർബോധനങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. നിങ്ങൾക്ക് അത് ബോധ്യപ്പെടുകയും ചെയ്തു. അതിന് വിജയിക്കാൻ അവസരം നൽകിയില്ല. അത്തരം അവസ്ഥ ഉണ്ടാകുമ്പോൾ തന്റേമേൽ അതിനെ വിജയിക്കാൻ വിടാതിരിക്കുന്നതും പ്രതിഫലാർഹമാണ്. അല്ലാഹു അതിനും പ്രതിഫലം നല്കുന്നു. റഹീമും കരീമുമായ അല്ലാഹു അങ്ങനെയുള്ള വനാണ്. പറയുന്നു: 'നഫ്സെ അമ്മാറ അഥവാ ദോഷപ്രവണമായ ആത്മാവിന് അടിമയായവർക്ക് തിന്മ എന്താണെന്ന് തന്നെ അറിയില്ല. അവൻ തിന്മകൾ ചെയ്തുകൊണ്ടേ പോകന്നു. അവനൊന്നും അറിയുകയില്ല. നഫ്സെ ലവ്വാമ്മ അഥവാ സ്വയംശാസകാത്മാവ് തിന്മകൾ ചെയ്യുമ്പോൾ എപ്പോഴും അതിൽ പരിഭ്രമിച്ചുകൊണ്ടിരിക്കുന്നു. ലജ്ജിതനാകുന്നു. അതുകൊണ്ട് ഈ നഫ്സെ ലവ്വാമയുടെ അവസ്ഥയിലുണ്ടാകുന്ന തിന്മകളിൽ ലജ്ജിതനാകുകയും പരിഭ്രമിക്കുകയും ബോധമുണ്ടാകുകയും ചിന്തയുണ്ടാകുകയുമാണെങ്കിൽ അതിനെ കുടയുക. അതിനും അല്ലാഹു പ്രതിഫലം നല്കുന്നതാണ്. ലജ്ജിതനാകുന്നു. പശ്ചാത്തപിച്ചുകൊണ്ടിരിക്കുന്നു. അത്തരം വ്യക്തി നഫ്സിന് അടിമയായിരിക്കില്ല. പറയുന്നു: മനുഷ്യൻ പ്രയാസപ്പെടേണ്ട ആവശ്യമില്ല. ചിന്തകളും ദുർബോധനങ്ങളും ഉണ്ടാകുന്നുവെങ്കിൽ അത് അകറ്റുന്നതിനുവേണ്ടി ശ്രമിച്ചുകൊണ്ടിരിക്കുക. അപ്പോൾ നിങ്ങൾക്ക് പ്രതിഫലം കിട്ടിക്കൊണ്ടിരിക്കും. അല്ലാഹു അതിനും പ്രതിഫലം നല്കുന്നു. അത്തരം വ്യക്തി

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

'ഖലീഫ ജമാഅത്തിന്റെ പരിഷ്ക്കരണത്തിന് എന്തെങ്കിലും പറഞ്ഞാൽ അതേറ്റെടുക്കുകയും ജമാഅത്തംഗങ്ങളുടെ മുമ്പിൽ അത് ആവർത്തിക്കുകയും ചെയ്യുക. മന്ദബുദ്ധിയിൽ മന്ദബുദ്ധിയായവനുപോലും അതു മനസ്സിലാകാനും ദീനിൽ ശരിയായ നിലയിൽ നടക്കാനുള്ള വഴിപ്രാപിക്കാനും അതാവർത്തിക്കുക. ആവർത്തിക്കുക, ആവർത്തിക്കുക!'
(ഖുത്വ്ബാത്തെ മഹ്മൂദ് വാല്യം 18 പേജ് 214 – 215)
(ഖുത്വ്ബ ജുമുഅ 29 – 5 – 2015)

**ത്വാലിബെ ദുആ:**
**Ahmadiyya Muslim Jama'at Palluruthy, Ernakulam dist:**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

നമ്മുടെ ആരാധനകളുടെ പുരോഗതിതന്നെ നമുക്ക് വിജയങ്ങൾ പ്രദാനം ചെയ്യുന്നതാണ്. അതുകൊണ്ടുതന്നെ ഇത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ജമാഅത്ത് മുഴുവൻ ഇതു സംബന്ധമായി വളരെ തീവ്രമായ ശ്രദ്ധ ചെലുത്തേണ്ട ആവശ്യമുണ്ട്. (ജുമുഅ ഖുത്വ്ബ 27 – 1 – 2017)

**ത്വാലിബെ ദുആ:**
**Abdul Hameed Koya Ameer Ahmadiyya Jama'ath Kannur Town, Kerala**

ശരീരേച്ഛയ്ക്ക് അടിമയല്ല. ആ അവസ്ഥവരെ എത്തേണ്ടത് ഒരു വിധത്തിൽ പറഞ്ഞാൽ നിർബന്ധവുമാണ്. അതുകൊണ്ട് വിഷമിക്കരുത്. കാരണം അതിൽ വലിയ വലിയ പ്രതിഫലമുണ്ട്. എത്രത്തോളമെന്നാൽ അല്ലാഹു സ്വയമേവ പ്രകാശവും സമാധാനവും ഇറക്കുന്നു. ദൈവ കാരുണ്യത്തിന്റെ സമയം വരുന്നു. ഒരു തണുപ്പ് വീഴുന്നു. അക്കാര്യം നടന്നുപോകുകയും ചെയ്യുന്നു. മനുഷ്യൻ ഒരിക്കലും ക്ഷീണിക്കരുത്.സുജൂദിൽ *യാ ഹയ്യു യാ ഖയ്യൂം ബി റഹ്മത്തിക്ക അസ്തഗീസ്* എന്ന് ധാരാളമായി ചൊല്ലുക. പറഞ്ഞു: സുജൂദിൽ യാ ഹയ്യു യാ ഖയ്യൂം ബി റഹ്മത്തിക്ക അസ്തഗീസ് എന്ന് ധാരാളമായി ചൊല്ലുക. എന്നാൽ, എടുത്തുചാട്ടം ഭയാനകമാണെന്ന കാര്യം ഓർത്തുകൊള്ളുക. എടുത്തുചാട്ടം കാണിക്കരുത്. ഇസ്‌ലാമിൽ മനുഷ്യൻ ധീരനാകണം. ധിറുതി കാണിക്കുന്നവൻ ധീരനല്ല. അവൻ ഭീരുവാണ്. വർഷങ്ങളായിട്ടുള്ള അധ്വാനത്തിനും പരിശ്രമത്തിനും ശേഷം അവസാനം പിശാചിന്റെ ആക്രമണത്തിന് വീര്യം കുറയുന്നതാണ്. അവൻ ഓടിക്കളയുന്നു.'(മൽഫൂദാത്ത് വാല്യം 7, പേജ് 347)

അതുകൊണ്ട് ഈ അടിസ്ഥാനപരമായ കാര്യം എപ്പോഴും ഓർമവയ്ക്കേണ്ടതാണ്. ധിറുതി കാണിക്കരുത്. സ്ഥിരമായി അല്ലാഹുവിനെ പിടിച്ചുകൊണ്ടിരിക്കുക. അവന്റെ മുമ്പിൽ കുനിഞ്ഞുകൊണ്ടിരിക്കുക. അവസാനം ഒരു ദിവസം ശയ്ത്വാൻ പരാജയം സമ്മതിച്ച് ഓടിപ്പോകുന്നതായിരിക്കും. എന്നാൽ, ധിറുതികാണിക്കുകയും നമസ്കാരം നിലനിറുത്തുന്നതിൽ പരിപൂർണമായും ശ്രമിക്കാതിരിക്കുകയും ചെയ്യുന്നെങ്കിൽ മനുഷ്യൻ പിശാചിന്റെ പിടിയിൽ അകപ്പെടുന്നതാണ്. പൊതുവെ കാണുന്നത് മനുഷ്യൻ എടുത്തുചാട്ടക്കാരനാകുന്നതാണ്. പെട്ടെന്ന് പ്രതിഫലം കണ്ടില്ലെങ്കിൽ ഉടനെ പറയുന്നു, ദുആ ചെയ്തിട്ട് ഒരു ഫലവുമില്ലെന്ന്! എന്നാൽ, മനുഷ്യൻ ഭൗതിക സുഖം മാത്രമാണ് അല്ലാഹുവിനോട് ചോദിക്കുന്നതെങ്കിൽ അത്തരം ദുആകൾ അല്ലാഹു സ്വീകരിക്കില്ലെന്ന കാര്യം ഗ്രഹിച്ച് കൊള്ളുക. അതേ, അല്ലാഹുവിനോട് തന്റെ ആത്മീയവും ഭൗതികവുമായ അഭിവൃദ്ധി ചോദിക്കുക. അല്ലാഹുവിന്റെ സാമിപ്യം തേടുക. അപ്പോൾ അല്ലാഹു അടുത്തുവരുന്നു. പിന്നീട് അതിലൂടെ ആ വ്യക്തിയുടെ ഭൗതികാവശ്യങ്ങളും പൂർത്തിയാക്കുന്നതാണ്.

അതുകൊണ്ട് അല്ലാഹുവിനോടു ചോദിക്കുന്നതിന് കുറച്ചു മാർഗങ്ങളും നിയമങ്ങളുമുണ്ട്. അതിലൂടെ നടക്കേണ്ടിവരും. ഇതെങ്ങനെ ഉണ്ടാകും. അല്ലാഹു ഒരുഭാഗത്ത് ഇങ്ങനെ പറയുന്നു: ഉദ്ഊനീ അസ്തജിബ്‌ലക്കും നിങ്ങൾ എന്നെ വിളിക്കുക, ഞാൻ നിങ്ങളുടെ ദുആ കേൾക്കുന്നതാണ്. മറുഭാഗത്ത് മനുഷ്യൻ വിളിച്ചുകൊണ്ടേയിരിക്കുക. അല്ലാഹു കേൾക്കുന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈ വിഷയം വിവരിച്ച് കൊണ്ട് പറയുന്നു:

"നമസ്കാരങ്ങളിൽ ദുആകളും സ്വലാത്തുമുണ്ട്. ഇത് അറബി ഭാഷയിലാണ്. എന്നാ ൽ, നമസ്കാരങ്ങളിൽ സ്വന്തം ഭാഷയിലും ദുആകൾ ചെയ്യുക എന്നത് നിങ്ങൾക്ക് നി ഷിദ്ധമല്ല. അല്ലാഹുവിന്റെ കല്പനയാണ്: നമസ്കാരമെന്നത് അതിൽ വിനയവും മനസാന്നിധ്യവും ഉണ്ടായിരിക്കണം. വിനയമുണ്ടാക്കുക, ഹൃദയത്തെ മൃദുലമാക്കുക. അല്ലാഹുവിന്റെ മുമ്പിലാണ് നിൽക്കുന്നതെന്നും അവനോടാണ് ചോദിക്കുന്നതെന്നുമുള്ള ബോധത്തോടെ മനസ്സിൽ ദൈവഭയമുണ്ടാകണം. അത്തരക്കാരുടെ പാപങ്ങൾ അകലുന്നതാണ്. പറഞ്ഞു: അത്തരക്കാരുടെ പാപങ്ങൾ അകന്നു പോകുന്നതാണ്; അവരിൽ വിനയമുണ്ടാകുന്നു. വിശുദ്ധ ഖുർആൻ പറയുന്നു: *ഇന്നൽ ഹസനാത്തി യുദ്ഹിബ്ന സ്സയ്യിആത്തി* അതായത് നന്മകൾ തിന്മകളെ ദൂരീകരിക്കുന്നതാണ്. ഇവിടെ ഹസനാത്ത് എന്നതിന്റെ അർഥം നമസ്കാരമെന്നാണ്. മനസാന്നിധ്യവും വിനയവും സ്വന്തം ഭാഷയിൽ ചോദിക്കുന്നതിലൂടെയാണ് കരസ്ഥമാകുന്നത്. അതായത് വിനയമുണ്ടാകുന്നത്, മനുഷ്യമനസ്സ് ഉരുകുന്നത് അവൻ സ്വന്തം ഭാഷയിൽ ദുആ ചെയ്യുന്നതിലൂടെയാണ്; താനെന്താണ് പറയുന്നതെന്ന് ബോധവുമുണ്ടാകുമ്പോൾ! അതുകൊണ്ട് അവിടന്ന് പറഞ്ഞു, സ്വന്തം ഭാഷയിലും ദുആ ചെയ്യുക.

പിന്നീട് അവിടന്ന് പറയുന്നു: 'അല്ലാഹു പഠിപ്പിച്ചിട്ടുള്ള ദുആകൾ ചെയ്യേണ്ടതും വളരെ നിർബന്ധമാണ്. ചെയ്യേണ്ടതാണ്. അവയിൽ ഏറ്റവും ഉത്തമമായ ദുആ ഫാത്തിഹയാകുന്നു. കാരണം അത് എല്ലാ ദുആകളും അടങ്ങിയതാകുന്നു. സൂറഃ ഫാത്തിഹയിൽ അല്ലാഹു നമുക്ക് ഒരു ദുആ പഠിപ്പിച്ചിരിക്കുന്നു, ഇഹ്ദിന സ്വിറാത്തൽ മുസ്തഖീം ഇതിന്റെ അർഥം വളരെ വിശാലമാണ്. ഇതു വിശദീകരച്ചുകൊണ്ട് അവിടന്ന് പറയുന്നു:കർഷകന് കൃഷിയുടെ ചിന്ത വന്നാൽ അവൻ കൃഷിയുടെ നേരായ പാതയി (സ്വിറാത്തെ മുസ്തഖീമിൽ)ലെത്തുന്നതായിരിക്കും. കർഷകന് കൃഷിചെയ്യേണ്ട വിധം ആദ്യം അറിഞ്ഞിരിക്കണം. കൃഷി ഇറക്കേണ്ടതെങ്ങനെ എന്ന വിവരമുണ്ടാകണം. ഉഴുതുന്നത് അറിയണം. വിത്തു വിതയ്ക്കുന്നത് അറിയണം. എപ്പോഴാണ് വളം ചെയ്യേണ്ടതെന്ന് അറിയണം. നനയ്ക്കേണ്ടത് എപ്പോളാണെന്ന് അറിയണം. എപ്പോഴാണ് മരുന്നടിക്കേണ്ടതെന്ന് അറിയണം. ഈ കാര്യങ്ങളൊക്കെ അറിയുമ്പോൾ സ്വിറാത്തെ മുസ്തഖീമിലെത്തി. അവന്റെ ഈ ഫീൽഡിലെ സ്വിറാത്തെ മുസ്തഖീമിലെത്തി. കൃഷിയുടെ സ്വിറാത്തെ മുസ്തഖീമിൽ. ഇപ്രകാരം നിങ്ങൾ അല്ലാഹുവിനെ കണ്ടുമുട്ടുന്നതിനുള്ള നേരായ മാർഗം അന്വേഷിക്കുക. ദുആ ചെയ്യുക:യാ ഇലാഹീ!ഞാൻ നിന്റെ പാപിയായ ദാസനാകുന്നു. തരിശായി കിടക്കുന്നവനാകുന്നു. എന്നെ വഴി നടത്തിയാലും. ചെറുതും വലുതുമായ എല്ലാ ആവശ്യങ്ങളും ഒരുവിധ മടിയും കൂടാതെ അല്ലാഹുവിനോട് ചോദിക്കുക. യഥാർഥ ദാതാവ് അവനാകുന്നു. അവൻതന്നെയാണ് തരേണ്ടവൻ. ധാരാളമായി ദുആ ചെയ്യുന്നവനാണ് ഏറ്റവും നന്മയുള്ളവൻ. കാരണം ഒരു പിശുക്കന്റെ വാതിലിൽ പോയി ഒരു യാചകൻ എല്ലാ ദിവസവും യാചിക്കുന്നതായാൽ അവസാനം ഒരു ദിവസം ആ പിശുക്കനും ലജ്ജ ഉണ്ടാകുന്നതാണ്. അപ്പോൾ പിന്നീട് അല്ലാഹുവിനോടു ചോദിക്കുന്നവൻ, ആ അല്ലാഹു അതിരറ്റ ഉദാരനും എങ്ങനെയുള്ള ഉദാരനെന്നു പറഞ്ഞാൽ അവനു തുല്യനായി ആരുമില്ല, അവനിൽനിന്ന് എന്തുകൊണ്ട് കാര്യം നേടുകയില്ല. അതുകൊണ്ട് ചോദിക്കുന്നവൻ തീർച്ചയായും ഒരിക്കൽ അത് കരസ്ഥമാക്കുന്നതാണ്.നമസ്കാരത്തിന്റെ രണ്ടാമത്തെ പേരു തന്നെ ദുആ എന്നാണ്. ഉദ്ഊനീ അസ്തജിബ് ലക്കും എന്ന് പറഞ്ഞതുപോലെ. എന്നെ വിളിക്കുക, ഞാൻ നിങ്ങളുടെ പ്രാർഥന കേൾക്കുന്നതായിരിക്കും. പിന്നീട് പറഞ്ഞു: *വ ഇദാ സഅലക്ക ഇബാദീ അന്നീ ഫഇന്നീ ഖരീബുൻ ഉജീബു ദഅ്‌വത്ത ദ്ദായി ഇദാ ദആൻ* എന്റെ ദാസൻ എന്നെ കുറിച്ച് ചോദിക്കുമ്പോൾ ഞാൻ അപ്പോൾ വളരെ അടുത്തുതന്നെയുണ്ട്. എന്നെ വിളിക്കുന്നവന്റെ ദുആ ഞാൻ സ്വീകരിക്കുന്നു; അവൻ എന്നെ വിളിക്കുമ്പോൾ. അവിടന്ന് പറഞ്ഞു: ചിലയാളുകൾ അവന്റെ സത്തയിൽ, അല്ലാഹുവിന്റെ സത്തയിൽ സംശയിക്കുന്നു. പക്ഷേ, അല്ലാഹു പറയുന്നു, എന്റെ അസ്തിത്വത്തിനുള്ള അടയാളം നിങ്ങളെന്നെ വിളിക്കുകയും എന്നോടു ചോദിക്കുകയും ചെയ്യുക, ഞാൻ നിങ്ങളെ വിളിക്കുന്നതായിരിക്കും നിങ്ങളുടെ വിളിക്കുത്തരം നല്കുന്നതായിരിക്കും നിങ്ങളെ ഓർക്കുന്നതുമായിരിക്കും.

തങ്ങൾ ഒരുപാട് വിളിക്കുന്നുണ്ട് ഉത്തരം ലഭിക്കുന്നില്ല എന്നു ആളുകൾ പറയുകയാണെങ്കിൽ അവിടന്ന് പറയുന്നു: നോക്കൂ! നിങ്ങൾ ഒരു സ്ഥലത്ത് നിന്നുകൊണ്ട് ദൂരെയുള്ള ഒരാളെ വിളിക്കുന്നു. ഒന്ന് സ്ഥലത്തിന്റെ ദൂരമുണ്ട്. രണ്ടാമത്തേത് നിങ്ങളുടെ ചെവിയിൽ എന്തോ ന്യൂനതയുമുണ്ട്. ചെവിയിൽ എന്തോ പ്രശ്നമുള്ളതുകൊണ്ട് ദൂരെ നിന്നുള്ള ഉത്തരം കേൾക്കാനും കഴിയുന്നില്ല. അവിടന്ന് പറഞ്ഞു, പതുക്കെപ്പതുക്കെ നിങ്ങളുടെ ഇടയിലുള്ള മറയും പർദയും ദൂരവും അകലുമ്പോൾ നിങ്ങൾ തീർച്ചയായും അതു കേൾക്കുന്നതായിരിക്കും. പരിശ്രമംചെയ്ത് ചെയ്ത് എത്രത്തോളം അല്ലാഹുവിൻരെ അടുത്തെത്തുമോ അവന്റെ സ്വരവും കേൾക്കുന്നതായിരിക്കും.' അവിടന്ന് പറഞ്ഞു: 'ലോകം ഉണ്ടായതുമുതൽ ഇതിനുള്ള തെളിവ് ലഭിച്ചുകൊണ്ടിരിക്കുന്നുണ്ട്. അവൻ തന്റെ പ്രത്യേക ദാസരോടു സംസാരിക്കുന്നു. അങ്ങനെ അല്ലായിരുന്നുവെങ്കിൽ പതുക്കെപ്പതുക്കെ ഇക്കാര്യം അവന്റെ അസ്തിത്വം ഉണ്ടോ എന്നുള്ള കാര്യവും ഇല്ലാത്തതായി പോകുമായിരുന്നു. അതിനാൽ അല്ലാഹുവിന്റെ അസ്തിത്വത്തിനുള്ള ഏറ്റവും പ്രബലമായ മാർഗം നമ്മൾ അവന്റെ ശബ്ദം കേൾക്കുക എന്നതു തന്നെയാണ്. ഒന്നുകിൽ കാണുക അല്ലെങ്കിൽ സംസാരിക്കുക. അതുകൊണ്ട് ഇപ്പോഴത്തെ സംസാരം കാണുന്നതിന്റെ പ്രതിനിധിയാണ്. അതേ! അല്ലഹുവിന്റേയും ചോദിക്കുന്നവന്റേയും ഇടയിൽ എന്തെങ്കിലും മറ നിലനിൽക്കുവോളം നമുക്ക് കേൾക്കാൻ കഴിയില്ല. ഇടയിലുള്ള മറ ഉയർന്നുപോകുമ്പോൾ അവന്റെ ശബ്ദം കേൾക്കുന്നതായിരിക്കും.(മൽഫൂദാത്ത് വാല്യം 7, പേജ് 226-227)

അതുകൊണ്ട് ഈ ഇടയ്ക്കുള്ള മറ നീക്കേണ്ട ആവശ്യമുണ്ട്. ഇതും അല്ലാഹുവിന്റെ വാഗ്ദാനമാണ്.ആരാണോ എന്നിലേക്ക് ഗൗരവത്തോടെ വരുന്നത് എന്റെ സത്തയുടെ യാഥാർഥ്യം മസ്സിലാക്കി എന്നിലേക്ക് ചുവടു വെക്കുന്നത് ഞാനും അവനിലേക്ക് വരുന്നതാണ്. ഇക്കാര്യം നബി(സ)തിരുമേനിയും പറയുകയുണ്ടായി. ദാസൻ എന്നിലേക്ക് ഒരു ചുവടു

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**'അല്ലാഹുവിന്റെ കാരുണ്യത്തെ ആകർഷിച്ചെടുക്കുന്നതിനും മലക്കുകളുടെ വലയത്തിനുള്ളിൽ വരുന്നതിനും, നമ്മളിൽ ഓരോരുത്തരും വിശുദ്ധഖുർആൻ പഠിക്കുകയും അത് മനസ്സിലാക്കുകയും നമ്മുടെ മക്കളെ പഠിപ്പിക്കുകയും നിത്യവും ഖുർആൻ പാരായണം ചെയ്യാൻ അവരെ ഉപദേശിക്കുകയും ചെയ്യേണ്ടത് നിർബന്ധമാണ്.'**
**(ഖുത്ബാത്തെ മസ്റൂർ, വാല്യം 3, പേജ് 565)**

**ത്വാലിബെ ദുആ:**
**M.K. Abdul Azeez & Family, Ahmadiyya Jama-ath Mannarkad(Kerala)**

വെക്കുമ്പോൾ ഞാൻ അവനിലേക്ക് രണ്ടു ചുവടു വെക്കുന്നു. ദാസൻ നടന്നുവരുമ്പോൾ ഞാൻ ഓടി വരുന്നു.(സ്വഹീഹുൽബുഖാരി കിതാബുത്തൗഹീദ് ഹദീഥ് 7536)

എന്തെങ്കിലും കുറവുണ്ടെങ്കിൽ അത് നമ്മളിലാണ്. അതുകൊണ്ട് നമുക്ക് അല്ലാഹുവിലേക്ക് പോകേണ്ട ആവശ്യമുണ്ട്. അതിന്റെ വഴി അന്വേഷിക്കേണ്ടതിന്റേയും അവനുമായി കൂടിക്കാഴ്ച നടത്തേണ്ടതിന്റേയും അവന്റെ സഹായിത്തിന്റേയും ആവശ്യമുണ്ട്. നമ്മൾ ഹദ്റത്ത് മസീഹ് മൗഊദിന് ബയ്അത്തുചെയ്തുവെന്ന് വാദിക്കുന്നവരാണ്. അതുകൊണ്ട് അല്ലാഹുവിലേക്ക് പോകാൻ പൂർണമായ ശ്രമം നടത്തേണ്ട ആവശ്യമുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞ ഏതെങ്കിലും ഒരു കാര്യമനുസരിച്ച് കർമം ചെയ്യുക, ഇസ്‌ലാമിനെ പരിചയപ്പെടുത്താൻ മസ്ജിദ് നിർമിക്കുക എന്നതനുസരിച്ച് മാത്രം പ്രവർത്തിക്കുക മാത്രം മതിയായതല്ല. പ്രത്യുത അതിന് കർമപരമായ ശ്രമങ്ങളുടെ ആവശ്യമുണ്ട്. പിന്നെ അല്ലാഹുവിന്റെ സഹായത്തിന്റേയും ആവശ്യമുണ്ട്. ശ്രമത്തോടൊപ്പം അല്ലാഹുവിന്റെ സഹായം കിട്ടുമ്പോൾ അപ്പോഴായിരിക്കും വിജയം ലഭിക്കുക. ഇക്കാര്യം വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ബയ്അത്തിന്റെ അവസരത്തിൽ തൗബയുടെ ഏറ്റുചൊല്ലലിൽ ഒരു ബർക്കത്തുണ്ടെന്നത് ഓർത്തുകൊള്ളുക. അതിനോടൊപ്പം ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുന്നതാണെന്ന നിബന്ധനകൂടി വെക്കുമ്പോൾ അഭിവൃദ്ധി ഉണ്ടാകുന്നതാണ്. ബയ്അത്ത് ചെയ്തു, അനുഗ്രഹമുണ്ടായി. അതിനോടൊപ്പം ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുമെന്ന നിബന്ധനകൂടി ചേരുമ്പോൾ പിന്നെ അഭിവൃദ്ധിയും ഉണ്ടായിക്കൊണ്ടിരിക്കും. എന്നാൽ മുന്തിക്കുയെന്നത് നിങ്ങളുടെ കഴിവിൽപ്പെട്ടതല്ല. മറിച്ച് അതിനായി ദൈവസഹായത്തിന്റെ വളരെയധികം ആവശ്യമുണ്ട്. അതിനുവേണ്ടി അല്ലാഹുവിന്റെ സഹായം വേണം. എന്ന് അവൻ പറയുന്നതുപോലെ. അതായത് ആരാണോ നമ്മുടെ മാർഗത്തിൽ പരിശ്രമിക്കുന്നത് അവസാനം അവർ നേർവഴിയിൽ എത്തിച്ചേരുന്നതാണ്. പറഞ്ഞു: വിത്തു വിതച്ചതിനുശേഷം അധ്വാനിക്കുകയും നനയ്ക്കുകയും ചെയ്യുന്നില്ലെങ്കിൽ അത് പാഴായിപ്പോകുന്നതുപോലെ! ഒരു കർഷകൻ വിത്തു വിതയ്ക്കുന്നു. അല്ലെങ്കിൽ നടുന്നു. അതിനെ കഠിനാധ്വാനത്തോടുകൂടി പരിപാലിക്കുന്നില്ലെങ്കിൽ അതിനെ നനയ്ക്കുന്നില്ലെങ്കിൽ അതിൽ അനുഗ്രഹമുണ്ടാകുകയില്ല. അതിൽ അനുഗ്രഹം പതിയുകയില്ല. മുളയ്ക്കുകയില്ല. മുളയ്ക്കുകയാണെങ്കിൽത്തന്നെ ദുർബലമായിരിക്കും. എന്നല്ല സ്വയം നശിക്കുകയും ചെയ്യുന്നു. ഇതുപോലെ നിങ്ങളും നിങ്ങൾ ചെയ്ത പ്രതിജ്ഞ നിത്യേന ഓർക്കുന്നില്ലെങ്കിൽ പറഞ്ഞു: ദുൻയാവിനെക്കാൾ ദീനിനെ മുന്തിക്കുമെന്ന പ്രതിജ്ഞ നിത്യവും ഓർക്കുന്നില്ലെങ്കിൽ , അല്ലാഹുവേ, ഞങ്ങളെ സഹായിക്കുക എന്ന് ദുആ ചെയ്യുന്നില്ലെങ്കിൽ ഫള്‌ലെ ഇലാഹി ഉണ്ടാകുകയില്ല. ദൈവിക സഹായം കൂടാതെ മാറ്റം അസംഭാവ്യമാണ്. അല്ലാഹുവിന്റെ സഹായം കൂടാതെ മാറ്റു ഉണ്ടാകുകയേയില്ല. അവന്റെ സഹായം ലഭിക്കുന്നതിനും അവന്റെ അനുഗ്രഹം ലഭിക്കുന്നതിനും ദുആ നിർബന്ധമായും ചെയ്യേണ്ടിവരും. പറഞ്ഞു: കള്ളൻ, ദുർവൃത്തൻ, വ്യഭിചാരി തുടങ്ങിയ കുറ്റവാളികൾ എപ്പോഴും അതേ സ്ഥിതിയിലിരിക്കുകയില്ല. പ്രത്യുത ചില നേരത്ത് അവർക്ക് തീർച്ചയായും പശ്ചാത്താപമുണ്ടാകുന്നു. ഈ അവസ്ഥതന്നെയാണ് ഓരോ ദുർവൃത്തന്റേതും. ഇതിൽനിന്ന് സ്ഥാപിതമാകുന്നത് മനുഷ്യനിൽ നന്മയുടെ വിചാരം തീർച്ചയായുമുണ്ടെന്നാണ്. ഈ വിചാരത്തിനുവേണ്ടി അവന് ദൈവസഹായത്തിന്റെ വളരെ ആവശ്യമുണ്ട്. അതുകൊണ്ട് തന്നെയാണ് അഞ്ചുനേരം നമസ്കാരങ്ങളിൽ സൂറ ഫാത്തിഹ പാരായണം ചെയ്യണമെന്ന കല്പന നല്കിയിരിക്കുന്നത്. അതിൽ ഇയ്യാക്ക നഅ്ബുദു പിന്നെ വ ഇയ്യാക്ക നസ്തഈൻ എന്ന് പറഞ്ഞിരിക്കുന്നു. അതായത് ഞങ്ങൾ നിന്നെയാണ് ആരാധിക്കുന്നത് സഹായവും നിന്നിൽ നിന്നാണ് തേടുന്നത്.

ഇതിൽ രണ്ട് കാര്യങ്ങൾ സൂചിപ്പിക്കുന്നു. അതായത് എല്ലാ പ്രവൃത്തികളിലും കഴിവുകൾ ഉപായങ്ങൾ കഠിനാധ്വാനം എന്നിവയോടുകൂടി പ്രവർത്തിക്കുക. അതായത് എല്ലാ ഓരോ നല്ല കാര്യവും ചെയ്യുന്നതിന് അല്ലാഹു നല്കിയിട്ടുള്ള മാനുഷികമായ കഴിവുകൾ, ഏതൊരു ഉപായങ്ങൾ ചെയ്യാൻ കഴിയുമോ എന്തൊരു പരിശ്രമം ചെയ്യാൻ കഴിയുമോ അത് ചെയ്യേണ്ടതാണ്. ഇത് 'നഅ്ബുദു'വിലേക്കുള്ള സൂചനയാണ്. കാരണം ആരാണോ കേവലം ദുആ ചെയ്യുന്നത് അധ്വാനിക്കാത്തത് അവൻ ഭാഗ്യവാനാകുകയില്ല. കേവലം ദുആ കൊണ്ട് ഒന്നും നടക്കുകയില്ല. പരിശ്രമിക്കുകയും വേണ്ടിവരും. ഇല്ലെങ്കിൽ വിജയിയാകുകയില്ല. ഏതുപോലെ കർഷകൻ വിത്ത് വിതച്ച് അധ്വാനിക്കുന്നില്ലെങ്കിൽ പിന്നെ വിളവ് എന്ത് പ്രതീക്ഷിക്കാനാണ്? ഇതു അല്ലാഹുവിന്റെ നടപടി ക്രമമാണ്. ഇയാൾ വെറും ദുആ ചെയ്തിരിക്കുകയാണെങ്കിൽ തീർച്ചയായും പിന്തള്ളപ്പെടും. അതിന് വെള്ളം കൊടുക്കുന്നില്ലെങ്കിൽ, അതിലെ കളകൾ പറിച്ച് നീക്കുന്നില്ലെങ്കിൽ, അതിനെ സംരക്ഷിക്കുന്നില്ലെങ്കിൽ മനുഷ്യൻ ഭാഗ്യം കെട്ടവനായി മാറും. ഉദാഹരണത്തിന് രണ്ടു കർഷകരുണ്ട്. ഒരാൾ കഠിനാധ്വാനിയും എല്ലാകാര്യങ്ങളും വേണ്ടുംവിധം ചെയ്യുന്നവനുമാണ്. അവൻ തീർച്ചയായും വിജയിക്കും. രണ്ടാമത്തെ കർഷകൻ അധ്വാനിക്കുന്നില്ല. അല്ലെങ്കിൽ അല്പമെ അധ്വാനിക്കുന്നുള്ളു. അയാളുടെ വിളവ് എപ്പോഴും കുറവുകാണിക്കും. അതായത് തികച്ചും വളരെ കുറവായിരിക്കും. അതുകൊണ്ട് അയാൾക്ക് സർക്കാരിനു കൊടുക്കാനുള്ള ടാക്സുപോലും കൊടുക്കാൻ കഴിയുകയില്ല. അവനെപ്പോഴും പട്ടിണിയിലായിരിക്കും. ഇതുപോലെയാണ് ദീനിന്റെ കാര്യവും. അതിൽ കപടവിശ്വാസിയും അലസനും സ്വാലിഹും അവരിൽനിന്ന് അബ്ദാലുകളും ഖുത്ബുകളും ഗൗഥുകളുമുണ്ടാകുന്നു. ആളുകളെല്ലാം ഒരുപോലെയുള്ളവരാണ്. പക്ഷേ, അവരിൽ കപടവിശ്വാസികളും ഉണ്ടാകുന്നു. പണിയെടുക്കാത്തവരും മടിയന്മാരുമുണ്ടാകുന്നു. പക്ഷേ, അവരിൽ സ്വാലിഹുകളും ഉണ്ടാകുന്നു. അവർ അബ്ദാൽവരെ എത്തുന്നു. ഖുത്ബുബായിത്തീരുന്നു. ഗൗഥ് ഉണ്ടാകുന്നു. അല്ലാഹുവിന്റെ പക്കൽ ദർജകൾ പ്രാപിക്കുന്നു. ചിലർ നാൽപതോളം വർഷക്കാലം നമസ്കാരം അനുഷ്ഠിക്കുന്നുണ്ടെങ്കിലും അവസ്ഥ ആദ്യത്തേതുതന്നെയാണ്. ഒരു പുരോഗതിയുമുണ്ടായിട്ടുണ്ടാകില്ല. ഒരു മാറ്റവും ഉണ്ടായിട്ടുണ്ടാകുകയില്ല. റമദാനിലെ മുപ്പത് നോമ്പുകൾ നോൽക്കുന്നു, ഒരു ഫലവും അനുഭവിക്കുന്നില്ല. റമളാനുശേഷം വീണ്ടും അതേ അവസ്ഥതന്നെ.

തങ്ങൾ വലിയ മുത്തഖികളാണെന്നും നീണ്ട കാലമായി നമസ്കാരം അനുഷ്ഠിക്കുന്നവെന്നും ഒരുപാടാളുകൾ പറയാറുണ്ട്. എന്നാൽ, തങ്ങൾക്ക് ദൈവിക സഹായം കിട്ടിയിട്ടില്ല. വാദമെന്തായാലും മുത്തഖിയാണെന്നുള്ളതാണ്. വലിയ നമസ്കാരം അനുഷ്ഠിക്കുന്നുവെന്ന വാദമാണ്. പക്ഷേ, അതിനോടൊപ്പം പറയുന്നു, ദൈവസഹായം ലഭിക്കുന്നില്ല. അതിനുള്ള കാരണം ഇതാണ്, ആചാരപരവും അനുകരണ പൂർണവുമായ നമസ്കാരമാണ് അവർ നിർവഹിക്കുന്നത്. പുരോഗതിയെ കുറിച്ചുള്ള ഒരുവിധ ചിന്തയും അവർക്കില്ല. പാപങ്ങളെ തിരിച്ചറിയുന്നില്ല. ഇവർ പരിശ്രമിക്കുന്നില്ല. തന്റെ ഉള്ളിൽ എന്തൊന്തൊക്കെ പാപങ്ങളലാണ് ഉള്ളതെന്ന് അന്വേഷിക്കുന്നില്ല. സത്യസന്ധമായ തൗബ ആവശ്യപ്പെടുന്നില്ല. പാപങ്ങളിലേക്ക് ശ്രദ്ധ ഉണ്ടായിരിക്കണം. ഏതേതെല്ലാം പാപങ്ങളാണുള്ളതെന്ന് മനുഷ്യൻ അന്വേഷിക്കുക. അപ്പോഴായിരിക്കും സത്യസന്ധമായ തൗബയുമുണ്ടാകുക. അവൻ തൗബ തേടുന്നതായിരിക്കും.

അത്തരം മനുഷ്യൻ ആദ്യപടിയിൽ തന്നെ നിൽക്കുന്നു. അത്തരം മനുഷ്യൻ മൃഗത്തെക്കാളൊട്ടും കുറവല്ല. അങ്ങനെ ഇത് മൃഗങ്ങളെപ്പോലുള്ള അവസ്ഥയാണ്. മനുഷ്യനും മൃഗവും തമ്മിൽ വ്യത്യാസമൊന്നും ഉണ്ടാകുകയില്ല. അത്തരക്കാരുടെ നമസ്കാരങ്ങൾ ദൈവത്തി നിന്ന് നാശം കൊണ്ടുവരുന്നു. അതിന് സ്വീകാര്യത ലഭിക്കുകയില്ല. മറിച്ച് അത് അയാളുടെ മുഖത്തേക്ക് വലിച്ചെറിയപ്പെടുന്നതാണ്. നമസ്കാരമെന്നാൽ അതിനോടൊപ്പം അഭിവൃദ്ധി കൊണ്ടുവരണം; വൈദ്യന്റെ ചികിത്സയിൽ കഴിയുന്ന രോഗി ഒരു മരുന്ന പത്തുദിവസം കഴിക്കുന്നു. പിന്നീട് അതുകൊണ്ട് അയാൾക്ക് നിത്യവും അതുകൊണ്ട് വിഷമമുണ്ടാകുന്നു. ഇത്ര ദിവസത്തിനുശേഷവും ഫലമൊന്നുമുണ്ടാകുന്നില്ലെങ്കിൽ തനിക്ക് ചേർന്നത് തന്നെയാണ് മരുന്നു എന്ന് രോഗിക്ക് സംശയമുണ്ടാകുന്നു. അതു മാറണമെന്ന് വിചാരിക്കുന്നു. അതുകൊണ്ട് ചടങ്ങെന്ന നിലയിലും ആചാരപരവുമായ ഇബാദത്ത് ശരിയല്ല.(മൽഫൂദാത്ത് വാള്യം 7 പേജ് 225–226)അതിനേയും മാറ്റേണ്ടിവരും. എന്താണ് കാരണമെന്ന് ചിന്തിക്കേണ്ടിവരും. കാരണം അല്ലാഹുവിന്റെ വാദമാണ് താൻ ദുആ സ്വീകരിക്കുന്നുവെന്നത്. എന്റെ ദുആആണെങ്കിൽ സ്വീകരിക്കപ്പെടുന്നുമില്ല. അതിനാൽ ഇബാദത്ത് എന്നു പറയുന്നത് അതുമുഖേന അല്ലാഹുവിന്റെ സാമീപ്യമുണ്ടാകണം.

പിന്നീട് നമസ്കാരത്തിന്റെ യാഥാർഥ്യം വിവരിച്ച് കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)

**ഹദീഥുന്നബ്‌വി (സ):**

***ആഇശ(റ)പറയുന്നു:'നബി(സ)തിരുമേനിക്ക് തുടക്കത്തിൽ ലഭിച്ച ദൈവികസന്ദേശങ്ങളുടെ ആരംഭം ഉറക്കത്തിൽ ദൃശ്യമാകുന്ന നല്ല സ്വപ്നങ്ങളായിരുന്നു. അവിടന്ന് കാണുന്ന എല്ലാ സ്വപ്നങ്ങളും പ്രഭാതോദയംപോലെ സ്പഷ്ടമായി പുലർന്നുകൊണ്ടിരുന്നു.'***
***(ബുഖാരി, കിതാബുൽ വഹ്‌യ്, ഹദീഥ് നമ്പർ 3)***

**ത്വാലിബെ ദുആ**
**P.P.Raheem & Family**
**Ahmadiyya Jama-ath Payangadi, Kerala.**

**ഹദീസുന്നബ്‌വി(സ)**

**നബി(സ)തിരുമേനി പറഞ്ഞു: 'പ്രവർത്തനങ്ങൾക്ക് പ്രതിഫലം നല്കുന്നത് ഉദ്ദേശ്യമനുസരിച്ച് മാത്രമാകുന്നു. ഓരോ മനുഷ്യനും അവനുദ്ദേശിച്ചതെന്തോ അതാണ് ലഭിക്കുക.'**
**(ബുഖാരി, കിതാബുൽ വഹ്‌യ്, ഹദീഥ് നമ്പർ 1)**

**ത്വാലിബെ ദുആ:**
**Rahman Shakeer & Family**
**Ahmadiyya Jama-ath Karulai, Kerala.**

പറയുന്നു: നമസ്കാരം എന്നാൽ യഥാർഥത്തിൽ ദുആ ആകുന്നു. നമസ്കാരത്തിൽ പറയുന്ന ഓരോരോ പദവും ദുആയുടെ അടയാളമാണ്. നമസ്കാരത്തിൽ ഹൃദയസാന്നിധ്യം ഉണ്ടാകുന്നില്ലായെങ്കിൽ പിന്നെ ശിക്ഷയ്ക്കായി തയ്യാറായി കൊള്ളുക. ഏതൊരു വ്യക്തിയാണോ ദുആ ചെയ്യാത്തത്, അവൻ നാശത്തിന്റെ സമീപത്തല്ലാതെ മറ്റെവിടെയാണ്. താൻ ദുഃഖിക്കുന്നവരുടെ ദുഃഖം വഹിക്കുന്നവനാണെന്ന് ഒരു ഭരണാധികാരി നിരന്തരം പറഞ്ഞുകൊണ്ടിരിക്കുന്നു. താൻ നിർബന്ധിതരായവരുടെ, ദുഃഖിതരുടെ, ദുഖംവഹിക്കുന്നുവെന്നും പ്രയാസങ്ങൾ പരിഹരിച്ചുകൊടുക്കുമെന്നും ഭരണാധികാരി വിളംബരം ചെയ്തിരിക്കുന്നതായി സർക്കാരും വിളംബരം ചെയ്ത്; താൻ വളരെ കരുണകാണിക്കുന്നു. നിരാലംബരെ സഹായിക്കുന്നു! പക്ഷേ, പ്രയാസത്തിൽ അകപ്പെട്ട ഒരു വ്യക്തി അയാളെ ഗൗനിക്കാതെ അയാളുടെ അടുത്തുടെപോകുന്നു. തന്റെ ബുദ്ധിമുട്ടുകൾ പറഞ്ഞ് സഹായം ആവശ്യപ്പെട്ടതുമില്ല. അങ്ങനെയുള്ള ഒരാൾ നാശടയാതെ ഇരിക്കുന്നതെങ്ങനെ? ഇതേ അവസ്ഥതന്നെയാണ് അല്ലാഹുവിന്റേതും. അവൻ മനുഷ്യന് എപ്പോഴും സൗഖ്യം നല്കാൻ തയ്യാറാണ്; അവനോട് അത് ചോദിക്കണമെന്നതാണ് നിബന്ധന. ധിക്കാരത്തിൽ നിന്ന് വിട്ട് നില്ക്കുകയെന്നത് ദുആ സ്വീകരിക്കുന്നതിന് നിർബന്ധമാണ്. വളരെയധികം ശക്തിയോടുകൂടി ദുആ ചെയ്യുക. കാരണം കല്ലിനു മേൽ കല്ലു ശക്തിയായി ഉരസുമ്പോഴാണ് തീയുണ്ടാകുന്നത്.'(മൽഫൂദാത്ത് വാല്യം 7 പേജ് 70)

അങ്ങനെ നാം ഈ അവസ്ഥ നമ്മുടെ ഉള്ളിൽ സൃഷ്ടിക്കുമ്പോൾ നമ്മുടെ നമസ്കാരങ്ങളും നമ്മുടെ കർമങ്ങളും അല്ലാഹുവിന്റെ തൃപ്തിക്ക് കരസ്ഥമാക്കന്നതിനുവേണ്ടി ആയിത്തീരുമ്പോൾ പിന്നീട് അല്ലാഹുവും നമ്മുടെ ഭയപാടുകളെ സമാധാനമാക്കി മാറ്റുന്നു. ഇവിടെ വന്നിട്ട് എന്തൊന്നാണോ നമുക്കു കിട്ടിയത് അതെല്ലാം അല്ലാഹുവിന്റെ ഫള്‌ലുകൊണ്ടാണെന്നുള്ള കാര്യം എപ്പോഴും ഓർക്കുക. അതിൽ വർധന ഉണ്ടാകുന്നതും അല്ലാഹുവിന്റെ ഫള്‌ലകൊണ്ടായിരിക്കും. അതുകൊണ്ട് അല്ലാഹുവിനെ ആരാധിക്കുന്നതിലേക്ക് അവന്റെ ദാസരോടുള്ള കടമ നിറവേറ്റുന്നതിലേക്ക് ശ്രമിക്കേണ്ടത് അവന്റെ ഫള്‌ലുകൾ കരസ്ഥമാക്കുന്നതിന് നിർബന്ധമാണ്. നിങ്ങൾക്ക് സ്വയം ആത്മപരിശോധന നടത്താൻ കഴിയും. എത്രത്തോളം നമ്മൾ നമസ്കാരം നിലനിറുത്താൻ ശ്രമിക്കുന്നുണ്ടെന്ന്. ഏതുവരെ ഓരോരുത്തർക്കും അല്ലാഹുവുമയി ബന്ധം സ്ഥാപിതമായിട്ടുണ്ടെന്ന്. അല്ലെങ്കിൽ അതിനുവേണ്ടി ശ്രമിക്കുന്നുണ്ടെന്ന്. എത്രത്തോളം ഭൗതികകാര്യങ്ങൾ നമ്മുടെ നമസ്കാരങ്ങളിൽ തടസമാകുന്നുണ്ടെന്ന്. നബി(സ)തിരുമേനിയുട ഈ നിർദ്ദേശം നമ്മൾ എപ്പോഴും മുന്നിൽ വെക്കേണ്ടതാണ്, കുഫ്റിനും ഈമാനിനും ഇടയ്ക്ക് വ്യത്യാസമുണ്ടാക്കുന്ന കാര്യം നമസ്കാരം ഉപേക്ഷിക്കലാണ്.(സ്വഹീഹ് മുസ്‌ലിം, കിതാബുൽ ഈമാൻ, ഹദീഥ് 82)

കുഫ്റിന്റേയും ഈമാനിന്റേയും ഇടയ്ക്കുള്ള വ്യത്യാസം ഏതു വസ്തുകൊണ്ടായിരിക്കും ഉണ്ടാകുക? നമസ്കാരം ഉപേക്ഷിക്കുന്നതിലൂടെയായിരിക്കും ഉണ്ടാകുക. അതുകൊണ്ട് ഈ നിർദേശം നമ്മെ പ്രകമ്പനം കൊള്ളിക്കുന്നതാകേണ്ടതാണ്. നമസ്കാരം കൃത്യമായി അനുഷ്ഠിക്കുന്നവനാണ് വിശ്വാസി. അല്ലെങ്കിൽ അവനും ഒരു കാഫിറും തമ്മിൽ ഒരുവിധ വ്യത്യാസവുമില്ല. നമസ്കാരം ജമാഅത്തായിട്ടു നമസ്കരിക്കുന്നവരുടെ പുണ്യവും അല്ലാഹു –നമസ്കരിക്കുക എന്നു മാത്രമല്ല പറഞ്ഞത്, ജമാഅത്തായി നമസ്കരിക്കുക എന്നാണ് പറഞ്ഞത്, കടമനിറവേറ്റിക്കൊണ്ട് നമസ്കരിക്കാനാണ് പറഞ്ഞത്–25 ഇരട്ടി ചിലയിടത്ത് 27 എന്നും പറഞ്ഞിട്ടുണ്ട് പ്രതിഫലം വെക്കപ്പെട്ടിട്ടുള്ളതായി പറഞ്ഞിരിക്കുന്നു. (സ്വഹീഹുൽ ബുഖാരി, കിതാബുൽ അദാൻ ഹദീഥ് 645–646)

എന്നിട്ടും എന്തെങ്കിലും ഒഴിച്ചു കൂടാൻ പറ്റാത്ത സാഹചര്യം ഉണ്ടായാലൊഴികെ ഇക്കാര്യത്തിൽ ശ്രദ്ധിക്കുന്നില്ലെങ്കിൽ നമ്മുടെ എത്രമാത്രം ദൗർഭാഗ്യമായിരിക്കുമത്. അതുകൊണ്ട് നമ്മൾ മസ്ജിദുകൾ നിർമിക്കുന്നതോടൊപ്പം ആ മസ്ജിദുകളോടുള്ള കടമകളും പൂർത്തിയാക്കേണ്ടതാണ്. സ്വന്തം ആരാധനകളുടെ നിലവാരം ഉയർത്തേണ്ടത് നിർബന്ധമാണ്. ധനത്യാഗങ്ങളിലേക്കും ശ്രദ്ധ നല്കേണ്ടത് നിർബന്ധമാണ്. സ്വന്തമായി നന്മകൾ നിർവഹിക്കുകയും തന്റെ ധാർമികത ഉയർത്തുകയും മറ്റുള്ളവരെ നന്മ ചെയ്യുന്നതിലേക്ക് പ്രേരിപ്പിക്കുകയും ചെയ്യേണ്ടതും അനിവാര്യമാണ്. സ്വയം സാമൂഹികമായ തിന്മകളിൽ നിന്ന് രക്ഷനേടുകയും മറ്റുള്ളവരെ രക്ഷിക്കേണ്ടതും നിർബന്ധമാണ്. അല്ലാത്തപക്ഷം നമ്മുടെ ബയ്അത്ത് പ്രതിജ്ഞ വാചകമടിയായ ബയ്അത്ത് മാത്രമായിരിക്കും.. നമുക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ നിർദേശം എപ്പോഴും മുമ്പിൽ വെക്കേണ്ടതാണ്. അവിടന്ന് പറയുന്നു:നിങ്ങൾ എങ്ങനെ ആകണമെന്നാൽ അല്ലാഹുവിന്റെ തീരുമാനം നിങ്ങളുടെ തീരുമാനവും അവന്റെ ഇഷ്ടം നിങ്ങളുടെ ഇഷ്ടവും ആയിത്തീരേണ്ടതാണ്. നിങ്ങളുടേതായ ഒന്നുംതന്നെ ഉണ്ടാകരുത്. സർവവും അവന്റേതായിരിക്കണം. പരിശുദ്ധി കൊണ്ടുദ്ദേശിക്കുന്നതിന്റെ അർഥം മനസ്സിൽനിന്ന് അല്ലാഹുവിനോടുള്ള കർപരവും വിശ്വാസപരവുമായ എതിർപ്പ് ഇല്ലാതാകുക എന്നാണ്. അവന്റെ തീരുമാനം തന്റെ തീരുമാനവും അവന്റെ ഇഷ്ടം തന്റെ ഇഷ്ടത്തിൽ അലിഞ്ഞില്ലാതായിട്ടുണ്ടോ എന്ന് അവൻ സ്വയം നോക്കുന്നതുവരെ അല്ലാഹു ആരേയും സഹായിക്കുകയില്ല.

അവിടന്ന് പറയുന്നു: ജമാഅത്തംഗങ്ങളുടെ ആധിക്യത്തിൽ ഞാനൊരിക്കലും സന്തോഷിക്കുന്നില്ല. ഇപ്പഴാണെങ്കിൽ അത് നാലുലക്ഷമോ അതിലധികമോ വിവരിക്കപ്പെടുന്നുണ്ട്. എന്നാൽ, യഥാർഥ ജമാഅത്തിന്റെ അർഥം കൈയിന്മേൽ കൈ വെച്ച് വെറും ബയ്അത്തു ചെയ്യുക എനനതല്ല. മറിച്ച് ബയ്അത്തിന്റെ നിബന്ധനയനുസരിച്ച് പ്രവർത്തിക്കുമ്പോഴാണ് യഥാർഥമായ നിലയിൽ ജമാഅത്ത് എന്ന് വിളിക്കപ്പെടാൻ അർഹത ഉണ്ടാകുക. സത്യസന്ധമായ നിലയിൽ അവരിൽ ഒരു പരിശുദ്ധ മാറ്റം ഉണ്ടാകണം. അവരുടെ ജീവിതം പാപത്തിന്റെ മാലിന്യത്തിൽ നിന്ന് പരിപൂർണ പരിശുദ്ധി കൈവരിക്കുകയു അല്ലാഹുവിനോടുള്ള കടമയും സൃഷ്ടികളോടുള്ള കടമയും വിശാല ഹൃദയത്തോടെ പരിപൂർണവും സമ്പൂർണവുമായ നിലയിൽ നിർവഹിക്കപ്പെടുകയും ദീനിന് വേണ്ടിയും ദീനിന്റെ പ്രചാരണത്തിന് വേണ്ടിയും അവരിൽ ഒരു വിങ്ങൽ സൃഷ്ടിക്കപ്പെടുകയും സ്വന്തം ആഗ്രഹങ്ങളെയും ഉദ്ദേശ്യങ്ങളെയും അഭിലാഷങ്ങളെയും എരിച്ച് കളഞ്ഞ് അല്ലാഹുവിന്റേതായി മാറുകയുംവേണം. അല്ലാഹു പറയുന്നു: നിങ്ങൾ വഴിപിഴച്ചവരാണ്;എന്നാൽ, ഞാൻ സന്മാർഗം നല്കുന്നവരൊഴിക. നിങ്ങളെല്ലാവരും അന്ധരാണ്; എന്നാൽ, ഞാൻ വെളിച്ചം നല്കുന്നവരൊഴികെ. നിങ്ങളെല്ലാവരും മരിച്ചവരാണ്; എന്നാൽ ഞാൻ ആത്മീയ ജീവിതത്തിന്റെ ശർബ്ബത്ത് കുടിപ്പിച്ചവരൊഴികെ. മനുഷ്യനെ അല്ലാഹുവിന്റെ സത്താരിയ്യത്ത്(ദോഷങ്ങൾ മറച്ചുവെക്കുന്നവൻ) എന്ന വിശേഷഗുണം പൊതിഞ്ഞു വെച്ചിരിക്കുകയാണ്. ഇല്ലെങ്കിൽ ആളുകളുടെ ആന്തരികാവസ്ഥയും ബാഹ്യാവസ്ഥയും ലോകത്തിനുമുമ്പിൽ വെളിപ്പെടുത്തിയാൽ ഒരാളും മറ്റൊരാളുടെ അടുത്തുപോകാനിഷ്ടപ്പെടുകയില്ല. നമ്മുടെ കുറവുകൾ പൊതിഞ്ഞ് വെച്ചിരിക്കുന്നുവെന്നത് അല്ലാഹുവിന്റെ സത്താരിയ്യത്താണ്. ന്യൂനത പ്രകടമാകുകയാണെങ്കിൽ, പര്സപരം വെളിപ്പെടാൻ തുടങ്ങുകയാണെങ്കിൽ ചിലയാളുകൾ ചിലയാളുകളുടെ അടുത്തുതന്നെ പോകുകയില്ല. അവിടന്ന് പറഞ്ഞു: അല്ലാഹു വലിയ സത്താറാണ്. മനുഷ്യന്റെ ന്യൂനതകളെ കുറിച്ച് എല്ലാവർക്കും അറിയിപ്പു കൊടുക്കുന്നില്ല. അതുകൊണ്ട് മനുഷ്യൻ നന്മ ചെയ്യാൻ ശ്രമിക്കേണ്ടതാണ്. എപ്പോഴും ദുആ ചെയ്തുകൊണ്ടിരിക്കേണ്ടതാണ്. തീർച്ചയായും അറിഞ്ഞുകൊള്ളുക, ജമാഅത്തിലെ ആളുകളും മറ്റുള്ളവരും തമ്മിൽ എടുത്തുപറയാൻ തക്കവണ്ണമുള്ള വ്യത്യാസമൊന്നുമില്ലായെങ്കിൽ അല്ലാഹു ആരുടേയും ബന്ധുവല്ലെന്ന കാര്യം ഓർത്തു കൊള്ളുക.' നമ്മൾ അഹ്മദിയായി, ബയ്അത്തു ചെയ്തു, എന്നിട്ട് നമ്മളും മറ്റുള്ളവരും തമ്മിൽ വ്യത്യാസമൊന്നും കാണുന്നില്ലെങ്കിൽ അപ്പോൾ പിന്നെ അല്ലാഹു ആരുടേയും ബന്ധുവല്ല. അവർക്ക് ആദരവും നല്കാനും സംരക്ഷിക്കാനും എന്തു കാരണമാണുള്ളത്. വ്യത്യാസമില്ലെങ്കിൽ അല്ലാഹു ആരുടേയും ബന്ധുവല്ല. നമ്മെ ആദരിക്കാനും അവരെ ശിക്ഷിക്കാനും നരകത്തിലിടാനും എന്തു കാരണമാണുള്ളത്? പറയുന്നു: അല്ലാഹുവിനെ ഭയന്നുകൊണ്ട് ദൈവിക തീരുമാനത്തിന് വിപരീതമായ കാര്യങ്ങളെ ഉപേക്ഷിക്കുന്നവനാണ് മുത്തഖി. അല്ലാഹുവിനെതിരിൽ ആത്മാവും ശരീരേച്ഛകളേയും ലോകവും അതിലുള്ളതുമൊക്കെ ഒന്നമല്ലെന്ന് മനസ്സിലാക്കുക. ഈമാൻ അറിയപ്പെടനത് പോരാട്ടമുണ്ടാകുന്നനേരത്താണ്. ചിലയാളുകളുണ്ട്. അവർ ഒരു ചെവിയിലൂടെ കേൾക്കുകയും മറു ചെവിയുലൂടെ ഇറക്കി വിടുകയും ചെയ്യുന്നു. ഇക്കാര്യങ്ങൾ മനസ്സിൽ ഇറക്കുകയില്ല. എത്ര ഉപദേശം ചെയ്താലും അവരിൽ ഒരു സ്വാധീനവുമുണ്ടാ


## അല്ലാഹുവിന്റെ കലാം

*"അല്ലയോ ജനങ്ങളേ! നിങ്ങളേയും നിങ്ങൾക്കു മുമ്പേയുള്ളവരേയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുവിൻ; നിങ്ങൾ രക്ഷപ്പെടുന്നതിനുവേണ്ടി.'(2:22)*

ത്വാലിബെ ദുആ
M.P.Haneef Ahmad
Ahmadiyya Jama-ath Koodali, Kerala.

## കലാമുൽ ഇമാം:–

'ഈ ലോകത്ത് ദൈവത്തെ കാണാൻ ഭാഗ്യം സിദ്ധിച്ചിട്ടില്ലാത്തവൻ അന്ത്യനാളിലും അന്ധകാരത്തിലായിരിക്കും. അല്ലാഹു പറയുന്നു: 'ഈ ലോകത്ത് കുരുടനായവൻ പരലോകത്തും കുരുടനായിരിക്കും.' (കിതാബുൽ ബരിയ്യ പേജ് 47)

ത്വാലിബെ ദുആ:
C. Shameem Ahmad
Ahmadiyya Jama-ath Calicut, Kerala.

കുകയില്ല. ഓർക്കുക അല്ലാഹു വലിയ സ്വാശ്രയനാണ്. അധിക അധികമായും ആവർത്തിച്ചാവർത്തിച്ചും ഗതിമുട്ടിയവനെപ്പോലെ ദുആ ചെയ്യാത്തിടത്തോളം അവൻ ഗൗനിക്കുകയില്ല. നോക്കൂ! ആരുടെയെങ്കിലും ഭാര്യ അല്ലെങ്കിൽ കുട്ടി രോഗിയായാൽ, ആരുടെയെങ്കിലുംമേൽ കഠിനമായ വിഷമമുണ്ടായാൽ അക്കാര്യത്തിൽ എത്രമാത്രം വേവലാതി ഉണ്ടാകുന്നു. അതുകൊണ്ട് ദുആയിലും ഏതുവരെ സത്യസന്ധമായ തിളപ്പും ഗതിമുട്ടിയവന്റെ അവസ്ഥയും ഉണ്ടാകാത്തിടത്തോളം അത് തീർത്തും നിഷ്ഫലവും നിരർഥവുമായ പ്രവൃത്തിയാകുന്നു. ദുആ സ്വീകാര്യതക്ക് വ്യാകുലത നിബന്ധനയാകുന്നു. പറയുന്നു:അമ്മൻയ്യുജീബുൽ മുള്ത്തർറ ഇദാ ദആഹു വ യക്ശിഫുസ്സൂആ(മൽഫൂദാത്ത് വാല്യം 10 പേജ് 136–137)

അതായത് ഗതിമുട്ടിയവൻ ദുആ ചെയ്യുമ്പോൾ അവന്റെ ദുആ അല്ലാഹു സ്വീകരിക്കുന്നതാണ്. അവന്റെ ബുദ്ധിമുട്ട് അകറ്റപ്പെടുന്നതാണ്.

പിന്നീട് പറയുന്നു: നിങ്ങൾ നിങ്ങളുടെ പരിഷ്കരണം നടത്തുന്നതോടൊപ്പം ഭാര്യാമക്കളുടെ പരിഷ്കരണവും അതിൽ ഉൾപ്പെടുത്തേണ്ടതാണ്. ഭാര്യാമക്കളുടെ പരിഷ്കരണവും നിങ്ങൾക്ക് നിർബന്ധമാണ്. പറയുന്നു: എപ്പോഴും നന്മയിൽ മുന്നേറുന്നവരോടൊപ്പമാണ് അല്ലാഹുവിന്റെ സഹായം ഉണ്ടാകുന്നത്. ഒരിടത്ത് നില്ക്കുകയില്ല. അവരുടെ പര്യവസാനമാണ് ശുഭകരമായിരിക്കുന്നത്. ചിലയാളുകളെ നാം കണ്ടിട്ടുണ്ട്, തുടക്കത്തിൽ അവരിൽ വളരെ താല്പര്യവും ശ്രദ്ധയും ആവശവും കാണുന്നു. മുന്നോട്ടു പോകുമ്പോൾ അത് തികച്ചും നിലച്ചു പോകുന്നു. അവസാനം അവരുടെ പര്യവസാനം ശുഭകരമായിരിക്കുകയില്ല. അല്ലാഹു വിശുദ്ധ ഖുർആനിൽ നമ്മെ ഈ ദുആ പഠിപ്പിക്കുന്നു: *അസ്‌ലിഹ് ലീ ഫീ ദുർരിയ്യത്തീ*(46:16)എന്റെ ഭാര്യാമക്കളേയും പരിഷ്കരിക്കേണമേ. സ്വന്തം അവസ്ഥയിൽ ഉണ്ടാക്കുന്ന പരിശുദ്ധമാറ്റത്തിനും ദുആകൾക്കുമൊപ്പം സ്വന്തം സന്താനങ്ങൾക്കും ഭാര്യക്കും വേണ്ടിയും ദുആ ചെയ്യേണ്ടതാണ്. കാരണം അധിക കുഴപ്പങ്ങളും സന്താനങ്ങൾ മുഖേനയോ ഭാര്യ മൂലമോ ആണ് മനുഷ്യന്റെമേൽ ആപതിക്കുന്നത്. നോക്കുക! ആദമിനുണ്ടായ ആദ്യത്തെ കുഴപ്പവും ഭാര്യ കാരണമായിരുന്നു. ഹദ്റത്ത് മൂസായ്ക്കെതിരിൽ ബൽഅമിന്റെ ഈമാൻ നഷ്ടപ്പെട്ടതും ബൈബിളിൽനിന്ന് മനസ്സിലാകുന്നത് ബൽഅമിന്റെ ഭാര്യ ആ രാജാവ് ചില ആഭരണങ്ങൾ കാണിച്ച് പ്രലോഭിപ്പിച്ചുവെന്നാണ്. പിന്നീട് ഭാര്യ ബൽഅമിനെ ഹദ്റത്ത് മൂസായ്ക്കെതിരിൽ ശാപപ്രാർഥന ചെയ്യുന്നതിനുവേണ്ടി പ്രേരിപ്പിച്ചു. ചുരുക്കത്തിൽ അവർ കാരണത്താലും മുനഷ്യനുമേൽ കഠിനമായ വിപത്തുകൾ ഉണ്ടാകുന്നു. അതുകൊണ്ട് ഭാര്യമാരുടെ പരിഷ്കരണത്തിലേക്കും പൂർണമായും ശ്രദ്ധിക്കേണ്ടതാണ്. അവർക്കുവേണ്ടിയും ദുആ ചെയ്തുകൊണ്ടിരിക്കേണ്ടതാണ്.'(മൽഫൂദാത്ത് വാല്യം 10 പേജ് 139)

അല്ലാഹു നമുക്ക് പരിശുദ്ധമായ മാറ്റം സ്വന്തം അവസ്ഥകളിൽ സൃഷ്ടിക്കുന്നതിനുള്ള തൗഫീഖ് നല്കി അനുഗ്രഹിക്കുമാറാകട്ടെ. സ്വന്തം നമസ്കാരങ്ങൾ നിലനിറുത്തി അതിന്റെ ഉന്നത പദവികൾ വരെ എത്തി ചേരുന്നവരാകട്ടെ. സ്വന്തം ധനത്തെയും പരിശുദ്ധീകരിക്കുന്നവരാകട്ടെ. നമ്മുടെ സ്വഭാവം ഉയർത്തുന്നവരാകട്ടെ. നന്മകൾ ചെയ്യുന്നവരും പ്രചരിപ്പിക്കുന്നവരുമാകട്ടെ. തിന്മകളിൽ നിന്ന് അകലുന്നവരും സ്വന്തം സന്താനങ്ങളെ അതിൽനിന്ന് അകറ്റി നിറുത്തുന്നവരുമാകട്ടെ. മസ്ജിദ് നിർമാണത്തോടൊപ്പം തന്നെ യഥാർഥ ഇസ്‌ലാം ഈ രാജ്യത്തിലെ പൗരന്മാർ എത്തിക്കുന്നവരായി മാറട്ടെ. അവരെ ഏകദൈവത്തെ ആരാധിക്കുന്നവരാക്കി മാറ്റുന്നവരാകട്ടെ. നാം നമ്മുടെ ഉള്ളിൽ ഉന്നതമായ മാറ്റങ്ങൾ സൃഷ്ടിക്കുമ്പോഴാണ് ഇതെല്ലാം നമുക്ക് സാധ്യമാകുക. അല്ലാഹു അതിനുള്ള തൗഫീഖ് നല്കുമാറകട്ടെ.

ഇനി ഞാൻ മസ്ജിദിനെ കുറിച്ചുള്ള ചില വിവരങ്ങൾ പറയുകയാണ്. ഈ സ്ഥലത്തിന്റെ പേര് നമ്മൾ 'മഹ്ദിയാബാദ്' എന്ന് വെച്ചിരിക്കുന്നു. നാഹെ എന്നാണ് ഗ്രാമത്തിന്റേ പേര്. ഇവിടെയാണ് ഇപ്പോൾ ഈ മസ്ജിദി നിർമിക്കപ്പെട്ടിട്ടുള്ളത്. തദ്ദേശ വാസികൾ ഇവിടെ വളരെ കുറച്ചേയുള്ളു. ഇത് പാടമായിരുന്നു. അത് 1989ൽ വാങ്ങിയതായിരുന്നു. ഇതിലെ കുറച്ചു ഭാഗം കൃഷിയ്ക്കുവേണ്ടിയാണ്. അത് ജമാഅത്ത് പാട്ടത്തിനു നല്കിയിരിക്കുകയാണ്. ആദ്യം ഈ സ്ഥലം വാങ്ങിയപ്പോൾ ഇവിടെ ഫാം ഹൗസുമുണ്ടായിരുന്നു. കെട്ടിടവുമുണ്ടായിരുന്നു. അത് മിഷൻഹൗസായി ഉപയോഗിക്കാൻ അനുവാദവും കിട്ടിയിരുന്നു. അതിൽ വലിയ ഹാളുണ്ടായിരുന്നതിൽ മസ്ജിദ് നിർമിക്കാനും അനുവാദം കിട്ടിയിരുന്നു. വഖാറെ അമൽ മുഖേനയാണ് ഈ എല്ലാ ജോലികളും നടന്നത്. രണ്ടു നില കെട്ടിടമാണിത്. അതിൽ ഒരു മുറബ്ബി ഹൗസുമുണ്ട്. അത് ആദ്യമെ ഉണ്ടാക്കിയിരുന്നതാണ്. പിന്നീട് 2010–ൽ ഈ കൗൺസിൽ ഇവിടുത്തെ ഫാറമുള്ള സ്ഥലത്തിന്റെ ഒരു ഭാഗം താമസഭൂമിയായി നിശ്ചയിച്ചു. ഇപ്രകാരം ഇവിടെ താമസത്തിന് 12 പ്ലോട്ടും ഉണ്ടാക്കപ്പെട്ടു. ഔദ്യോഗികമായി മസ്ജിദ് നിർമിക്കാനും അനുവാദം കിട്ടി. 12 പ്ലോട്ടിൽ രണ്ടെണ്ണം ജമാഅത്ത് തങ്ങൾക്കുവേണ്ടി വെച്ചിരിക്കുന്നു. ബാക്കിയുളളത് ആളുകൾക്ക് വിറ്റു. അതിൽനിന്നു കിട്ടിയ പണം അല്ലെങ്കിൽ അതിനുമുമ്പേ കൗൺസിൽ തിരിച്ചുവാങ്ങിയ സ്ഥലം അതിൽനിന്ന് കിട്ടിയപണം അത് ഇതിനെക്കാൾ ഏകദേശം എന്നല്ല കൂടുതൽ പണംതന്നെ ലഭിച്ചു. ഇതിലാണ് ഈ സ്ഥലം വാങ്ങിയത്. എന്തായലും 6,7 വർഷം മുമ്പേ എന്നല്ല 8 വർഷം മുമ്പേ ഇതിന്റെ അടിത്തറ ഞാൻ ഇട്ടതാണ്. ഈ മസ്ജിദും ഇപ്പോൾ പൂർണമായി. മസ്ജിദ് രണ്ടു നിലയാണ്. മേൽക്കൂരയുടെ താഴെയുള്ള ഭാഗം 385 സ്‌ക്വയർ മീറ്ററാണ്. 210 പേർക്ക് നമസ്കരിക്കാം. മസ്ജിദിന്റെ മുകളിലത്തെ ഭാഗം പുരുഷന്മാർക്കുള്ളതാണ്. താഴത്തെ ഭാഗം സ്ത്രീകൾക്കായി നിർമിച്ചിരിക്കുന്നു. വുളു ചെയ്യാനും കുളിക്കാനുമുള്ള സൗകര്യങ്ങളുമുണ്ട്. ഏകദേശം അഞ്ചുലക്ഷത്തി അറുപതിനായിരം യൂറോ ചെലവിലാണ് ഈ മസ്ജിദ് നിർമിക്കപ്പെട്ടിട്ടുള്ളത്. ഇതിൽ രണ്ടുലക്ഷത്തിലധികം യൂറോ ഇവിടുത്തെ തദ്ദേശ അംഗങ്ങളാണ് എടുത്തിട്ടുള്ളത്. ബാക്കി തുക നൂറു മസ്ജിദ് പദ്ധതി ഫണ്ടിൽനിന്ന് ചെലവഴിച്ചു. അല്ലാഹു ഈ ത്യാഗങ്ങൾ ചെയ്ത എല്ലാവരുടേയും ആയുസ്സിലും സമ്പത്തിലും അനുഗ്രഹം ചൊരിയുമാറാകട്ടെ. ഈ മസ്ജിദിന്റെ നിർമാണത്തിനുശേഷം ആരാധനയുടെ കടമ മുമ്പത്തേതിനെക്കാൾ കൂടുതൽ നിറവേറ്റാനുള്ള തൗഫീഖ് ലഭിക്കുമാറാകട്ടെ.

★★★




(പേജ് 1ൽനിന്ന്)

മാത്രമല്ല മറിച്ച് ബുദ്ധിപരമായ വർണവും ഉൾക്കൊള്ളുന്നതാണ്. അല്ലാഹു പറഞ്ഞത് *നാറുല്ലാഹിൽ മൂഖദത്തുല്ലത്തി തത്ത്വലിഉ അലൽ അഫ്ഇദ* (104:7–8) അതിനാൽ ഇത് അതേ അന്യദൈവത്തോടുള്ള സ്നേഹത്തിന്റെ അഗ്നിയാണ്. അത് മനുഷ്യമനസ്സിനെ കത്തിച്ച് ചാമ്പലാക്കുന്നു. അത്ഭുതകരമായ ഒരു ശിക്ഷയിലും വേദനയിലും അകപ്പെടുന്നു. ഞാൻ വീണ്ടും പറയുകയാണ്. ഇത് തികച്ചും സത്യവും ദൃഢഗാഢപരവുമായ കാര്യമാണ്, ശാന്തിപ്രാപിച്ച ആത്മാവ് കൂടാതെ മനുഷ്യൻ മോക്ഷം പ്രാപിക്കുകയില്ല. നാം ആദ്യം വിവരിച്ചതുപോലെ അമ്മാറ എന്ന ആത്മാവിന്റെ അവസ്ഥയിൽ (ദോഷപ്രവണമായ ആത്മാവ്) മനുഷ്യൻ ശയ്ത്വാന്റെ അടിമയായിത്തീരുന്നു. ലവ്വാമ എന്ന ആത്മാവിന്റെ അവസ്ഥയിൽ അവന് ശയ്ത്വാനുമായി യുദ്ധം ചെയ്യേണ്ടതായിവരുന്നു. ചിലപ്പോൾ അവൻ വിജയിക്കും; ചിലപ്പോൾ ശയ്ത്വാൻ. എന്നാൽ, മുത്മഇന്നയുടെ അവസ്ഥയിൽ ഒരു സമാധാനത്തിന്റേയും സൗഖ്യത്തിന്റേയും അവസ്ഥ ഉണ്ടാകുന്നു. അവൻ സമാധാനപരമായി ഇരിക്കുന്നു. അതുകൊണ്ട് *യാ അയ്യത്തുഹന്നഫ്സുൽമുത്മഇന്ന*(89:28) എന്ന ആയത്തിൽനിന്ന് വ്യക്തമായും ഈ അവസാന അവസ്ഥയിൽ എത്രത്തോളം ആനന്ദമുണ്ടാകുന്നുവെന്ന് മനസ്സിലാകുന്നു. അതിന്റെ അർഥമിതാണ്. അല്ലയോ ശാന്തിപ്രാപിച്ച ആത്മാവേ! അല്ലാഹുവിലേക്ക് വരിക. ബാഹ്യമായി നോക്കുമ്പോൾ ഇതിന്റെ ഉദ്ദേശ്യം ജീവൻ വെടിയാൻ പോകുന്ന അവസ്ഥയിൽ അല്ലാഹുവിൽനിന്ന് വിളി വരുന്നു; അല്ലയോ ശാന്തി പ്രാപിച്ച ആത്മാവേ! നിന്റെ രക്ഷിതാവിലേക്ക് വരിക എന്നാണ്. അവൻ നിന്നിൽ സന്തുഷ്ടനാണ്. നീ അവനിലും സന്തുഷ്ടനാണ്. കാരണം വിശുദ്ധഖുർആനെ സംബന്ധിച്ചിടത്തോളം ബാഹ്യവും ആന്തരികവും രണ്ടുമുണ്ട്. അതുകൊണ്ട് ആന്തരികമായ നിലയിലുള്ള ഉദ്ദേശ്യം അല്ലയോ ശാന്തിയുടെ അവസ്ഥയിൽ എത്തിയിട്ടുള്ള ആത്മാവേ! നിന്റെ രക്ഷിതാവിലേക്ക് നടന്നുവരിക. അതായത് സ്വാഭാവികമായ നിലയിൽ നിന്റെ അവസ്ഥ ഇതായിക്കഴിഞ്ഞിരിക്കുന്നു. നീ ശാന്തിയുടേയും സമാധാനത്തിന്റേയും നിലയിൽ എത്തിയിരിക്കുന്നു; നീയും അല്ലാഹുവും തമ്മിൽ ദൂരമൊന്നുമില്ല. ലവ്വാമയുടെ അവസ്ഥയിൽ ബുദ്ധിമുട്ടുണ്ടാകുന്നു. എന്നാൽ, മുത്മഇന്നയുടെ അവസ്ഥയിൽ എങ്ങനെയാണെന്നാൽ വെള്ളം മുകളിൽനിന്ന് വീഴുന്നതുപോലെയാണ്. ഈ രീതിയിൽ അല്ലാഹുവിന്റെ സ്നേഹം മനുഷ്യന്റെ നാഡിഞരമ്പുകളിൽ പ്രവഹിക്കുന്നു. അവൻ അല്ലാഹുവിന്റെ സ്നേഹത്താൽ ജീവിക്കുന്നു. അന്യദൈവങ്ങളുടെ സ്നേഹം അവന് കത്തിക്കുന്നതും നരകമുണ്ടാക്കുന്നതുമായിമാറുന്നു. കരിഞ്ഞുപോകുന്നു. അതിന്റെ സ്ഥാനത്ത് ഒരു വെളിച്ചവും പ്രകാശവും നിറയ്ക്കപ്പെടുന്നു. അവന്റെ ഇഷ്ടം അല്ലാഹുവിന്റെ ഇഷ്ടവും അല്ലാഹുവിന്റെ ഇഷ്ടം അവന്റെ ഇച്ഛയുമായിത്തീരുന്നു. അല്ലാഹുവിന്റെ സ്നേഹം അത്തരം അവസ്ഥയിൽ അവന് ജീവൻ എന്ന നിലയിലുള്ളതായിരിക്കും. ജീവിതത്തിനും, ജീവിതത്തിന്റെ സാധനസാമഗ്രികൾ ആവശ്യമാണെന്നതുപോലെ അവന്റെ ജീവിതത്തിന് അല്ലാഹു കേവലം അല്ലാഹുവിന്റെ മാത്രം ആവശ്യമുണ്ടാകുന്നു. മറ്റു വാക്കുകളിൽ അതിന്റെ ഉദ്ദേശ്യം അല്ലാഹു തന്നെയായിരിക്കും അവന്റെ സത്യമായ സന്തോഷവും പൂർണമായ സൗഖ്യവും." (മൽഫൂദാത്ത്, വാല്യം 1, പേജ് 93–96. പ്രസാധനം 2018 ഖാദിയാൻ)

★★★

(പേജ് 2ൽനിന്ന്)

സരിച്ച് പുരോഗതിയുടെ ഉന്നതങ്ങളിലേക്ക് നയിക്കുന്നു. വിശുദ്ധഖുർആന്റെ പ്രകാശത്തിൽ നടക്കുന്നതിന്റെ ആവശ്യം സാത്വികർക്ക് എപ്പോഴുമുണ്ടായിട്ടുണ്ട്.

എപ്പോഴെല്ലാം ഇസ്‌ലാമിനു മറ്റൊരു മതവുമായി നേരിടേണ്ടി വന്നിട്ടുണ്ടോ അപ്പോഴെല്ലാം അത് കാലഘട്ടത്തിന്റെ പുതിയ അവസ്ഥയുടെ ഫലമായിരുന്നു. ഏറ്റവും മൂർച്ചയേറിയതും ഫലപ്രദവുമായും പെട്ടെന്ന് കൈയിൽ വന്ന ഉപകരണം വിശുദ്ധഖുർആനാണ്. അതേരീതിയിൽ തത്ത്വജ്ഞാനപരമായ ചിന്ത അതിനെതിരിൽ പ്രചാരണം നല്കപ്പെട്ടപ്പോൾ വിശുദ്ധഖുർആൻ ആ വിഷമയമായ ചെടി നശിപ്പിച്ചു. അതിനെ നിന്ദ്യമാക്കി. എത്രത്തോളമെന്നാൽ അതിന്റെ വിദ്യാർഥികൾക്ക് ഒരു കണ്ണാടി നല്കി. അതിൽ വിശുദ്ധഖുർആന്റെ സത്യമായ തത്ത്വജ്ഞാനം പ്രതിബിംബിച്ചു; മറ്റെവിടെയും അത് കാണാവതല്ല.

ഈ ആധുനിക കാലഘട്ടത്തിൽ ക്രിസ്തീയ മിഷണറിമാർ അവരുടെ പ്രചാരണം ആരംഭിച്ചു. അങ്ങനെ വിവേകശൂന്യരും അജ്ഞരുമായ ആളുകളെ ദൈവത്തിന്റെ ഏകത്വത്തിൽനിന്ന് അകറ്റാൻ പരിശ്രമിച്ചപ്പോൾ, ഒരു വിനീതനായ സൃഷ്ടിയെ ആരാധിക്കാൻ പ്രേരിപ്പിച്ചപ്പോൾ എല്ലാവിധത്തിലുള്ള കള്ളന്യായങ്ങൾകൊണ്ടും തങ്ങളുടെ സംശയഗ്രസ്തമായ ആശയങ്ങൾ മറച്ചുപിടിക്കുകയും ചെയ്തപ്പോൾ ഇന്ത്യയിൽ ഒരു കൊടുങ്കാറ്റുതന്നെ സൃഷ്ടിച്ചു. വിശുദ്ധഖുർആൻ ആയിരുന്നു അവരെ തുരത്തിയത്. പിന്നീട് ഇപ്പോൾ അവർക്ക് വിവരമുള്ള ഒരാളെ നേരിടാൻ കഴിയാതായി. അവർ അതിവ്യാപകമായ ക്ഷമാപണ സ്വഭാവമുള്ള കാര്യങ്ങൾ ഒരു കടലാസുകഷണംപോലെ ചുരുട്ടിക്കെട്ടി. (ഇസാലയെ ഔഹാം, റൂഹാനീഖസാഇൻ, വാല്യം 3, പേജ് 381–382)

### വിശുദ്ധഖുർആന്റെ സൗന്ദര്യവും സമഗ്രതയും

അല്ലാഹുവിനെ സാക്ഷിയാക്കി ഞാൻ പറയുന്നു: വിശുദ്ധഖുർആൻ അപൂർവ്വമായ ഒരു മുത്താണ്. അതിന്റെ പുറത്തും അകത്തും മേലെയും താഴെയും വെളിച്ചമാണ്. അതിന്റെ ഓരോ വാക്കിലും പ്രകാശമുണ്ട്. അതൊരു ആത്മീയമായ പൂന്തോട്ടമാണ്. അതിലുള്ള കുലയായുള്ള ഫലങ്ങൾ എളുപ്പത്തിൽ പറിക്കാവുന്നതാണ്. അതിലൂടെ അരുവികൾ ഒഴുകുന്നു. സൗഭാഗ്യത്തിന്റെ ഓരോ ഫലവും അതിൽ കണ്ടെത്താൻ പറ്റുന്നു. എല്ലാ ദീപവും അതിൽനിന്നാണ് കത്തിക്കപ്പെടുന്നത്. അതിന്റെ പ്രകാശം ഹൃദയത്തിൽ തുളച്ചുകയറിയിരിക്കുന്നു. മറ്റൊരു വഴിക്കും എനിക്കത് ആർജിക്കുവാൻ സാധിക്കുമായിരുന്നില്ല. അല്ലാഹു സാക്ഷിയാണ്. ഖുർആൻ ഇല്ലായിരുന്നുവെങ്കിൽ എന്റെ ജീവിതത്തിൽ ആനന്ദം കണ്ടെത്തുമായിരുന്നില്ല. അതിന്റെ സൗന്ദര്യം നൂറായിരം യൂസുഫുമാരേക്കാൾ മകിച്ചതാണെന്നു ഞാൻ കണ്ടെത്തുന്നു. മഹത്തായ ചായ്‌വോടെ ഞാനതിലേക്ക് ചായുന്നു. ഞാനതെന്റെ ഹൃദയത്തിലേക്ക് പാനം ചെയ്യുന്നു. ഒരു ഭ്രൂണം പരിപോഷിപ്പിക്കപ്പെടുന്നതുപോലെ അതെന്നെ പരിപോഷിപ്പിക്കുന്നു. എന്റെ ഹൃദയത്തിന്മേൽ അതിന് അത്ഭുതമായ ഫലമുണ്ട്. എന്റെ ആത്മാവ് അതിൽ ലയിച്ചിരിക്കുന്നു. ഒരു ദർശനത്തിൽ എനിക്ക് വെളിപ്പെടുത്തപ്പെട്ടിരിക്കുന്നത് പരിശുദ്ധിയുടെ തോട്ടം ജലസേചനം ചെയ്യപ്പെടുന്നത് വിശുദ്ധഖുർആന്റെ ജലം കൊണ്ടാണെന്നാണ്. അത് ജീവജലത്തിന്റെ ഓളം വെട്ടുന്ന സമുദ്രമാണ്. അത് പാനം ചെയ്യുന്ന ആൾ ജീവിതത്തിലേക്ക് വരുന്നു. യഥാർഥത്തിൽ അയാൾ മറ്റുള്ളവരെ ജീവിതത്തിലേക്ക് കൊണ്ടുവരികയും ചെയ്യുന്നു.' (ആയിനയെ കമാലാത്തെ ഇസ്‌ലാം, റൂഹാനീഖസാഇൻ, വാല്യം 5, പേജ് 545–546)

വിശുദ്ധപ്രവാചകനെ(സ)കുറിച്ച് പ്രയുക്തമായ ഖാത്തമുന്നബിയ്യീൻ എന്ന പ്രയോഗം ആവശ്യപ്പെടുന്നത്, അദ്ദേഹത്തിന് വെളിപാടായി ഇറക്കപ്പെട്ട ഗ്രന്ഥം എല്ലാ ഗ്രന്ഥങ്ങളെക്കാളും ഏറ്റവും സമഗ്രമായിരിക്കണമെന്നാണ്. എല്ലാ മികവുകളും അതിലടങ്ങിയിരിക്കണമെന്നാണ്. യഥാർഥത്തിൽ അത് തന്നെയാണ് വാസ്തവം. ഒരു വ്യക്തി എത്രത്തോളം ആത്മീയശക്തിയും ആന്തരിക സമഗ്രതയുമുള്ളവനാണോ ആ വ്യക്തിയുടെമേൽ ദൈവവചനമിറങ്ങുന്നു. ആ വചനത്തിൽ അതേ ശക്തിയും പ്രതാപവും ഉണ്ടായിരിക്കുമെന്നതാണ് നിയമം. വിശുദ്ധപ്രവാചകന്റെ(സ) ആത്മീയശാന്തിയും ആന്തരിക സമഗ്രതയും ഉന്നതനിലയിലായിരുന്നതിനാൽ, അതിനെ ആരും മുൻകടക്കുന്നില്ല; കടക്കുകയുമില്ല. വിശുദ്ധഖുർആനും ആ ഉയർന്ന സ്ഥാനവും പദവിയുമലങ്കരിക്കുന്നു. മുൻകഴിഞ്ഞ ഏതെങ്കിലും വേദഗ്രന്ഥം ആ സ്ഥാനത്തെത്തിയിട്ടില്ല. വിശുദ്ധപ്രവാചക(സ)ന്റെ ഉൾക്കൊള്ളാനുള്ള കഴിവും ആത്മീയശാന്തിയും എല്ലാറ്റിലും ഉയർന്നതായിരുന്നു. എല്ലാ മികവുകളും അതിന്റെ ഉച്ചിയിലെത്തിയിരുന്നു. അതുകൊണ്ട് അദ്ദേഹത്തിന് വെളിപാടിറക്കപ്പെട്ട വിശുദ്ധഖുർആനും വളരെ സമഗ്രമായിരുന്നു. പ്രവാചകത്വത്തിന്റെ മികവുകൾ തിരുമേനിയിൽ അതിന്റെ ഉച്ചിയിൽ എത്തിയതിനാൽ വചനത്തിന്റെ ദിവ്യാത്ഭുതത്തിന്റെ മികവും വിശുദ്ധഖുർആനിൽ അതിന്റെ ഉച്ചിയിലെത്തിയിരുന്നു. അതുകൊണ്ട് നബി(സ)തിരുമേനി ഖാത്തമുന്നബിയ്യീനും അവിടന്ന് കൊണ്ടുവന്ന ഗ്രന്ഥം ഖാത്തമുൽകുതുബും ആയിരുന്നു. ഏതൊരു വീക്ഷണത്തിൽ നോക്കിയാലും വിശുദ്ധഖുർആൻ ഏറ്റവും ഉന്നതമായ പദവിയിലാണ്.

വിശുദ്ധഖുർആന്റെ സമഗ്രതയും അതിന്റെ ദിവ്യാത്ഭുതകരമായ സ്വഭാവവും ഏതു വീക്ഷണത്തിലും തെളിയിക്കാൻ പറ്റും. അതായത് വിഷയങ്ങളുടെ സംഗ്രഥനത്തിന്റെയും അനുക്രമത്തിന്റെയും വീക്ഷണത്തിലുള്ള മികവ്, അതിന്റെ അധ്യാപനവും അതിന്റെ സമഗ്രതയും അധ്യാപനങ്ങളുടെ ഫലങ്ങളും. അതുകൊണ്ടാണ് ഒരു പ്രത്യേക വീക്ഷണത്തിലുള്ള അതിന്റെ മികവിന് തുല്യമായത് കൊണ്ടുവരാൻ ആവശ്യപ്പെടാത്തത്. പക്ഷേ, ഒരു പൊതുവെല്ലുവിളിയാണുയർത്തിയിരിക്കുന്നത്. അതായത് ഏതു വീക്ഷണത്തിലുള്ള തുല്യതയായാലും ശരി ഏതു വീക്ഷണത്തിൽ നോക്കിയാലും അതൊരു ദിവ്യാത്ഭുതമാണ്. (മൽഫൂദാത്ത്, വാല്യം 3, പേജ് 36–37)

വിശുദ്ധഖുർആൻ ഒരു ദിവ്യാത്ഭുതമാണ്. അതുപോലുള്ളത് മുമ്പേ ഉണ്ടായിട്ടില്ല. ഇനി ഒരിക്കലും ഉണ്ടാവുകയുമില്ല. അതിന്റെ കാരുണ്യങ്ങളുടെയും അനുഗ്രഹങ്ങളുടെയും കവാടങ്ങൾ എല്ലായ്പ്പോഴും തുറന്നുകിടക്കുകയാണ്. അത് എല്ലാ കാലഘട്ടത്തിലും തിളക്കമാർന്നതും പ്രകടമായതുമാണ്; വിശുദ്ധപ്രവാചകന്റെ(സ) കാലത്ത് ആയിരുന്നതുപോലെ. ഓരോരുത്തരുടെയും സംഭാഷണരീതിയും അയാളുടെ ഉന്നതമായ തീരുമാനവും ഒത്തുചേരുന്നുവെന്ന കാര്യം നാം മനസ്സിലാക്കേണ്ടതുണ്ട്. ഉന്നതമായ തീരുമാനവും സംസാരിക്കുന്ന ആളുടെ ഉദ്ദേശ്യവും എത്ര ഉന്നതമാണോ അതുപോലെത്തന്നെയായിരിക്കും അയാളുടെ സംഭാഷണരീതി. ദൈവികവെളിപാടും അതേ നിയമമാണ് അനുവർത്തിക്കുന്നത്. ദൈവികവെളിപാട് ലഭിക്കുന്ന വ്യക്തിയുടെ തീരുമാനം ഉന്നതമാണെങ്കിൽ ആ വ്യക്തിക്ക് ലഭിക്കുന്ന വെളിപാടിന്റെ സ്വഭാവവും ഉന്നതമായിരിക്കും. തീരുമാനത്തിന്റെ വൃത്തം ഉൾക്കൊള്ളാനുള്ള കഴിവ്, സ്ഥൈര്യം എന്നിവ വിശുദ്ധപ്രവാചക (സ)ന്റേത് വിശാലമായിരുന്നു. അദ്ദേഹത്തിന് വന്ന വെളിപാടും അതേ പദവിയിലുള്ളതായിരുന്നു. മറ്റാർക്കെങ്കിലും എപ്പോഴെങ്കിലും അത്തരത്തിലുള്ള തീരുമാനവും ധൈര്യവും നേടാൻ കഴിയില്ല. എത്രത്തോളമെന്നാൽ ആ നബി(സ)തിരുമേനിയുടെ സന്ദേശത്തിന് കാലപരിമിതിയുണ്ടായിരുന്നില്ല. അല്ലെങ്കിൽ അതൊരു പ്രത്യേക ജനതക്കുമായിരുന്നില്ല. അദ്ദേഹത്തിന് മുമ്പേ വന്ന പ്രവാചകന്മാരെപ്പോലെയായിരുന്നില്ല അത്. അദ്ദേഹത്തെക്കുറിച്ച് പറയപ്പെട്ടത്. *ഇന്നീ റസൂലുല്ലാഹി ഇലയ്ക്കും ജമീആ*(പറയുക, അല്ലയോ മനുഷ്യകുലമേ, സത്യമായും ഞാൻ നിങ്ങൾക്ക് അല്ലാഹുവിൽനിന്നുള്ള ഒരു ദൂതനാണ്(7:357). വീണ്ടും *വമാ അർസൽനാക്ക ഇല്ലാ റഹ്മത്തൻല്ലിൽ ആലമീൻ.* (ജനങ്ങൾക്കെല്ലാമുള്ള കാരുണ്യമായിട്ടല്ലാതെ നാ നിന്നെ അയച്ചിട്ടില്ല.(21:108) വിശാലമായ അദ്ദേഹത്തിന്റെ പ്രവാചകത്വത്തിന് തുല്യത കൊണ്ടുവരാൻ ആർക്കാണ് സാധിക്കുക. വിശുദ്ധഖുർആനിലെ ഒരു സൂക്തം മറ്റാർക്കെങ്കിലും ഇറങ്ങുകയാണെങ്കിൽ ആ വെളിപാടിന്റെ വ്യാപ്തി ഒരിക്കലുംതന്നെ വിശുദ്ധപ്രവാചകന്റെ(സ) വെളിപാടിന്റെ വ്യാപ്തിയോളം ഒരിക്കലും ഉണ്ടാവുകയില്ലെന്നത് ഞങ്ങളുടെ വിശ്വാസത്തിന്റെ ഒരു വകുപ്പാണ്.' (മൽഫൂദാത്ത്, വാല്യം 3, പേജ് 57)

മതത്തെ സംബന്ധിച്ച സൂക്ഷ്മമായ സത്യതകളും ദൈവികത്വത്തെ സംബന്ധിച്ച എല്ലാ പാഠനങ്ങളും സത്യത്തിനനുകൂലമായ നിർണായകമായ എല്ലാ വാദശക്തികളും അതോടൊപ്പം എല്ലാ നിഗൂഢതകളും ഉൾക്കാഴ്ചകളും വിശുദ്ധഖുർആനിൽ പ്രതിപാദിച്ചിരിക്കുന്നത് എങ്ങനെയുള്ളതാണെന്ന് വച്ചാൽ മനുഷ്യന്റെ എല്ലാ കഴിവുകളും ഒന്നിച്ചുവെച്ചാലും അവ കണ്ടുപിടിക്കാൻ സാധ്യമല്ല. ബുദ്ധിമാനായ ഒരാളുടെ ബുദ്ധിക്ക് സ്വന്തം നിലയ്ക്ക് അതു ജ്വലിപ്പിക്കാൻ സാധിക്കില്ല. കഴിഞ്ഞ കാലഘട്ടങ്ങളെ പരിഗണിക്കുമ്പോൾ നമുക്ക് കാണാൻ സാധിക്കുന്നത് ഒരു തത്ത്വജ്ഞാനിക്കോ ബുദ്ധിമാനോ ആ ജ്ഞാനം കണ്ടുപിടിക്കാൻ സാധിച്ചില്ലെന്നാണ്. എന്നാൽ, ഇക്കാര്യത്തിൽ അത്ഭുതത്തിനുമേൽ അത്ഭുതമാണ്. അതായത്, ജ്ഞാനവും ഉൾക്കാഴ്ചയും നല്കപ്പെട്ടത് തീരെ പഠിപ്പില്ലാത്ത ഒരാൾക്കാണ്. അദ്ദേഹം ഒരിക്കലും ഒരു സ്കൂളിൽ പോവുകയോ ഒരു പുസ്തകം വായിക്കുകയോ പഠിപ്പുള്ളവനും ബുദ്ധിമാനുമായ ഒരു വ്യക്തിയുമായി കൂട്ടുകൂടുകയോ ചെയ്തിട്ടില്ല. അദ്ദേഹം തന്റെ ജീവിതം നയിച്ചത് വന്യനായ ജനങ്ങൾക്കൊപ്പമാണ്. അവർക്കിടയിലാണ് അദ്ദേഹം ജനിച്ചതും വളർന്നതും കൂട്ടുകൂടിയതും. വിശുദ്ധപ്രവാചകൻ(സ) നിരക്ഷരനായിരുന്നതിനാൽ ഇസ്‌ലാമിന്റെ ഒരു ചരിത്രകാരനും അബോധവാനല്ലാത്തവിധം വളരെ തുറന്നകാര്യമാണത്. (ബറാഹീനെ അഹ്മദിയ്യാ, റൂഹാനീ ഖസാഇൻ, വാല്യം 1, പേജ് 561–563)

### വിശുദ്ധഖുർആന്റെ അതുല്യത

ദൈവത്തിന്റെ സമഗ്രമായ ശക്തിമൂലം അസ്തിത്വത്തിൽ വരുന്ന എന്തുതന്നെയായാലും അത് സൃഷ്ടിയുടെ ഭാഗമായതും ദൈവം അക്ഷരാർഥത്തിൽ വെളിപാടായി ഇറക്കിയ വിശുദ്ധഗ്രന്ഥമായാലും സൃഷ്ടികളിൽ ആർക്കുംതന്നെ അതുപോലൊന്ന് ഉണ്ടാക്കാൻ കഴിയാത്തവിധമുള്ള ഒരു ഗുണം അതിനുണ്ടായിരിക്കണം. രണ്ട് മാർഗത്തിൽ ഇത് തെളിയിക്കാൻ പറ്റും. ഒന്നാമത്തേത് അനുമാനമാണ്. അല്ലാഹു ഒരുവനാണ്. അവന്റെ സത്തയിലും ഗുണങ്ങളിലും പ്രവർത്തികളിലും അവനു പങ്കുകാരനില്ല. അവന്റെ സൃഷ്ടികളിലോ വാക്കുകളിലോ, പ്രവൃത്തികളിലോ അവനുമായി പങ്കുചേർക്കുന്നതിന് ഇത് സമ്മതിക്കുന്നില്ല. അങ്ങനെയുള്ള പങ്കാളിത്തം അനുവദനീയമായിരുന്നുവെങ്കിൽ, അവന്റെ സൃഷ്ടികളുടെ കാര്യത്തിലോ വാക്കുകളിലോ പ്രവർത്തനങ്ങളിലോ അനുവദനീയമായിരുന്നുവെങ്കിൽ, അവന്റെ ഗുണങ്ങളിലും പ്രവർത്തനങ്ങളിലും അനുവദനീയമായിരിക്കും. അങ്ങനെയാകുമ്പോൾ വേറൊരു ദൈവമുണ്ടാകണമെന്നതും അനുവദനീയമായിരിക്കണം. ദൈവികഗുണങ്ങളെല്ലാം ഉള്ളവൻ ദൈവമായിരിക്കും. ദൈവികഗുണങ്ങളിൽ ചിലതുമാത്രം ഉള്ള ആൾ ആ ഗുണങ്ങളെ സംബന്ധിച്ചിടത്തോളം ദൈവത്തിന്റെ പങ്കുകാരനായിരിക്കും. എന്നാൽ, ഇത് ബുദ്ധിക്ക് എതിരാണെന്ന് അതിൽനിന്ന് മനസ്സിലാവുന്നത് ദൈവം ഏകനായിരിക്കണം, പങ്കുകാരനില്ലാത്തവനായിരിക്കണം

തുടരും

# സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലായുടെ അമേരിക്കൻ പര്യടനം

**വിവർത്തനം:അമീൻ മുഹമ്മദ് മാത്ര**

*(ബയ്ത്തുസ്സമദ് മസ്ജിദിന്റെ ഉൽഘാടപ്രഭാഷണത്തെ തുടർന്ന് അതിഥികളുടെ പ്രതികരണങ്ങൾ. തുടർച്ച....)*

ഒരു പുതു അഹ്മദി ചോദിച്ചു: നമുക്ക് അല്ലാഹു ആൺകുട്ടിയേയോ പെൺകുട്ടിയേയോ നല്കിയാൽ ഇസ്‌ലാമികമായി എന്തുപേരാണ് കുട്ടിക്ക് ഇടേണ്ടത്?

ഇഷ്ടപ്പെട്ട ഇസ്‌ലാമിക നാമം ഇട്ടുകൊള്ളുക. മുഹമ്മദ് എന്ന നാമം ഇഷ്ടമാണെങ്കിൽ അത് ഇടുക. യഥാർഥത്തിൽ ഇങ്ങനെ ദുആ ചെയ്യേണ്ടതാണ്.അല്ലാഹു സദ്‌വൃത്തരായ നല്ല മക്കളെ തരുമാറാകട്ടെ. അവർ അല്ലാഹുവിനോടും സൃഷ്ടികളോടുമുള്ള കടമകൾ പൂർത്തിയാക്കുന്നവരാകട്ടെ. ഇവിടെ ഗ്വാട്ടിമാലയിലും ഇതര സ്ഥലങ്ങളിലും ധാരാളം കുട്ടികൾ ജനിക്കുന്നു. കുട്ടികൾ വഴി തെറ്റി പോകുന്നു. മോശമായ പ്രവൃത്തികളിൽ വീണ് പോകുന്നു. മയക്ക് മരുന്നിന് അടിമപ്പെടുന്നു. കുറ്റകൃത്യങ്ങൾ ചെയ്യുന്നു. ജയിലുകളിൽ പോകുന്നു. അതു കൊണ്ട് ലഭിക്കുന്ന കുട്ടി സദ്‌വൃത്തനും നല്ലവനുമായിരിക്കാൻ സദാ ദുആ ചെയ്യുക.'

ഒരു വിദ്യാർഥി: ജാമിയ കനഡിയിലോ യൂകെയിലോ പോകാൻ ആഗ്രഹമുണ്ട്.

★ഹുദൂർ: മുറബ്ബിയാകാൻ ആഗ്രഹമുണ്ടെങ്കിൽ ഒരേ തീരുമാനത്തിൽ ഉറച്ചു നില്ക്കുക. ജാമിഅ അഹ്മദിയ്യായിൽ പോകാനാണ് ആഗ്രഹമെങ്കിൽ പിന്നെ കനഡ ജാമിആയിൽ പോകുക. ജാമിയ കനഡക്ക് വ്യവസ്ഥാപിത എജ്യൂക്കേഷണൽ യൂണിറ്റെന്ന പദവി ലഭിച്ചിട്ടുണ്ട്. അതുകൊണ്ട് നിങ്ങൾക്ക് കനഡയിൽ പോകാവുന്നതാണ്. എന്നാൽ യൂ.കെ.യിൽ പോകാൻ കഴിയില്ല. യൂ. കെ ജാമിഅയ്ക്ക് അത്തരം ഒരു സ്റ്റാറ്റസ് കിട്ടിയിട്ടില്ല. കനഡയോ ഘാനയോ രണ്ട് ചോയിസുണ്ട്. ഏതെങ്കിലും ഒന്നിൽ പോകുക.

ഒരു പുതു അഹ്മദി ചോദിച്ചു: ഒരു നല്ല മുസ്‌ലിമാകാൻ എന്തെല്ലാം കാര്യങ്ങൾ അനിവാര്യമാണ്?

★ഹുദൂർ പറഞ്ഞു:'നിങ്ങൾക്ക് ഒരു പ്രവൃത്തിയും അല്ലാഹുവിൽ നിന്ന് മറച്ചു വെക്കാൻ സാധിക്കില്ല. എന്ത് പ്രവൃത്തി ചെയ്താലും ദൈവം അത് കാണുന്നുണ്ടെന്ന് വിചാരിക്കുക. അല്ലാഹു തആല നല്കിയ അടിസ്ഥാന കാര്യങ്ങളനുസരിച്ച് പ്രവൃത്തിക്കുക. ദൈവത്തെ ആരാധിക്കുക. സദ്സ്വഭാവം സ്വീകരിക്കുക. ജനങ്ങളുടെ അവകാശങ്ങൾ പൂർത്തീകരിക്കുക.സ്വന്തം കൈകളിൽനിന്നും നാവിൽനിന്നും ഇതരരെ സുരക്ഷിതനാക്കുന്ന വ്യക്തിയാണ് മുസ്‌ലിമെന്ന് നബി(സ) തിരുമേനി അരുളിയിരിക്കുന്നു. ഒരിക്കൽ വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ്(അ)നോട് ആരോ ചോദിച്ചു, ഒരു നല്ല അഹ്മദിയാകാൻ ഞാൻ എന്താണ് ചെയ്യേണ്ടത്? എന്താണ് ചെയ്യാൻ പാടില്ലാത്തത്?

വാഗ്ദത്ത മസീഹ്(അ) ഇപ്രകാരം മറുപടി നല്കി: ദൈവം എന്നെ വെളിപാടിലൂടെ ഇപ്രകാരം അറിയിച്ചു. അത് നിങ്ങളോടും പറയുകയാണ്. അല്ലാഹുവിനെ ഭയപ്പെടുക. എല്ലാം ചെയ്യുക.

★ഹുദൂർ പറയുന്നു: അതുകൊണ്ട് ഉന്നതനായ ദൈവത്തെ ഭയപ്പടുകയാണെങ്കിൽ അയാൾ തെറ്റായ പ്രവൃത്തി ചെയ്യുകയില്ല. ചെയ്യാൻ സാധിക്കുകയുമില്ല. അയാൾക്ക് ഒരു നല്ല മുസ്‌ലിമാകാൻ കഴിയും.

★അദ്ദേഹത്തെ ഉപദേശിച്ചുകൊണ്ട് ഹുദൂർ പറഞ്ഞു: ജാമിആയിൽ സ്വന്തം പഠനത്തിൽ ശ്രദ്ധിക്കുക. ദീനി വിദ്യ നേടുക. അഞ്ചു നേര നമസ്കാരവും കൃത്യത പാലിച്ച് നിർവഹിക്കുക. ജമാഅത്തായി നിർവ്വഹിക്കുക. സുബ്ഹിക്കുമുമ്പേ ചുരുങ്ങിയത് രണ്ട് റക്അത്തെങ്കിലും നഫ്ല് നമസ്കരിക്കുക. അത് സ്ഥിര സ്വഭാവമാക്കുക. ഉർദു ഭാഷ പഠിക്കാൻ വേണ്ടി ജമാഅത്തിന്റെ ഏതെങ്കിലും പത്രത്തിൽ നിന്ന് ഒരു പേജ് വായിക്കുക. അൽഫള്ൽ വാരികയുണ്ട് അതിൽനിന്ന് ഒരു പാരഗ്രാഫ് വായിക്കുക. ഹദ്റത്ത് വാഗ്ദത്ത മസീഹ്(അ)ന്റെ ഗ്രന്ഥങ്ങളിൽനിന്ന് എളുപ്പത്തിലുള്ള ഉർദു വായിക്കുക. ദിനേന ഉറങ്ങുന്നതിന്നു മുമ്പേ മൽഫൂദാത്തിൽ നിന്ന് ഒരു പേജ് വായിക്കുക.'

ഗ്വാട്ടിമാലയിലെ ഒരു പുതു അഹ്മദി പറഞ്ഞു: ഞങ്ങൾക്കുവേണ്ടി ദുആ ചെയ്യുക. ഞങ്ങളെ സഹായിക്കുക. ഇരുട്ടുകളിലാണ് ഞങ്ങളുള്ളത്. ദൈവം ഞങ്ങൾക്ക് നേർമാർഗം കാണിച്ചു തരുമാറാകട്ടെ.

★ഹുദൂർ പറഞ്ഞു: ദൈവം നിങ്ങൾക്ക് വഴി കാണിച്ചിരിക്കുന്നു. പ്രകാശത്തിലേക്ക് ആനയിച്ചിരിക്കുകയാണ്. ഇനി ഈ സന്ദേശം മറ്റുള്ളവരിലേക്ക് എത്തിക്കുക എന്നത് നിങ്ങളുടെ ജോലിയാണ്. എന്തൊന്നാണോ തനിക്കുവേണ്ടി ഒരാൾ ഇഷ്ടപ്പെടുന്നത് അത് മറ്റുള്ളവർക്കു വേണ്ടിയും ആഗ്രഹിക്കുക എന്ന് നബി(സ)തിരുമേനി പറഞ്ഞിരിക്കുന്നു. നിങ്ങൾ സ്വന്തത്തിന്നുവേണ്ടി ഇസ്‌ലാമിനെ ഇഷ്ടപ്പെട്ടു. ഇനി ഈ അഹ്മദിയ്യത്തിന്റെ സന്ദേശം ഇതരരിലേക്കും എത്തിക്കുക. ഈ പ്രവൃത്തിയും നിർവ്വഹിക്കാൻ ദൈവം നിങ്ങളെ തുണക്കട്ടെ..

ഒരു പുതു അഹ്മദി വനിത പറയുന്നു: ഞാൻ താങ്കൾക്ക് നന്ദി പറയാൻ ആഗ്രഹിക്കുന്നു. അമേരിക്കയിൽ നിന്ന് ഇവിടെ ഡോക്ടേഴ്സ് വരുന്നു. ജമാഅത്തിന്റെ മെഡിക്കൽ ക്യാംപ് നടക്കുന്നു. ഒരു സ്കൂളും തുറന്നിരിക്കുന്നു. ഇവിടെ വളരെ ആവശ്യങ്ങളുണ്ട്:

അമീർ സാഹിബ് ഗ്വാട്ടിമാല: ഹ്യൂമാനിറ്റി ഫസ്റ്റ് അമേരിക്കയുടെ കീഴിൽ മസ്റൂറ് സ്കൂൾ പ്രവർത്തന ക്ഷമമാണ്.

★ഹുദൂർ: സ്കൂളിനെ നിലനിറുത്തുക. നമ്മ ൾ ഈ സേവനം ചെയ്തു വരുന്നുണ്ട്. നമുക്കെ വിടയെല്ലാം സേവനം ചെയ്യാൻ സാധിക്കുമോ അവിടെയെല്ലാം നമ്മൾ ചെയ്തു വരുന്നു. വാഗ്ദത്ത മസീഹ് (അ) ഖാദിയാനിൽ വളരെയധികം രോഗികളെ നോക്കാറുണ്ടായിരുന്നു. മരുന്നും കൊടുക്കുമായിരുന്നു. പാവപ്പെട്ട സ്ത്രീകൾ സംഘങ്ങളായി വരുമായിരുന്നു. അദ്ദേഹം അവരെ ചികിത്സിക്കുമായിരുന്നു. ആരോ അദ്ദേഹത്തോട് പറഞ്ഞു: ഇപ്രകാരം അങ്ങയുടെ നല്ലൊരു സമയം നഷ്ടമാകുമല്ലോ? അപ്പോൾ വാഗ്ദത്ത മസീഹ്(അ) പറഞ്ഞു: ഇവർ പാവപ്പെട്ട സ്ത്രീകളാണ്. ഇവിടെ ചികിത്സയുടെ ആവശ്യമുണ്ട്. അടുത്ത് മരുന്ന് കടകളൊന്നുമില്ല. അതുകൊണ്ട് ഞാൻ മരുന്നുകൾ വരുത്തിച്ച് വെക്കാറുണ്ട്. ഇത് അവരുടെ ചികിത്സക്ക് പ്രയോജനപ്പെടുന്നു.'

★ഹുദൂർ പറയുന്നു:'ഇതേ പ്രവൃത്തിയാണ് നാമും തുടരേണ്ടത്. എല്ലാ ഇടത്തും നമ്മൾ ഇത് ചെയ്തു വരുന്നു. നമ്മൾ വേറെയും സ്കൂളും ആശുപത്രിയും തുറക്കുന്നതാണ്.'

ഒരു വനിത പറയുന്നു:'ഹുസൂർ നമ്മുടെ നാട്ടിലെത്തിയതിൽ വളരെ നന്ദി പറയുന്നു.ഇന്നെന്റെ മകന് വരാൻ സാധിച്ചില്ല. അവന്ന് ജോലിയിൽ നിന്ന് ലീവ് കിട്ടിയില്ല. അവന് കംപ്യൂട്ടർ സയൻസ് പഠിച്ചിട്ടുണ്ട്. അവന്നും ജാമിയാ അഹ്മദിയ്യായിൽ ചേരണമെന്നാണ് എന്റെ ആഗ്രഹം.

★ അപ്പോൾ ഹുദൂർ ആ സ്ത്രീക്ക് ഒരു പേന നല്കി. എന്നിട്ട് പറഞ്ഞു: 'ഇത് സ്വന്തം മകന് കൊടുക്കുക.'

ഒരു വനിത പറഞ്ഞു: ഹുദൂർ ഞങ്ങൾ സ്ത്രീകൾക്കുവേണ്ടി എന്തെങ്കിലും ഉപദേശം നല്കിയാലും.

★ ഹുദൂർ: മാതാവിന്റെ കാൽകീഴിൽ സ്വർഗമുണ്ട്. നബി(സ)തിരുമേനി സ്ത്രീകൾക്ക് വളരെ വലിയ സ്ഥാനമാണ് നല്കിയിട്ടുള്ളത്. ഒന്നാമതായി സ്ത്രീകൾ ഗർഭം ധരിക്കുമ്പോൾ വളരെ ബുദ്ധിമുട്ടുകൾ സഹിക്കുന്നു. പിന്നീട് പ്രസവസമയത്ത് കഷ്ടപ്പാടുകൾ വഹിക്കുന്നു. കുട്ടി ജനിച്ചശേഷം കുട്ടിയുടെ പരിപാലനം. അവരുടെ ഈ കാലഘട്ടവും വളരെ പ്രയാസങ്ങളും ബുദ്ധിമുട്ടുകളും നിറഞ്ഞതാണ്. ക്ഷമ പുലർത്തിക്കൊണ്ട് ആ കാലഘട്ടവും കഴിക്കുന്നു. സ്വന്തം മാതാവിനെ സേവിക്കേണ്ടത് അതുകൊണ്ട് തന്നെ മക്കൾക്ക് നിർബന്ധമാണ്. സ്വർഗത്തിലെത്താൻ മക്കൾക്ക് മാതാവിനെ സേവിക്കേണ്ടി വരുമെന്ന് നബി(സ)തിരുമേനി പറഞ്ഞിരിക്കുന്നു. കുട്ടികളുടെ ജനനത്തിനു ശേഷം അവരുടെ ഏറ്റവും വലിയ സേവനം മാതാക്കളാണ് നിർവഹിക്കുന്നത്. അതുകൊണ്ടാണ് മാതാവിന് ഇത്ര വലിയ സ്ഥാനം നല്കപ്പെട്ടിരിക്കുന്നത്. സ്വർഗത്തിൽ പോകാൻ മാതാക്കളെ സേവിക്കുക എന്ന് കുട്ടികളോട് കല്പിച്ചിരിക്കുന്നു. മറുഭാഗത്ത് മാതാക്കളുടെ മേൽ ഈ ഉത്തരവാദിത്വം ഇട്ടിരിക്കുന്നു: നിങ്ങളുടെ കാല്പാദത്തിന് കീഴിൽ സ്വർഗം ലഭിക്കണമെങ്കിൽ ശരിയായ രീതിയിൽ മക്കളെ തർബിയ്യത്ത് ചെയ്യുമ്പോൾ മാത്രമായിരിക്കും അത് ലഭിക്കുക. മക്കളുടെ ഏറ്റവും നല്ല തർബിയ്യത്താണ് ഒരു മാതാവിന്റെ ഏറ്റവും വലിയ ഉത്തരവാദിത്വം; മോശമായ സാഹചര്യങ്ങളിൽ നിന്ന് അവരെ രക്ഷപ്പെടുത്തുക. അഹ്മദിയ്യത്ത് സ്വീകരിച്ചിരിക്കുന്നുവെങ്കിൽ മക്കളെ ദീൻ പഠിപ്പിക്കുക. അവരെ യഥാർഥ ആരാധന നിർവഹി

## ഹദീഥുന്നബ്‌വി (സ):

***സ്വന്തം കൈകൊണ്ടു സമ്പാദിച്ച ഭക്ഷണത്തെക്കാൾ ഉത്തമമായ ഒരു ഭക്ഷണവുമില്ല.***
***(സ്വഹീഹ് ബുഖാരി, കിതാബുൽബുയൂഅ്)***

**ത്വാലിബെ ദുആ**
**P.Abdul Ameer**
**Sadr, Ahmadiyya jama'ath Pathapiriyam (Kerala)**

## കലാമുൽ ഇമാം:-

**സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:**
**"അല്ലാഹുവിനോടുണ്ടാകേണ്ട സത്യസന്ധത, കൂറ്, ആത്മാർഥത, സ്നേഹം അല്ലാഹുവിലുള്ള സമർപ്പണം ഒന്നും ഇല്ലാതായിപ്പോയിരിക്കുന്നു."(മൽഫൂദാത്ത് വാല്യം 6 പേജ് 352)**

**ത്വാലിബെ ദുആ:**
**Members of lajna Imayillah,**
**Ahmadiyya jama'ath Mathottam (Kerala)**

ക്കുന്നവരാക്കുക. ഉന്നത സ്വഭാവമുള്ളവരാക്കുക. വാഗ്ദത്ത മസീഹും സൂചിപ്പിച്ച ഒരു സംഭവമുണ്ട്. ഒരു കുട്ടി ചെറുപ്പത്തിലേ കളവ് നടത്താറുണ്ടായിരുന്നു.ശേഷം കളവ് നടത്തുക എന്നത് അവന്റെ ശീലമായിതീർന്നു. വലുതായപ്പോൾ അവൻ കള്ളനായി മാറി. പിന്നീട് അവൻ കൊലപാതകിയായി മാറി. അവസാനം അയാൾ പിടിക്കപ്പെട്ടു. തൂക്കിക്കൊല്ലാനുള്ള വിധി അയാൾക്കെതിരെ വന്നു. ശിക്ഷ നടപ്പിലാക്കുന്നതിന്നു മുമ്പേ നിന്റെ അവസാനത്തെ ആഗ്രഹമെന്താണെന്ന് അയാളോട് ചോദിക്കപ്പെട്ടു. എന്റെ അവസാനത്തെ ആഗ്രഹം എന്റെ മാതാവിന്റെ നാവ് നക്കണമെന്നാണെന്ന് അയാൾ പറഞ്ഞു. അങ്ങനെ മാതാവ് വിളിക്കപ്പെട്ടു. മകൻ മാതാവിന്റെ അടുക്കലേക്ക് വന്നു. അവൻ വളരെ ശക്തമായി മാതാവിന്റെ നാവ് കടിച്ച് രണ്ട് തുണ്ടമാക്കി. അപ്പോൾ ജനങ്ങൾ അവനെ അക്രമി എന്ന് വിളിച്ച് ആക്രോഷിച്ചു. നിങ്ങൾ ജീവിത കാലം മുഴുവനും അക്രമിയായി ജീവിച്ചു .ഇപ്പോൾ തൂക്കിക്കൊല്ലാൻ വിധിക്കപ്പെട്ടപ്പോൾ മാതാവിനെ ദുഖിപ്പിച്ചിട്ട് പോകുകയാണ്. അപ്പോൾ അയാൾ പറഞ്ഞു: ഞാൻ മാതാവിന്റെ നാവ് കടിച്ചു മുറിക്കാൻ കാരണം ഞാൻ കളവ് നടത്താറുള്ളപ്പോൾ ജനങ്ങൾ പരാതിയുമായി മാതാവിന്റെ അടുത്ത് വരുമ്പോൾ അവർ അത് മറച്ചു പിടിക്കുമായിരുന്നു; കുഴപ്പമൊന്നുമില്ലെന്ന് എന്നോട് പറയുകയും ചെയ്യും. അന്ന് ഇവർ എനിക്ക് കാര്യം മനസ്സിലാക്കി തന്നിരുന്നുവെങ്കിൽ എനിക്ക് ശരിയായ ശിക്ഷണം നല്കിയിരുന്നവെങ്കിൽ ഇന്ന് ഞാൻ കള്ളനായി മാറുമായിരുന്നില്ല. കഴുമരത്തിലേറേണ്ടി വരുമായിരുന്നില്ല. ഞാൻ മാതാവിന്റെ നാവിനെ കടിക്കാൻ കാരണം ഇവർ എനിക്ക് തർബിയ്യത്ത് നല്കുകയായിരുന്നില്ല. മറിച്ച് എന്റെ ജീവിതത്തെ തകർക്കുകയായിരുന്നു.

അഹ്മദി മാതാക്കൾ തങ്ങളുടെ മക്കൾക്ക് നല്ല തർബിയ്യത്ത് കൊടുക്കുന്നവരായിരിക്കണം. നന്മയുള്ളവരും ആരാധനയുള്ളവരുമാകണം. രാജ്യത്തിന് സേവനം ചെയ്യുന്നവരാകണം. നിങ്ങളുടെ യുവസമൂഹം രാജ്യത്തിന്റെ പുരോഗതിക്കുവേണ്ടി തങ്ങളുടെ പങ്ക് നിർവഹിക്കുന്നവരാകണം.

മെക്സിക്കോയിലെ ചിയാപ്പ(Chiapa)യിൽ നിന്ന് വന്ന ഒരു വനിത പറഞ്ഞു: ഞാൻ ഇന്ന് ബയ്അത്ത് ചെയ്യാൻ ആഗ്രഹിക്കുന്നു.

★ ഹുദൂർ: ബയ്അത്ത് ഫോറം പൂരിപ്പിച്ച് ബയ്അത്ത് ചെയ്യുക.

തുടർന്ന് ഗ്വാട്ടിമാല അമീർ സാഹിബിനോട് ഹുദൂർ പറഞ്ഞു: മഗ്രിബ് ഇശാഅ് നമസ്കാരത്തിനു ശേഷം ബയ്അത്തിന്റെ പ്രോഗ്രാം വെക്കാൻ കഴിയുമെങ്കിൽ വെക്കുക.

കൂടിക്കാഴ്ചാ പ്രോഗ്രാമിന്നൊടുവിൽ ഹുദൂർ എല്ലാവരോടുമായി പറഞ്ഞു: 'അല്ലാഹു നിങ്ങളുടെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ.'

**ബെലീസ്(Belize) സംഘത്തിന്റെ ഹുദൂറുമായി കൂടിക്കാഴ്ച:**

തുടർന്ന് ബെലീസിൽ നിന്നുള്ള 21 വ്യക്തികൾ അടങ്ങുന്ന സംഘത്തിന്ന് ഹുദൂറു മായി കൂടിക്കാഴ്ച നടത്താനുള്ള ഭാഗ്യം കിട്ടി. ഹുദൂർ ഒരു പുതു അഹ്മദി സ്ത്രീയോട് അന്വേഷിച്ചു: അഹ്മദിയ്യത്ത് ലഭിച്ചതിനുശേഷം നിങ്ങൾക്കെന്താണ് കിട്ടിയത്? ദൈവത്തെ ലഭിച്ചോ? ദീൻ കിട്ടിയോ?

അവർ പറഞ്ഞു: ജമാഅത്ത് ആവശ്യക്കാർക്കുവേണ്ടി ചെയ്യുന്ന സേവനങ്ങളും സഹായങ്ങളും എന്നെ വളരെയധികം സ്വാധീനിച്ചു.

★ ഹുദൂർ: ഞങ്ങൾ എല്ലാ സ്ഥലങ്ങളിലും ആവശ്യക്കാരെ സഹായിക്കുന്നുണ്ട്. പൊതുജന സേവനത്തിനുവേണ്ടി നമ്മുടെ വിവിധ പരിപാടികൾ നടന്നു വരുന്നു.

അവർ പറഞ്ഞു: ഞാൻ രണ്ട് വർഷം മുമ്പേ ബയ്അത്ത് ചെയ്തു.ഇപ്പോൾ ഞാൻ മറ്റുള്ളവർക്ക് തബ്ലീഗ് ചെയ്തു കൊണ്ടിരിക്കുന്നു. സന്ദേശം എത്തിച്ച് കൊണ്ടിരിക്കുന്നു. അഹ്മദിയ്യാ കമ്യൂണിറ്റി വളരെ നല്ല സമൂഹമാണ്. എന്നാൽ ചിലർക്ക് ജമാഅത്തിനെ കുറിച്ച് നിഷേധാത്മക ചിന്താഗതിയുമുണ്ട്.

★ ഹുദൂർ: മീഡിയ ഇസ്‌ലാമിനെ വളരെ അപകീർത്തീകരമായി ചിത്രീകരിച്ചിരിക്കുകയാണ്. ഇസ്‌ലാമിനെ മോശമായി അവതരിപ്പിച്ചു കൊണ്ടിരിക്കുന്നു.ഇതു കാരണത്താൽ ചിലർ ഇസ്‌ലാമിനെ കുറിച്ച് നിഷേധാത്മക ചിന്താഗതി വെച്ചു പുലർത്തുന്നു.

ഒരു അഹ്മദി വനിത ഖദീജ സാഹിബയും സംഘത്തിലുണ്ടായിരുന്നു. ഹുദൂർ അവരോട് പറഞ്ഞു: നിങ്ങൾ യു.കെ ജൽസയിൽ വന്നിരുന്നല്ലോ?

ഖദീജ സാഹിബ: 2015-ലെ യു. കെ. ജൽസയിൽ പങ്കെടുത്തിരുന്നു. ഞാൻ ലജ്നയിൽ തബ്ലീഗിന്റെ ഇൻചാർജാണ്. സ്ത്രീകൾ ബയ്അത്ത് ചെയ്ത് അഹ്മദിയാകാറുണ്ട്. എന്നാൽ അവർക്ക് ചില പ്രയാസങ്ങളുണ്ട്. ചില പ്രശ്നങ്ങളുണ്ട്.

★ ഹുദൂർ: ബെലീസിൽ ബയ്അത്ത് ചെയ്യുന്നവരെല്ലാം പ്രാദേശിക വ്യക്തികളാണ്. അവിടെ പാക്കിസ്താനികൾ ആരുമില്ല അപ്പോൾ പിന്നെ അവരെ അടുപ്പിക്കുന്നതിനും ആകർഷിക്കുന്നതിനും എന്ത് പ്രശ്നമാണുള്ളത്? അവർക്ക് ഇസ്‌ലാമിന്റെ അധ്യാപനം പറഞ്ഞു കൊടുക്കുക. അവരുടെ പ്രശ്നങ്ങൾക്ക് ഇസ്‌ലാമിക അധ്യാപനമനുസരിച്ച് പരിഹാരം കാണുക. മുസ്‌ലിമായതിന്റെ ലക്ഷ്യമെന്താണ്? ദൈവവുമായി അടുക്കുക. ഉന്നതസ്വഭാവ ഗുണങ്ങൾ സ്വീകരിക്കുക. നിങ്ങൾക്ക് കഠിനാധ്വാനം ചെയ്യേണ്ടിവരും. അവരെ സംസ്കരിച്ച് എടുക്കേണ്ടിവരും. പരിശീലനം കൊടുക്കേണ്ടി വരും.ഞാൻ ദുആ ചെയ്യുന്നതാണ്. നിങ്ങൾ തബ്ലീഗ് ചെയ്യുക. സുശക്തരായ അഹ്മദികളാക്കി മാറ്റുക. തബ്ലീഗ് ഒരു തുടർച്ച ആവശ്യപ്പെടുന്ന ജിഹാദാണ്. വലിയ പരിശ്രമത്തിന്റെ ആവശ്യമുണ്ട്. ഒരു രാത്രി കൊണ്ട് ഹൃദയത്തിൽമാറ്റം വരില്ല. ആരുടേയും മനസ്സിനെ മാറ്റാൻ കഴിയുകയില്ല. ഒരു നീണ്ട ശ്രമമാണിത്. ദൈവം എല്ലാ അഹ്മദിയേയും സഹായിക്കട്ടെ.

ഹുദൂർ: ബെലീസിൽനിന്ന് കൂടതുലും സ്ത്രീകളാണ് വന്നത്. പുരുഷന്മാർ വന്നില്ല. സ്വന്തം ഭർത്താക്കന്മാരേയും യുവാക്കളേയും കുട്ടികളേയും കൊണ്ട് വരേണ്ടതായിരുന്നു. അവരുടെ വിശ്വാസവും ദൃഢമുള്ളതാക്കണം.

ഒരു വനിത പറഞ്ഞു: കഴിഞ്ഞ നാലുവർഷമായി ഞാൻ അഹ്മദിയാണ്.

★ ഹുദൂർ: വരുന്ന വർഷ യൂ കെ ജൽസയിൽ വരാനുള്ള തയ്യാറെടുപ്പ് നടത്തുക.

അവർ പറഞ്ഞു: ഞങ്ങൾക്കൊരു അപേക്ഷയുണ്ട്. ബെലീസിലെ മസ്ജിദ് നിർമാണം പൂർത്തിയാകുമ്പോൾ അതിന്റെ ഉൽഘാടനത്തിന് ഹുദൂർ വരണം.

★ ഹുദൂർ: ഇൻശാഅല്ലാഹ്. നിർമാണം പൂർത്തിയാകുമ്പോൾ ഞാൻ വരാൻ ശ്രമിക്കുന്നതാണ്.

ശേഷം ബെലീസിൽനിന്ന് വന്ന 4 പ്രാദേശിക പെൺകുട്ടികൾ കോറസിന്റെ രൂപത്തിൽ 'ഹെദസ്തെ ഖിബ്ല നുമാ ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന പദ്യം ആലപിച്ചു.

★ ഹുദൂർ: എം. ടി. എ ടീമിനെ വിളിച്ചു വരുത്തി അത് റെക്കോർഡ് ചെയ്യിച്ചു.

★ ഹുദൂർ: നിങ്ങൾ ആലപിച്ച രീതി എനിക്ക് ഇഷ്ടപ്പെട്ടു. അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. ഇനി നിങ്ങൾ ഈ പദ്യത്തിന്റെ അർഥവും പഠിക്കുക.നിങ്ങളുടെ മിഷണറിയോട് ഇതിന്റെ അർഥം പഠിപ്പിക്കാൻ പറയുക.

കനഡയിലെ റജൈന ജമാഅത്തിലെ മസ്ജിദ് നിർമിച്ച വ്യക്തികൾ ബെലീസ് മസ്ജിദിന് വേണ്ടിയുള്ള ഒരു പ്ലാനും തയ്യാറാക്കി കൂടെ കൊണ്ടു വന്നിരുന്നു. അവർ ഹുദൂറിന്റെ സന്നിധിയിൽ അത് അവതരിപ്പിച്ചു. ഹുദൂർ അത് ലണ്ടനിലേക്കയക്കാൻ നിർദേശിച്ചു.അവിടെ പരിശോധിച്ചതിനു ശേഷം എന്ത് ചെയ്യണമെന്ന് പറയാമെന്നും ഹുദൂർ അറിയിച്ചു.

കൂടിക്കാഴ്ചക്കൊടുവിൽ എല്ലാവർക്കും ഹുദൂറുമൊത്ത് വെവ്വേറെ ഫോട്ടോ എടുക്കാനും അവസരം ലഭിച്ചു. ഈ പ്രോഗ്രാം 7.30 വരെ നീണ്ടുനിന്നു.

**മെക്സിക്കോ(Mexico),ഹോൺഡുറാസ് (Honduras), ഇക്വഡോർ(Ecuador), പാനമ, പരാഗ്വേ, കോസ്റ്ററിക്ക, എൽസാൽവഡോർ സംഘങ്ങളുമായി ഹുദൂറിന്റെ കൂടിക്കാഴ്ച**

മെക്സിക്കോയിൽനിന്ന് 34 പോരടങ്ങുന്ന സംഘമാണ് എത്തിയത്. അവരിൽ കൂടുതലും പുതിയ അഹ്മദികളായിരുന്നു. ചിലർ അനുഭാവികളുമാണ്. മെക്സിക്കോയിലെ മൂന്ന് ജമാഅത്തുകളായ മെക്സിക്കോ സിറ്റി, ക്വുറേടോറോ(Queretaro), മെരിഡ(Merida) എന്നീ ജമാഅത്തുകളിൽനിന്നാണ് എത്തിയത്. 30 മണിക്കൂർ റോഡു മാർഗമുള്ള യാത്രയായിരുന്നു.

ഹോൺഡുറാസിൽനിന്നും 10 പേരും ഇക്വഡോറിൽ നിന്ന് 8 പേരടങ്ങുന്ന സംഘവും ഗ്വാട്ടിമാലയിലെത്തി. പാനമ, കോസ്റ്ററിക്കയിൽനിന്ന് മൂന്ന് പേർ വീതവും എൽസാൽവഡോർ, പരാഗ്വേ എന്നിവടങ്ങളിൽ നിന്ന് നാലുപേർ വീതവും എത്തി. ഇന്നത്തെ ഹുദൂറുമായുള്ള കൂടിക്കാഴ്ചയിൽ ഇവരെല്ലാം പങ്കെടുത്തു.

ഒരു പെൺകുട്ടി പറഞ്ഞു: കുടുംബ ജീവിതം

**അല്ലാഹുവിന്റെ കലാം:**

**'നിങ്ങൾ മനഃപൂർവം സത്യത്തെ അസത്യവുമായി കലർത്തുകയും സത്യം മറച്ചു വെക്കുകയും ചെയ്യരുത്.'**
**(2:43)**

ത്വാലിബെ ദുആ:
K.Muhammad Shareef & Family
Ahmadiyya Jama-ath Vaniyambalam, Kerala.

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**'ഭൗതികശക്തികൾ ഇസ്‌ലാം-അഹ്മദിയ്യത്തിനെ തെല്ലും ഭയപ്പെടേണ്ട ആവശ്യമില്ല. എല്ലാ രൂപത്തിലും ഞങ്ങൾ ഒരു ആത്മീയ ജമാഅത്താണ്.'**
**(ഡന്മാർക്ക് പര്യടനം, ചോദ്യോത്തരം 2016 മെയ് 18)**

ത്വാലിബെ ദുആ:
P.P. Nasiruddin , Ahmadiyya Jama-ath Kannur Town, Kerala.

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian
Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2017-2019 Vol-4 Thursday 28 November 2019 Issue-48

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

വളരെ പ്രധാനപ്പെട്ടതാണ്. ചില സ്ത്രീകൾക്ക് വീട്ടിൽ സമയം നല്കാൻ സാധിക്കാറില്ല. ഞാൻ വിവാഹിതയാണ്. പഠിച്ചു കൊണ്ടും ഇരിക്കുന്നു. ജോലിയും ചെയ്യാൻ ആഗ്രഹിക്കുന്നു. എനിക്കിപ്പോൾ കുട്ടികളില്ല.

★ഹുദൂർ: എന്റെ വെള്ളിയാഴ്ച ഖുതുബകൾ കേൾക്കുക. ഞാൻ അധികവും മാതാപിതാക്കളുടെ ഉത്തരവാദിത്വത്തെ കുറിച്ച് ശ്രദ്ധ ക്ഷണിക്കാറുണ്ട്. പുതിയതും പഴയതുമായ അഹ്മദികൾ ഖിലാഫത്തുമായി ബന്ധപ്പെട്ടിരിക്കേ ണ്ടത് അനിവാര്യമാണ്. ശക്തമായ ബന്ധം നിലനിർത്താൻ ശ്രമിക്കുക. സംസ്കരണത്തിന് ഏറ്റവും ഉത്തമമായത് മാതൃകയാണ്. ഏതുവരെ വീട്ടിൽ, സ്വന്തം സ്വഭാവത്തിൽ സ്വന്തം പ്രവൃത്തിയിൽ ശീലങ്ങളിൽ മാതൃകകൾ സ്ഥാപിക്കുന്നില്ലയോ കുട്ടികളുടെ ശരിയായ തർബിയ്യത്ത് നടക്കു കയില്ല. കുട്ടി വലുതാകുമ്പോൾ മാതാപിതാക്കളോടുള്ള തന്റെ പിതാവിന്റെ പെരുമാറ്റം ശരിയല്ലായെന്ന് കാണുമ്പോൾ കുട്ടിയുടെ വീക്ഷണത്തിൽ മോശമായ സ്വാധീനമായിരിക്കും അത് സൃഷ്ടിക്കുക. സത്യം പറയണമെന്ന് പിതാവ് പറയുകയും എന്നാൽ, സ്വയം സത്യം പറയാതിരിക്കുകയും ചെയ്യുമ്പോൾ തനിക്ക് തെറ്റായ ശിക്ഷണമാണ് നല്കുന്നതെന്ന് കുട്ടി പറയും. സ്വയം ഒന്ന് ചെയ്യുന്നു, തന്നോട് മറ്റൊന്ന് പറയുന്നുവെന്ന് കുട്ടി പറയും. കുട്ടികളുടെ ശിക്ഷണത്തിന് മാതാപിതാക്കളുടെ കർമം നന്നായിരിക്കേണ്ടതുണ്ട്. അവരുടെ ശീലങ്ങൾ നല്ലതായിരിക്കണം. സൽസ്വഭാവം കാണിക്കണം.

പാനമയിൽ നിന്ന് വന്ന ഒരു പുതു അഹ്മദി പറഞ്ഞു: 'ഹുദൂറിന് നന്ദി പറയാൻ ആഗ്രഹിക്കുന്നു. ഞാൻ വളരെ രോഗിയായിരുന്നു. പ്രോസ്റ്റേറ്റിന്റെ(Prostate) ബുദ്ധിമുട്ടുണ്ടായിരുന്നു. ഹുദൂറിന്റെ തിരുസമക്ഷത്തിൽ ദുആക്ക് അപേക്ഷിച്ചു കൊണ്ടിരുന്നു. ഇപ്പോൾ എന്റെ ഓപ്പറേഷൻ കഴിഞ്ഞു. തികച്ചും ആരോഗ്യവാനാണ്.'

★ഹുദൂർ പറഞ്ഞു: 'അൽഹംദുലില്ലാഹ്.(എല്ലാ സമ്പൂർണസ്തുതിയും അല്ലാഹുവിനാണ്.) ഉന്നതനായ അല്ലാഹു ശിഫാ നല്കി.

ഹോൻഡുറാസിൽ നിന്ന് വന്ന ഒരു പുതു അഹ്മദി പറഞ്ഞു: 'ഞാൻ ബയ്അത്ത് ചെയ്ത് ഒരു വർഷമാകുന്നു. വീട്ടുകാരുടെ ഭാഗത്തുനിന്നും എന്റെ സുഹൃത്തുകളുടെ ഭാഗത്തുനിന്നും എനിക്ക് എതിർപ്പുണ്ട്. ഞാൻ അന്തർ ദേശീയ നിയമം പഠിക്കുകയാണ്. എന്റെ വിവാഹം കഴിഞ്ഞിട്ടില്ല. എനിക്ക് ഉർദുവും ഇംഗ്ലീഷും പഠിക്കാൻ ആഗ്രഹമുണ്ട്.

★ഹുദൂർ: 'അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ.'

പരാഗ്വേയിൽനിന്ന് ഡെപ്യൂട്ടി മിനിസ്റ്റർ ഓഫ് എജ്യൂക്കേഷൻ റോബർട്ട് ക്യാനോയും (Robert Cano) എത്തിയിരുന്നു. അദ്ദേഹം ഡെപ്യൂട്ടി മിനിസ്റ്റർ ഓഫ് റിലീജ്യനുമാണ്. അദ്ദേഹം ഹുദൂറിനോട് പറഞ്ഞു: 'ഗ്വാട്ടിമാലയിൽ വന്നതിന്റെ ഒരു ലക്ഷ്യം മിനിസ്റ്ററി ഓഫ് എജ്യൂക്കേഷന്റെ ഭാഗത്തു നിന്നുള്ള ഒരു ലെറ്റർ സമർപിക്കാനാണ്. നമ്മുടെ തഅലീം ഡിപ്പാർട്ട്മെന്റ് ഭാവിയിൽ അഹ്മദിയ്യാ ജമാഅത്തുമായി ചേർന്ന് പ്രവർത്തിക്കാനാഗ്രഹിക്കുന്നു.'

അദ്ദേഹം ഈ ലെറ്റർ ഹുദൂറിന്റെ കൈയിൽ സമർപിച്ചു.

ഒരു പുതിയ അഹ്മദി ചോദിച്ചു: 'ഇപ്പോൾ ഭൗതീകത വളരെ കൂടുതലാണ്. ഒരു പുതു വിശ്വാസിക്ക് ഈ അന്തരീക്ഷത്തിൽ സ്വയം എങ്ങനെ നന്നാകാൻ സാധിക്കും.

★ഹുദൂർ: 'ദൈവത്തിലേക്ക് ചായുക. ആരാധനകളിലേക്ക് ശ്രദ്ധിക്കുക. ഇസ്ലാമിക അധ്യാപനങ്ങൾ അനുസരിച്ച് പ്രവർത്തിക്കാൻ ശ്രമിക്കുക. ഉന്നതസ്വഭാവഗുണങ്ങളുടെ നിലവാരം ആർജിക്കാൻ ശ്രമിക്കുക. അപ്പോൾ മാത്രമേ ഉന്നതനായ ദൈവത്തിന്റെ തൃപ്തി നേടി എടുക്കാൻ സാധിക്കുകയുള്ളൂ. വാഗ്ദത്ത മസീഹ്(അ) പറയുന്നു: 'ഞാൻ വന്നതിന്റെ ഉദ്ദേശ്യം സൃഷ്ടികളെ ദൈവവുമായി അടുപ്പിക്കാനാണ്. വന്നു പോയിട്ടുള്ള അകൽച്ച ഇല്ലാതാക്കാനാണ്.'

അഞ്ചു നേര നമസ്കാരം നമസ്കാരത്തിൽ ദൈവത്തെ നിങ്ങൾ കാണുന്നില്ലെങ്കിൽ തന്നെയും ദൈവം നിങ്ങളെ കാണുന്നു എന്ന രീതിയിൽ നിർവ്വഹിക്കുക. ഇപ്രകാരം തന്നിൽ വിനയം ഉണ്ടാകുന്നു.

★ഹുദൂർ: 'എല്ലാ ദിവസവും തന്നെപ്പറ്റി വിലയിരുത്തിക്കൊണ്ട് കഴിച്ചു കൂട്ടുക. താൻ എത്ര പുരോഗതി നേടിയെന്ന് വിലയിരുത്തുക. ഏതെല്ലാം തിന്മകൾ ഉപേക്ഷിച്ചുവെന്നും ഏതേതെല്ലാം നന്മകൾ സ്വീകരിച്ചുവെന്നും നോക്കുക. ദീനിന്റെ വികാരങ്ങൾ ഉൾക്കൊള്ളണം. ഇതു തന്നെയാണ് ഉത്തമമായത്.

മെക്സിക്കോയിൽ നിന്ന് വന്ന ഒരു യുവ ഖാദിം പറഞ്ഞു: 'ഞാൻ ഖുദ്ദാമുൽ അഹ്മദിയ്യാ ഖാഇദാണ്. ഞങ്ങളുടെ ചില തബ്ലീഗ് പരിപാടി നടന്നു വരുന്നുണ്ട്. അവയുടെ വിജയത്തിനു വേണ്ടി ദുആക്കപേക്ഷിക്കുന്നു. ഞങ്ങൾക്ക് തിരിച്ച് 28 മുതല് 30 മണിക്കൂർ മടക്കയാത്രയുണ്ട്. അതിന്നു വേണ്ടിയും ദുആക്ക പേക്ഷിക്കുന്നു.'

★ഹുദൂർ: 'അല്ലാഹു നിങ്ങളുടെ എല്ലാ ആഗ്രഹങ്ങളും പൂർത്തിയാക്കിത്തരട്ടെ. നന്മകളിൽ മുൻകടക്കാൻ സഹായിക്കട്ടെ.'

ഖുദ്ദാമുൽ അഹ്മദിയ്യാ ഖാഇദ് ഹുദൂറിന്റെ കൈയിൽ മെക്സിക്കോയുടെ പതാക സമർപിച്ചു. ഹുസൂർ മേശപ്പുറത്തുള്ള ഗിഫ്റ്റ് ബാഗിന്റെ സമീപത്ത് നാട്ടി വെച്ചു. എന്നിട്ട് പറഞ്ഞു: 'പതാക തന്നാൽ അതിനെ നാട്ടി നിറുത്തേണ്ടതുണ്ട്.'

മെക്സിക്കോയിൽ നിന്നു വന്ന ഒരു പുതു അഹ്മദിയുടെ ചോദ്യത്തിന്ന് ഹുദൂർ ഇപ്രകാരം മറുപടി നല്കി: 'അവസാനകാലത്ത് മസീഹും മഹ്ദിയും അവതരിക്കുമെന്നും നിങ്ങൾ അദ്ദേഹത്തിന്റെ അടുത്ത് എത്തണമെന്നും എന്റെ സലാം അദ്ദേഹത്തിന്ന് എത്തിക്കണമെന്നും നബി(സ)തിരുമേനി പറഞ്ഞിട്ടുണ്ടായിരുന്നു. അതേ പ്രകാരം നബി(സ)തിരുമേനിയുടെ പ്രവചനം അനുസരിച്ച് വാഗ്ദത്ത മസീഹ് അവതീർണരായി. മഹ്ദീ മസീഹാണെന്ന വാദം പുറപ്പെടുവിച്ചു. ജനങ്ങൾ അദ്ദേഹത്തെ സ്വീകരിച്ചില്ല. അദ്ദേഹത്തിനെതിരെ മതവിധി പുറപ്പെടുവിച്ചു. തുടക്കത്തിൽ ചില വ്യക്തികൾ അദ്ദേഹത്തെ സ്വീകരിച്ചു. പിന്നീട് ക്രമേണ എണ്ണം വർധിച്ചു വന്നു. ഇന്ന് ഈ എണ്ണം കോടിക്കണക്കിലായി കഴിഞ്ഞു. മെല്ലെ മെല്ലെ നമ്മൾ വർധിച്ചു വരുന്നു.

മുസ്ലിമീങ്ങളുടെ വൻ വിഭാഗം നമ്മുടെ ജമാഅത്തിൽ വരുമെന്ന് നമുക്ക് പ്രതീക്ഷയുണ്ട്. എപ്പോൾ ഇത് നടക്കുമെന്ന് അറിയില്ല. എന്നാൽ തീർച്ചയായും ഇത് സംഭവിക്കുന്നതായിരിക്കും. താൻ മൂസവി മസീഹിന്റെ ചുവടിലാണ് വന്നിട്ടുള്ളതെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞിരുന്നു. മൂസവി മസീഹിന്റെ സന്ദേശം മൂന്ന് നൂറ്റാണ്ടുകൊണ്ടാണ് വ്യാപിച്ചത്. അവിടന്ന് പറഞ്ഞു: മൂന്നൂറ് വർഷം കഴിയുന്നതിന്നു മുമ്പേതന്നെ ലോകത്തിലെ ഭൂരിപക്ഷംപേരും അഹ്മദിയ്യത്ത് സ്വീകരിക്കുന്നതായിരിക്കും. ഇപ്പോൾ 130 വർഷം കഴിഞ്ഞു. നിങ്ങൾ പ്രതീക്ഷിക്കുക. ഇൻശാ അല്ലാഹ് ലോകം സ്വീകരിക്കുന്നതായിരിക്കും. ഇപ്പോൾ മുല്ലാക്കമാരുടെ ഭാഗത്തു നിന്നും ജമാഅത്തിന്റെ എതിരാളികളുടെ ഭാഗത്തു നിന്നും എല്ലാ ഭാഗത്തു നിന്നും എതിർപുണ്ട്. എന്നാൽ, നമ്മൾ നമ്മുടെ പണിയെടുക്കുന്നു. ഇൻശാ അല്ലാഹ് ഇതിന്റെ ഫലം ഒരു ദിവസം നിങ്ങൾ കാണുന്നതായിരിക്കും.

അവസാനം മെക്സിക്കോയിലെ ലജ്നകളും പെൺകുട്ടികളും ചേർന്ന് സ്പാനിഷ് ഭാഷയിൽ ഒരു പദ്യം ആലപിച്ചു. ശേഷം എല്ലാ അഹ്മദി പുരുഷന്മാർക്കും കുട്ടികൾക്കും ഹുദൂർ ഹസ്തദാനം ചെയ്തു. 08.15–ന് ഹുദൂർ ഓഫീസിലേക്ക് മടങ്ങി. അവിടെ ഫാമിലി കൂടിക്കാഴ്ച നടന്നു. മിഷണറിമാരും ചില പ്രാദേശിക വ്യക്തികളും കുടുംബത്തോടൊപ്പം ഹുദൂറിനെ കണ്ടു. എല്ലാവർക്കും ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനുള്ള ഭാഗ്യവും ലഭിച്ചു.

### ബയ്അത്ത് പരിപാടി.

പിന്നീട് 8.45 ന് ഹുദൂർ മസ്ജിദിൽ വന്നു. മഗ്രിബ് ഇശാ നമസ്കാരം ജംആക്കി നമസ്കരിപ്പിച്ചു. നമസ്കാരത്തിനുശേഷം ബയ്അത്ത് പരിപാടി നടന്നു. ഈ അവസരത്തിൽ വിവിധ രാജ്യങ്ങളിൽനിന്നു വന്ന എല്ലാ പുതിയ അഹ്മദികളും പഴയ അഹ്മദികളും ഹുദൂറിന്റെ പരിശുദ്ധ കരങ്ങളിൽ ബയ്അത്തു ചെയ്തു. അവസാനം ഹുദൂർ ദുആ ചെയ്യിച്ചു.

അതിനുശേഷം ഹദൂർ ഗ്വാട്ടിമാല മസ്ജിദ് ബയ്ത്തുൽ അവ്വലിൽനിന്ന് താമസസ്ഥലമായ പോർട്ടാ ഹോട്ടലിലേക്കു പോയി. (ബദ്ർ വീക്കിലി 2019 ജനുവരി 31–ഫെബ്രുവരി 07)

(തുടരും)

## കലാമുൽ ഇമാം:–

**സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:**
**"ഏഷ്യയിലേയും യൂറോപ്പിലേയും അമേരിക്കയിലേയും മനസ്സുകളിൽ മലക്കുകളുടെ സൈന്യം ആകാശത്തുനിന്നിറങ്ങുന്നത് നിങ്ങൾ കാണുന്ന കാലം വിദൂരമല്ല, പ്രത്യുത വളരെ അടുത്താണ്."**

**ത്വാലിബെ ദുആ:**
**Members of lajna Imayillah,**
**Ahmadiyya jama'ath Calicut (Kerala)**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin